നിന്നു.....നിയോൺ മുന്നിൽ
നിർവൃതിതൻ
പൊൻകതിർപോലെ

ജീവിതത്തിലെ
ഏറ്റവും മധുരമായ
നിമിഷങ്ങൾക്കെല്ലാം
ഏതോ സുഗന്ധമുണ്ട്
എന്നും
ഓർമ്മയിൽ തങ്ങിനില്ക്കുന്ന
ആ ഗന്ധം.

പിച്ചിപ്പൂവിന്റെ
ഗന്ധമാണോ അതു്?
അതോ
ചെമ്പകപ്പൂവിന്റെയോ?
കൈതപ്പൂവിന്റെയാണോ?
അതുമല്ല,
കണ്ണിൽപ്പെടാത്ത
ഏതോ
കാട്ടുപൂവിന്റെയാണോ?
അതുമല്ലെങ്കിൽ
നന്ദനോദ്യാനത്തിലെ
പാരിജാതത്തിന്റെ
ഗന്ധമാണിതുണ്ടോ?

നിർവൃതിയുടെ
ആ ഗന്ധം
ഇതൊന്നുമല്ല,
ഇതെല്ലാം
ചേരുമ്പോൾ പൂർണ്ണമുമല്ല

അതു
ഡാലിയാ
പൂന്തോട്ടത്തിലിരുന്നു
ഗന്ധമാണ്

ഇഷ്ടംപോലെ
തെരഞ്ഞെടുക്കുക
ഉർവ്വശി
മേനക
തിലോത്തമ

DAHLIA INTERNATIONAL
Manufacturers & Exporters of Quality Agarbathies
P B 136 QUILON KERALA S INDIA

MALAYALANADU WEEKLY, QUILON, SEPTEMBER 24, 1972
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം
ഞാനിതിങ്ങനെ അവസാനിപ്പിക്കുന്നു —കെ. പി ശശിധരൻ 3
ഈ. വി. കൃഷ്ണപിള്ള —അടൂർ രാമചന്ദ്രൻനായർ 18
നിലമ്പൂർ ബാലൻ മികച്ച സ്വഭാവനടൻ —യു. എ ഖാദർ 44

കവിത
ആദ്യരാത്രിയിൽ —മലയത്ത് അപ്പുണ്ണി 15
വീണയും വാളും —ഇയ്യങ്കോട് ശ്രീധരൻ 23

കഥ
എനിക്കും റെനിസെൻബിന്നും ഇടയിൽ —മേതിൽ രാധാകൃഷ്ണൻ 8
മനസ്സിന്റെ മരണം —ലളിതൻ 16
ശീലാവതിയെ കടത്തിവെട്ടിയവൾ —എം. എം. വർഗ്ഗീസ് 26
നീ നീയല്ലായിരുന്നു —നൂറനാട്ട് ഹനീഫ് 36
കഷായം —സുകുമാർ 43
കരുവിയുടെ പതനം —ഗോപിനാഥ് പനങ്ങാട്ട് 52

നോവൽ
അസ്തമനം ഉദയം —ജോസഫ് വൈററില 32

പംക്തികൾ
വായനക്കാരുടെ കത്തുകൾ 2
സാഹിത്യവാരഫലം —എം. കൃഷ്ണൻനായർ 12
വിദ്യാർത്ഥി-യുവജന നേതാക്കളെപ്പററി —ജേക്കബ് മാസ്റ്റർ 40
സങ്കല്പങ്ങളിലെ ഭാര്യ —പി. ജി. സുകുമാരൻനായർ 46
സിനിമ 58
മുഖച്ചിത്രം ഫോട്ടോ: ശിവൻ

പുസ്തകം നാലു് ലക്കം പതിനെട്ട് 1148 കന്നി 9

വായനക്കാരുടെ കത്തുകൾ

മേഘസന്ദേശം

കങ്കുവം വാരികയിൽ തുടരെ പ്രസിദ്ധീകരിച്ചുവരുന്ന മേഘസന്ദേശം എന്ന എന്റെ പദ്യകൃതിയെപ്പററി ശ്രീ. എം. കൃഷ്ണൻനായർ മലയാളനാട്ടിൽ വാരികയിലെ (25-6-72) വാരഫലത്തിൽ ചില പരാമർശങ്ങൾ നടത്തിയിരിക്കുന്നു. അദ്ദേഹം എന്റെ മേഘസന്ദേശത്തെ നിരൂപണം ചെയ്യുമ്പോൾ അതിലെ അദ്ദേഹത്തെ ഏഴു പദ്യങ്ങൾ മാത്രമേ കങ്കുവത്തിൽ വന്നിരുന്നുള്ളു പക്ഷേ, അദ്ദേഹത്തിന്ന് എന്ത്നധികം? ഇനി വരാനിരിക്കുന്ന ആറിപ്പുരം പദ്യങ്ങളുൾപ്പെടെ ആ കൃതിയെ ആകെ സാകല്യമായി നിരൂപണംചെയ്ത് ഇതാ ഒറ്റയടിക്കു പൊട്ടിച്ചു കയ്യിൽ തന്നിരിക്കുന്നു. അഥവാ, വാരഫലപ്രവാചകനായ അദ്ദേഹം എന്തിനു പുസ്തകാന്തരം വായിച്ചു അതു നിരൂപണം ചെയ്യുവാൻ.

അതു് എന്തുകൊണ്ടു. അഷ്ടമത്തിൽ ഗുളികൻ നിന്ന എനിക്കു കിട്ടിയ വാരഫലമിങ്ങനെയായിരുന്നു. അദ്ദേഹം വിവർത്തനത്തിൽനിന്നും രണ്ടു വരികൾ ഉദ്ധരിച്ചു. അതിനു നേരെതാഴെ മൂലകൃതിയിൽ (ഞാൻ വിവർത്തനത്തിനു സ്വീകരിച്ചതല്ല) നിന്നും രണ്ടു വരികൾ ചേർത്തു പിന്നെ ഒട്ടും അമാന്തിച്ചില്ല. കാളിദാസന്റെ എല്ലു പെറുക്കാൻ അദ്ദേഹം നേരെ ലങ്കയിലേക്കു പോവുകയും ചെയ്തു. എല്ലുകൾ കഴിച്ചെടുക്കുന്നതു് അദ്ദേഹത്തിനു വളരെ ഇഷ്ടമാണെന്നു തോന്നുന്നു. ഇതിനുമുമ്പും അദ്ദേഹം കാളിദാസസഞ്ചയനം നടത്തിയിട്ടുണ്ട്.

മേഘസന്ദേശത്തിനു പല പാഠഭേദങ്ങളുണ്ട്. ചില പാഠങ്ങളിൽ പദങ്ങൾക്കു മാത്രമല്ല വാക്യങ്ങൾക്കുപോലും മാ

(ശേഷം 63 ൽ)

"പ്രപഞ്ചം എന്റെ പഞ്ചേന്ദ്രിയങ്ങളേയും ദേവി ഉണർത്തി; ഹൃദയത്തെ ചുംബിച്ചു ഉടിപ്പിച്ചു. ഞാൻ മധുരമായ ഒരപൂർവ്വാനുഭവംകൊണ്ടു സന്തോഷിച്ചു കരഞ്ഞുപോയി.. സർവോപരി അമ്മയുടെ സ്നേഹാർദ്രമായ കണ്ണുകൾ എന്നെ തഴുകി. ഒരു പടലിന്റെ വെളിച്ചം ഒരു കവിൾ നിറച്ചിറക്കാനും സംജീവനമായ അന്തർദീക്ഷാമൃതത്തിന്റെ ഒലിവിൽ തുടിച്ചാനന്ദനിർഭരനും എത്ര കൗതുകതുന്ദിലയാണെന്നോ, പൂക്കൾ കണ്ണുതുറക്കുന്നതു്. ക്ഷണികതാബോധമോ പരിണാമശീലമോ അവയെ അലട്ടുന്നില്ല അവ ആലോചിക്കുന്നില്ല, വിഷാദിക്കുന്നില്ല."

നാട്ടും കൂട്ടും

എന്ന

ഒന്നാമദ്ധ്യായത്തോടെ

അടുത്തലക്കത്തിൽ

ആരംഭിക്കുന്നു!

മഹാകവി ജി യുടെ

ആത്മകഥ!

ഓർമ്മയുടെ ഓളങ്ങളിൽ

കെ. പി. ശശിധരൻ

ഞാനിയിടെ അല്പം മൗനിയായിട്ടുണ്ട്. സമ്മതിക്കുന്നു ഒരു ചെറിയ മൗനവ്രതം. അത്രതന്നെ. വല്ലപ്പോഴൊരിക്കലെങ്കിലും, അല്പമൊന്ന് ഇരുന്നാലോചിക്കണ്ടതല്ലേ, ഒരാൾ?

ഞാനോ? ഞാൻ ഓടിനടന്നു വിപ്ലവം പ്രസംഗിക്കുകയായിരുന്നു. സാഹിത്യത്തിൽ വിപ്ലവം വരണം. സാഹിത്യകാരൻ വിപ്ലവകാരിയാണ്. എന്നിങ്ങനെ ആർക്കും പറയാവുന്ന കുറെ വാചകങ്ങൾ. സാഹിത്യകാരൻ അങ്ങനെയാണ്, ഇങ്ങനെയാണ്, സാഹിത്യകാരൻ അങ്ങനെ എഴുതിയാൽ പോര, ഇങ്ങനെ എഴുതിയേ മതിയാകൂ എന്നു കൂവിവിളിച്ചു പറഞ്ഞു്, പ്രസംഗിച്ചു്, പ്രസംഗിച്ചു്, പകലുകൾ നഷ്ടപ്പെട്ടു, അതെ, എം. ടി. വാസുദേവൻനായരുടെ ഭാഷയിൽ പറഞ്ഞാൽx പുഷ്പാർച്ചനചെയ്യപ്പെട്ടേ കഴിമാടങ്ങൾ. ഞാൻ എന്റെ അമ്മയുടെയും വല്ല്യച്ഛന്റെയും അപ്പൂപ്പന്റെയും കഴിമാടങ്ങളുടെ മുമ്പിൽനിന്നാണ് വി. കെ. എൻ. എന്ന എന്റെ സ്നേഹിതന്റെ ഭാഷയിൽ. (പയ്യന്റെ ഭാഷയിൽ) പറഞ്ഞാൽ, ഗുരുകാരണോൻമാരെ സ്മരിച്ചു പറമ്പിന്റെ തെക്കേഅററത്ത്. തെക്കുതെക്ക് ഒരു തെക്കേക്കുമയിലെ തെക്കേഅററത്തുള്ളോരു പറമ്പിന്റെ തെക്കേ അററത്തുള്ള ഒരു പറമ്പിൽ ഞാൻ ഇവിടെനിന്നു സത്യംചെയ്യാം. നമ്മുടെ സാഹിത്യത്തിൽ ഇന്നു സകലമാന ജനങ്ങൾക്കും പയ്യന്മാർക്കും ജീവിതവേദാന്തമായി നിഷേധ്യം, തെററാണ് എന്നു ഞാൻ പറയും. പറഞ്ഞിട്ടുണ്ട്; ഇനിയും പറയും. ഒരു കൈ നോക്കാൻ ഞാൻ ഇന്നും തയ്യാറാണ് എന്നു സാരം. എന്നാലും, എന്നാലും സത്യമുണ്ടല്ലോ, സാഹിത്യകാരൻ ഇന്നതരത്തിൽ എഴുതണമെന്നു കണ്ണിൽ കണ്ടവരെല്ലാം ആഹ്വാനം നടത്തുന്നതുകൊണ്ടു മാത്രം ഗുണവും കേൾക്കുന്നവർക്കോ പറയുന്നവർക്കോ ഇല്ലെന്ന് എനിക്ക് ഒട്ടൊക്കെ ബോധ്യംവന്നിരിക്കുന്നു. ഇങ്ങനെയൊക്കെ ചെയ്യുന്നതുകൊണ്ടു് പ്രയോജനമുണ്ട് എന്നു പലരും കരുതിട്ടുണ്ട്. ഇല്ലെന്നും പറഞ്ഞിട്ടുണ്ടാ

യിരിക്കും വല്ലവരും. എനിക്കവരുടെ കഥയിൽ താല്പര്യമില്ല. പ്രസംഗത്തിൽ തീരെ താല്പര്യമില്ലാതായിരിക്കുന്നു.

ഞാൻ ഈയിടെ അല്പസ്വല്പം ചില കാര്യങ്ങളെക്കുറിച്ചു് അല്പസ്വല്പമായി

---

xനഷ്ടപ്പെട്ട പുരുഷസൗന്ദര്യം എം. ടി യുടെ കൃതികളിൽ ഇന്നും കവിതയായി, ഒരോർമ്മക്കുത്തായി, പൂവു പോലുള്ള ഒരോർമ്മയായി

ആലോചിച്ചു. ആരാണു ഷെല്ലി? ആരാണ് യൂറിപ്പിഡീസ്? ആരാണീ ദാന്തേ. ഈ ബൈറൺ ആരാണ്? ഓഡൻ ആരാണ്? സ്പെൻഡറാരാണ്? ആന്ദ്രേമാൽറോ ആരാണ്? കസൻസാക്കിസാശാൻ ആരാണ്, ക്വാമുവും നീഷേയും ആരാണ്? ഇവരൊക്കെ, ഇവരെപ്പോലെ നമ്മുടെ പ്രിയപ്പെട്ട നമ്മുടെ സഖാവ് കുമാരനാശാൻ,‡ നമ്മുടെ പ്രിയപ്പെട്ട ആശാൻ, ആശാനുശേഷം മുണ്ടശ്ശേരി, എം. പി. പോൾ, കുറിപ്പുഴ സാറ്, തകഴി, പൊൻകുന്നം വക്കി, പി. സി. കുട്ടിക്കൃഷ്ണനും, ബഷീറും, എം. ടി. യും, കാക്കനാടനും, മാധവിക്കുട്ടിയും—ഇടശ്ശേരി ചങ്ങമ്പുഴയും വള്ളത്തോളും; പിന്നെ നമ്മുടെ പ്രിയപ്പെട്ട ജിയും, ഇടശ്ശേരിയും വൈലോപ്പിള്ളിയും; എൻ. വി. കൃഷ്ണവാരിയരും; പിന്നെ എല്ലാവരുടെയും ഇടയിൽ ചെറുകാട്ടും, എൻ. വി. എന്ന കവിയും, കൃഷ്ണവാരിയരെന്ന പത്രാധിപരും, അക്കൂട്ടത്തിലെല്ലാം ഏറ്റവും തലപ്പൊക്കമുള്ള മനുഷ്യനായി മുണ്ടശ്ശേരി എന്ന പ്രഫസർ ലോപ്പസും† ഇക്കാലമത്രയും താന്താങ്ങളുടെ കഴിവിനനുസരിച്ചുള്ള രീതിയിൽ ഇവിടത്തെ വിപ്ലവപ്രസ്ഥാനത്തെ നയിച്ചിട്ടുള്ളവരാണ്. ഇതിഹാസങ്ങളിലെ പരാക്രമികളെപ്പോലെ—ആണുങ്ങളെപ്പോലെ. അവർ വിപ്ലവകാരികളായിരുന്നു. അവർ എന്തു വിപ്ലവത്തിനുവേണ്ടി പടപൊരുതി? ചരിത്രം പറയും. ഒന്നു തീർച്ച, അവർ വിപ്ലവത്തിന്റെ ഭാഗത്തു പാറപോലെ ഉറച്ചു നിന്നവരാണ്. പത്രോസിന്റെ പാറ ടി. ആറേ, തനിക്കു തന്റെ സ്വത്വത്തിന്റെ impersonal മുഖപടിയാണിതു്. സാഹിത്യകാരൻ വിപ്ലവത്തിന്റെ ഭാഗത്താണ്. അവൻ വിപ്ലവത്തിന്റെ വിജയത്തിനുവേണ്ടി തന്നാലാകുന്നതു ചെയ്യും. മുന്നൂറത്തരം ചെയ്യും. തീർച്ച പക്ഷേ, സാഹിത്യകാരന്റെ ജോലി സാഹിത്യം സൃഷ്ടിക്കുക എന്നുള്ളതു മാത്രമല്ല സാഹിത്യത്തിൽ കഥാപ്രസംഗം നടത്തുകയല്ല സാഹിത്യകാരന്റെ ജോലി. സാഹിത്യകാരന്റെ ജോലി എഴുതുക എന്നുള്ളതു മാത്രമാണ്. സാഹിത്യകാരന്റെ സമൂഹത്തോടുള്ള കടമ ഇതാണ്. അവൻ മനുഷ്യക്കേവണ്ടി എഴുതണം. അപ്പോൾ x

തൽക്കാലത്തേക്കു വളരെ കുറച്ചുമാത്രം. ഇവിടെ ഇവിടെ എന്റെ നേരേ പാഞ്ഞടുക്കുന്ന വെളിച്ചപ്പാടുകളെ ഞാൻ കാണുന്നുണ്ട്. അതെ, അവരുടെ മുമ്പിൽ നിന്നുകൊണ്ട്, അവരോടായി സംസാരിക്കുമ്പോൾ മുമ്പെന്നപോലെ ഇനിയും ഞാൻ സാഹിത്യകാരന്റെ കടമ സാഹിത്യം സൃഷ്ടിക്കുകയാണെന്നുതന്നെയേ പറയുകയുള്ളൂ, അതു തീർച്ചയാണ്.

പക്ഷേ, ഒരു കാര്യം

ലോകത്തിലുള്ള സാഹിത്യമെഴുത്തുകാരെന്നും, സാഹിത്യാസ്വാദകരെന്നും സാഹിത്യവിമർശകന്മാരെന്നും പല പേരിൽ അറിയപ്പെടുന്ന സകലമാന സാഹിത്യകാരന്മാർക്കും ജനനേതാക്കൾക്കും ഈ. എം. എസ്. നമ്പൂതിരിപ്പാടിനോളമോ, സഖാവ് പി. ഗോവിന്ദപ്പിള്ളയോളമോ, എനിക്കു വളരെ പ്രിയപ്പെട്ട സഖാവ് നായനാരോളമോ വിവരം ഇല്ലെന്നാണ് എന്റെ വിശ്വാസം. ഞാൻ എന്റെ ഗുരുനാഥന്മാരുടെ മാത്രം പേരേ തൽക്കാലം പറയുന്നുള്ളൂ—

ഇപ്പോൾ മങ്കൊമ്പിലമ്മയുടെ മുമ്പിൽ തൊഴുകൈയുമായി നില്ക്കുന്ന എന്റെ ടി. ആർ. സാറിനോടും, രാമനാഥയ്യർസാറിനോടും, കേശവപ്പണിക്കർസാറിനോടും, പാപ്പിസാറിനോടും, തകഴിച്ചട്ടനോടും, മാസ്റ്ററേട്ടനും, ഈ. പി. നാരായണപിള്ള സാറിനോടും, ചാത്തുണ്ണിമാസ്റ്ററോടും, പി. ഗോവിന്ദപ്പിള്ളച്ചേട്ടനോടും ഞാൻ വളരെ കൃതജ്ഞനാണ്. അവരുടെയൊന്നും അയൽപക്കത്തുകൂടിയെങ്കിലും പോയിട്ടില്ലാത്ത വലിയ വലിയ വമ്പന്മാർ നിന്നുകൊണ്ടു ജോസഫ് മുണ്ടശ്ശേരിയെപ്പോലെ പ്രസംഗിക്കുന്നതു നമ്മൾ കേട്ടിട്ടുണ്ട്. നമുക്കതു നിറുത്തിക്കളയാം. വിരോധമില്ല.

പക്ഷേ, എന്നാലും പറഞ്ഞേ മതിയാകൂ, ഇവിടത്തെ അനുഭവം. നമ്മുടെ കോളേജുകളിൽ കുറെ നാളത്തേക്കുകൂടി അത്തരം പ്രസംഗങ്ങൾ ആവശ്യമാണ്. തീർച്ച. തലമുടി വളർത്തിയും വളർത്താതെയും നടക്കുന്ന നമ്മുടെ മുണ്ഡനം ചെയ്യപ്പെട്ട കാക്കനാടന്മാരുണ്ടെന്നു കരുതാൻ ഞാൻ തയ്യാറില്ല...അവരിൽ കുറെ കുട്ടികൾക്കെങ്കിലു, ആരെങ്കിലും പലതും പറഞ്ഞുകൊടുക്കേണ്ടതു് ആവശ്യമാണ്.

പ്രസാദിന് ഒരുപക്ഷേ, അതു് ആവശ്യമില്ലായിരിക്കും. അവൻ ക്ലാസിൽ വന്നിരിക്കണമെന്നൊന്നും നിർബന്ധമില്ലല്ലോ. അവന് ആകെ പഠിപ്പിച്ചുകൊടുക്കേണ്ട കാര്യമില്ല അവനു വിവരമുണ്ട്. പക്ഷേ, എല്ലാ പയ്യന്മാരും ഉണ്ടോ മൗലികപ്രതിഭ. സ്വതന്ത്രചിന്തയുള്ള കുട്ടികൾ കുറയെങ്കിലും ഇവരുടെ കൂട്ടത്തിലുണ്ട് എന്നു സമ്മതിച്ചുകൊണ്ടുതന്നെ ഇവിടെ വായനയും പഠനവും ഇനിയും അധികമധികം ഉണ്ടാവേണ്ടിയിരിക്കുന്നു. കമുവിനെയും, ഗുന്തർഗ്രസ്സിനെയും ഇഷ്ടപ്പെട്ട പാവങ്ങൾ. രാമുവിന്റെ പാവങ്ങളിലെ ജി. ശങ്കരപ്പിള്ളമാരുടെ ഭാഷ അവരുടെ ഭാഷ അവരുടെ. എനിക്ക് അവരുടെ ഭാഷ അന്യമല്ല.

എന്നാലും ഒന്നുകൂടി പറയട്ടെ—അവർ എനിക്കന്യരല്ല.

പിന്നെങ്ങനെയാണ് അവരുടെ ഭാഷ എനിക്കന്യമാകുന്നതു്? അവരെന്റെ കൂടെപ്പിറപ്പുകളാണ്: വഴിതെററി അലയുന്ന പതിനായിരങ്ങളുടെ നാദം, അവരതു രേഖപ്പെടുത്തിയിരിക്കുന്നു. വക്കിസാറിനുശേഷം ഉഗ്രൻ, ഉശിരൻ, എൻ. എൻ. പിള്ള. രാമചന്ദ്രൻ ചിരിക്കുന്നു. രാജൻ എന്തോ പറയുന്നു, രാജൻ. അതെ, മാതൃഭൂമി രാജൻ ഉഗ്രൻ. ആളുഗ്രനല്ലേ ഒറിജിനൽ അണ്ണൻ. വാസുഅണ്ണൻ. അതെ, സഖാവ് കളർകോട്ട് വാസുദേവൻനായർ, നരേന്ദ്രപ്രസാദിന്റെ ഗുരു, വാസുദേവൻനായർ, എന്റെ കൊച്ചുകൊച്ചു പ്രിയപ്പെട്ട പ്രിയപ്പെട്ട വലേട്ടന്മാരിലൊരാൾ, ഞാൻ വേണുവിനെ കാണുന്നു. വേണുവായിരുന്നു,വിനസ്സായിരുന്നു, ആദ്യം പറഞ്ഞതു്: "മോഷ് കുറെ നാളത്തേക്കു വിശ്രമിക്കണം " സഖാവു വിനസ് വേണുവേട്ടൻ. അതേ, വേണുവോ? അവരോടാണ് എന്തായാലും ഇനി കുറെ നാളത്തേക്കു ഞാൻ സംസാരിക്കുക. ഒരുപക്ഷേ, എനിക്ക് അവരേയും എന്റെ മാമൻമാമ്മനെയും തമ്മിൽ രഞ്ജിപ്പിക്കാൻ കഴിഞ്ഞേക്കുമെന്നാണ് എന്റെ വിശ്വാസം. രാമൻമാമ്മൻ, രാമൻമാമ്മനെക്കുറിച്ച് ഒത്തിരി പറയാനുണ്ട്. കൃഷ്ണൻമാമ്മനെക്കുറിച്ചും x എന്റെ രാമൻമാമ്മനെ നിങ്ങളറിയും. "വഷളായി നടക്കുന്ന മക്കളെക്കുറിച്ച് പരാതിപറഞ്ഞു നടക്കുന്നവരെ നിങ്ങൾ കണ്ടിട്ടില്ലേ, അക്കൂട്ടത്തിൽ ഒരാളാണ് എന്റെ രാമൻമാമ്മൻ. ബൈബിളിലെ, ആ മുത്തച്ഛൻ. യെരെമിയാവിനെപ്പോലെ, മാർക്സിനെപ്പോലെയും കാർലൈലിനെപ്പോലെയും മുണ്ടശ്ശേരിമാസ്റ്ററെപ്പോലെയും ഡോക്ടർ രാസ്കുട്ടൻനായർസാറിനെപ്പോലെയും x കുട്ടിതരായിരുന്ന യുവാക്കൾ, അവരിപ്പോൾ എവിടെയാണ്? ഞാൻ വെറും ഒരു കണ്ണിയാണ്. ഒരു വെറും കണ്ണി. ഒരു വളയം എനിക്ക് എന്റെ ജോലി നിർവഹിക്കാതിരിക്കുന്നു പററുകയില്ല. അതുകൊണ്ടു തൽക്കാലത്തേക്കു് ഇങ്ങനെ പറഞ്ഞുനിറുത്തുന്നു.

സാഹിത്യകാരൻ സാഹിത്യകാരനാണ്. അതുകൊണ്ടുതന്നെ സാഹിത്യകാരൻ വിപ്ലവകാരി കൂടിയാണ്. അതിന

---

‡ ഓർക്കേണ്ടതല്ലോ, മറേറ ആ എഡിറേറാറിയൽ. നമ്മുടെ പ്രിയപ്പെട്ട, ഏറെ പ്രിയപ്പെട്ട സഖാവ് എം. എൻ. കുറുപ്പെന്ന ഓ എൻ. വി–ചുരുശ്ശേരി സെററിലെ ഉശിരൻ പാട്ടുകാരൻ.

† I mean the Joseph of the fiction of Joseph Mundasseri. അതെ. മുണ്ടശ്ശേരിയുടെ കഥകളും നോവലും. ഞാൻ കരുതുന്നതു് അദ്ദേഹം വിതച്ച വിത്തൊന്നും പാഴ്പ്പുറത്തായിട്ടില്ലെന്നാണ്.

x 'അപ്പോൾ'—കാക്കേകാക്കേ കൂടെവിടെ? ജനയുഗം സ്പെഷ്യൽ 72 സച്ചിദാനന്ദന്റെ ലേഖനം വായിക്കണം.

x ഞാൻ എന്റെ മാമ്മനെക്കുറിച്ചോ, എന്റെ അമ്മയുടെ മാമ്മനായിരുന്ന കള്ളഷാപ്പിൽവച്ചുള്ള ഇംഗ്ലീഷ് വത്തനാനം വാളക്കുസാറും വേലുമ്മാമ്മനും നാരായണപിള്ളസാറും വേലുപ്പിള്ളസാറും കൂടിച്ചേന്ന് ആടിയാൽ എങ്ങനെയിരിക്കുമെന്നു കാണിച്ചുതന്ന മാമ്മനെക്കുറിച്ചോ.

x ഞാനുദ്ദേശിക്കുന്നതു് ഡോ. കെ. ഭാസ്കരൻനായർ എന്ന സാഹിത്യകാരനെയാണ്. ഭാഷയിലുള്ള മിട്ടക്ക് എന്താവാമെന്ന് ഒരിക്കൽ കാണിച്ചു.

സംഖ്യാബലമല്ല, ഇന്ത്യയുടെ ബലം, മറിച്ച്, ആരോഗ്യവും പഠിത്തവും ഏറുന്ന ജനങ്ങളാണ്

കുടുംബം ചെറുതെങ്കിൽ,

ആരോഗ്യമേറിയ കുട്ടികൾ
അഭിവൃദ്ധിയിൽ എല്ലാവർക്കും
കൂടുതൽ പങ്ക്
നല്ല വിദ്യാഭ്യാസത്തിനു കൂടുതലവസരം

ADVT. 72/143

ങ്ങൾ, വിപ്ലവകാരിയായ വിപ്ലവകാരിയെല്ലാം സാഹിത്യകാരനാണ് എന്നല്ല. സാഹിത്യകാരായ സാഹിത്യകാരന്മാരെല്ലാം വിപ്ലവകാരികൾ ആയിരുന്നിട്ടുണ്ട് എന്നുപോലുമല്ല. സത്യത്തിൽ, അവരിൽ അനുഭാവന്മാരും അനുവക്തന്മാരും ഉണ്ടായിരുന്നു.

പക്ഷേ, സാഹിത്യത്തിൽ, ആശയപ്രചാരണത്തിനു വേണ്ടിയുള്ള, ആശയപ്രചാരണം എന്ന മഹത്തായ കർമ്മത്തിന്റെ മഹത്തായ രീതിയിലുള്ള നിർവഹണത്തിനുവേണ്ടി, വെളിച്ചത്തിനുവേണ്ടി, വെളിച്ചം വേണ്ടവർക്കു വെളിച്ചത്തിനും വേണ്ടി ഇൻഡ്യാരാജ്യത്തെ പട്ടിണികിടക്കുന്നവർക്കു ഭക്ഷണം വേണ്ടവർക്കും, ഭക്ഷണത്തിനുവേണ്ടി എന്തും ചെയ്യുന്നവരും വെളിച്ചത്തിനുവേണ്ടി സമരം ചെയ്ത മനുഷ്യരുടെ ബ്ലൂഗ്രായുടെയും ഷെല്ലിയുടെയും സകലമാന പഴയന്മാരുടെയും, അവരുടെ മുത്തച്ഛന്മാരുടെയും അമ്മാവന്മാരുടെയും കുട്ടികളുടെയും മുഴുവൻ അണിയിൽനിന്നു പൊന്തുക, അതാണ് ഞാൻ ഇതുവരെ ചെയ്തതു്. ഇവിടെയാണാശാനേ, ഭൂരിപക്ഷം പ്രശ്നമായി വരുന്നതു്, എന്റെകൂടെ ആകെ മുപ്പത്തഞ്ചുപേരേയുള്ളു. മുപ്പത്തഞ്ചു് (അവിടുത്തെ അപ്പുപ്പനെയും ഇവിടുത്തെ അപ്പുപ്പനെയും, നാരായണപിള്ള സാറിനെയും ടി ആർസാറിനെയുംനിങ്ങളുടെ കഥയെഴുതുന്ന ടി ആറോ, മറേറ രാമചന്ദ്രനോ, വി. രാമചന്ദ്രനോ, അല്ല, സാക്ഷാൽ ടി. ആർ സാറു്. ടി. ആർ. സാറുംകൂടി ഉണ്ടെങ്കിൽ വേണ്ടവർക്കും എന്റെകൂടെ ഉണ്ടു്, ഞാനും എന്റെ ആശാനും ‡ അടക്കം മുപ്പത്തിയാറുപേർ. വെറും മുപ്പത്തിയറുപേർ ഇല്ലാശാനേ ഇവിടെ ആശാൻപോലുമില്ല വി. ബി. സി., എസ്. കെ., കാക്കനാടൻ, ഇവിടെ ഒരുപക്ഷേ, എന്റെകൂടെ ആരുമുണ്ടാവില്ല

ഇവിടെ ഞാൻ മറേറ ആ പുസ്തകമില്ലേ, നമ്മൾ ആശാനും ഞാനും ഒരുമിച്ചിരുന്നു വായിക്കാനുദ്ദേശിച്ച ആ പുസ്തകം വീണ്ടും നിവർത്തുകയാണ് ...V. I. Lenin പണ്ടുപറഞ്ഞതു്, അല്ല, ചോദിച്ചതു്, നിങ്ങൾക്കൊക്കെ സ്വപ്നംകാണാൻ പാർട്ടിക്കുമിററി അനുവാദം തരണമോ ഹരപ്പുകളേ? ഇതു ചരിത്രസംഭവം—ഇതിനു സാക്ഷി ചരിത്രം.

ചരിത്രം കുറിച്ചിക്കാർച്ച എന്റെ പ്രിയപ്പെട്ട മൂന്നു ജ്യേഷ്ഠന്മാർ: സഖാവ് ഈ. കെ. നായനാർ, പി. ഗോവിന്ദപ്പിള്ള, സഖാവ് ചാത്തുമാസ്റ്റർ. മാസ്റ്റർ സാക്ഷിപോലും ആവാൻ ഇടവന്നില്ല. മാസ്റ്റർ പുറത്തു് നിൽക്കുകയായിരുന്നു.

ഞാനിനി കുറച്ചുനാളത്തേക്കു് ഇംഗ്ലീഷിൽ മാത്രമേ വല്ലതും കുത്തിക്കുറിക്കുന്നുള്ളു...തകഴിച്ചേട്ടന്റെ ആധാരവാചകത്തിൽ പറഞ്ഞാൽ കേരളൻ പത്രാധിപൻ മകൻ കെ പി ശശിധരൻ അതുകൊണ്ടു് എന്റെ പ്രിയപ്പെട്ട എസ്. കെ. നായർ, എസ്. കെ; വി. ബി. സി, കാക്കനാടൻ. എം. എൻ; വസുവണ്ണാ, കെ. പി എൻ. രാജപ്പൻ രാജൻ ചെത്തല്ലൂർ, രമേശ്, അത്യന്താധുനികപയ്യാ. നിങ്ങൾക്കു മറുപടി വാസു പറയും പഴയ വാസു. ഇന്നു് കാക്കനാടൻ പറയുന്നു. അതുപോലെ വേറെ പലരും പറയുന്നു. പ്രസാദ് പ്രസാദ് മരങ്ങാട്ടു ഗോപാലകൃഷ്ണനും, ഫരീപ്പാട്ടു ശ്രീകുമാരൻ തമ്പിയും, മുതുകുളം ഗംഗാധരൻ പിള്ളയും, പത്രമാപ്പീസിലെ പേലകൾ അന്വേഷിക്കുകയോ മറേറാ ചെയ്തിട്ടില്ലാത്ത മുതുകുളം ഗംഗാധരൻ പിള്ള മാരും, നിലമ്പേരൂർ മധുസൂദനൻമാരും ടി ആറും, സച്ചിദാനന്ദനും, മുകുന്ദനും. മാധവിക്കുട്ടിയും, എം. ടി. യും തകഴിയും ഇപ്പോഴും സാഹിത്യം എഴുതുന്നുണ്ടു്. ചിത്രം.

ഞാനതായാലും തൽക്കാലത്തേക്കു് കൃഷ്ണൻനായർ സാറെന്ന എന്റെ ഗുരുഭൂതൻ പണ്ടു്, വളരെ പണ്ടു്, നിർദ്ദേശിച്ചതിൻപടി, വേണ്ട ഇന്നലെ സൂചിപ്പിച്ചതിൻപടി മലയാളമെഴുത്തു് ഒന്നു ചെറുതായി നിർത്തിവയ്ക്കുകയാണു്. എനിക്കു മലയാളം വശമില്ല എന്നു് ഇപ്പോൾ

(ശേഷം 56-ൽ)

‡ ഞാനും എന്റെ ആശാനും ഒരുമിച്ചെന്നു്—കുട്ടികളേ, ദാണ്ടേ വായിക്കുമ്പിൻ ദാണ്ടേ കൊള്ളാവുന്ന പാർട്ടിയാണു്.

ദ്വീപിന്നും ഞങ്ങൾക്കും (എനിക്കും റെനിസെൻബിന്നും) ഇടയിൽ ആരോ ഒരു പരവതാനി നിവർത്തി.

സമുദ്രത്തിൻെറ പച്ച നീലനിറമായിരുന്നു പരവതാനിക്ക്.

സമുദ്രത്തിൻെറ തരംഗങ്ങളും മലരികളുംപോലെ നിറഭേദങ്ങളിൽ രൂപങ്ങളും ആകൃതികളും പരവതാനിയിൽ ഉണ്ടായിരുന്നു.

ദ്വീപിന്നും ഞങ്ങൾക്കും (എനിക്കും റെനിസെൻബിന്നും) ഇടയിൽ നീളത്തിൽ നിവർന്നു വീതിയിൽ നിവർന്നു പച്ച നീലസമ്മിശ്രിതത്തിൻെറ വക്കുകൾ ചക്രവാളങ്ങളിൽ തട്ടി പുറകോട്ടു ചുരുളുന്ന ഒരു പരവതാനി.

"ഈ പരവതാനിയുടെ അനുഗ്രഹം വിവരിക്കാൻ എന്നിൽ ചുരുങ്ങിയ ഒരു ഭാഷയും എനിക്കില്ല."

ഞാൻ റെനിസെൻബിലേക്കു സംസാരിച്ചു.

"ഈ പരവതാനി വിരിച്ചവനെ ഞാൻ എത്ര ആദരവോടെയാണു"..."

എനിക്കു പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

റെനിസെൻബിൻെറ നഖം വളർന്ന രണ്ടു വിരലുകളുടെ കത്തിരി ചുണ്ടിലമർന്നു് എൻെറ വാക്കുകളെ മുറിച്ചുകളഞ്ഞു.

"മടയൻ!"

റെനിസെൻബ് വിലയിരുത്തി.

ആകാശത്തെ പകുത്തുനീങ്ങുന്നുണ്ടായിരുന്ന വിമാനത്തിൻെറ നിഴൽ മുകളിൽ വീഴുമ്പോൾ ക്ഷണനേരം അഞ്ജനമെഴുതിക്കൊണ്ടു് അവൾ വൃഗ്രതയോടെ അഭിപ്രായപ്പെട്ടു:

"പരവതാനി വിരിച്ചവനെ ഈ നിമിഷം നീ മറക്കണം. ഏതു ദേവാലയത്തിലാണു്, രാജധാനിയിലാണു് പരവതാനി വിരിക്കുന്നവന്നു പ്രാധാന്യം അനുവദിച്ചുകിട്ടിയിട്ടുള്ളതു്!"

റെനിസെൻബിൻെറ കണ്ണുകളിൽ അഞ്ജനമെഴുതിയ നിഴൽ കഴുകൻെറ ചിറകിൽനിന്നു ഊർന്നുവീണതാവണം എന്നോർത്തു ഞാൻ മുകളിലേക്കു കണ്ണുകളയച്ചു.

നിഴലിൻെറ ചിറകുകൾ വിമാനത്തിൻേറതുതന്നെയായിരുന്നു.

കഴുകൻെറ ചിറകിൽനിന്നല്ലാതെ ഈ പ്രാക്തനരോഷത്തിൻെറ തിളക്കം ഇവളുടെ ആകസ്മികതായ മഷിക്കൂട്ടിനു് എങ്ങനെ കിട്ടി!

എൻെറ വ്യതിരിക്തതയെയും മൃതുവെയും കനലിപ്പിക്കുന്ന ഈ മഷിക്കൂട്ടിൻെറ നീലിമയ്ക്കു പിന്നിൽ എണ്ണമററ ആകാശങ്ങളുടെ ദുശ്ചരിതമുണ്ടായിരിക്കണം: ഇമകളുടെ ചിമ്മിത്തുറക്കലിൽ ചിറകിട്ടടിക്കാൻ വെമ്പുന്ന ഒരുപാടു മേഘങ്ങളുടെ മൃഗയാലീലകൾ.

"പക്ഷേ, റെനി..."

വിമാനത്തിൻെറ നിഴൽ അവളുടെ കണ്ണുകളിൽ മഷിക്കൂട്ടായ ആ ഒരു ക്ഷണം വിമാനത്തിൽനിന്നു കഴുകനിലേക്കുള്ള

ചെറുകഥ

മേതിൽ രാധാകൃഷ്ണൻ

ദൂരമാണെന്നു് എനിക്കു തോന്നിത്തുടങ്ങുകയായിരുന്നു.

"...സെൻബ്, നിനക്കറിയില്ലേ?— സൂര്യനോടടുക്കുമ്പോൾ ഭൂമിയെ മുഴുവൻ മൂടുന്നൊരു കറുത്ത പരവതാനിയുണ്ടാക്കാൻ കഴുകൻെറ ഒരൊററ തൂവലിന്നു് കഴിയും."

"കഴുകൻ?!"

ആശ്ചര്യത്തിൽ, അമർഷരോഷത്തിൽ, ഇമകളുടെ ചിറകടി നിൽക്കെ വെയിലിൽ ഓളങ്ങളാകുന്ന കണ്ണുകളോടെ (ആശ്ചര്യത്തെക്കുറിച്ചു്, രോഷത്തെക്കുറിച്ചു്, കണ്ണുകളുടെ ആകൃതിയിലല്ലാതെ പില്ലാലത്തു ചിന്തിക്കാൻ കഴിയാത്ത രീതിയിൽ) റെനിസെൻബ് ഊക്കെ ചിന്തിച്ചു:

"കഴുകനെക്കുറിച്ചു ഞാനതിനെന്തു പറഞ്ഞു?"

"നീ പറഞ്ഞില്ല! ഓ. നീ പറയുകയില്ലല്ലോ," ഞാൻ പറഞ്ഞു. "പക്ഷേ, റെനിസെൻബ് കഴുകനെക്കുറിച്ചു ഞാൻ പറഞ്ഞു."

ചുണ്ടുകൾ കൂട്ടിയ ക്ഷണം ഒരു തൂവൽ പോലെ മലഞ്ചെരിവിലേക്കു വീഴുന്ന ഓർമ്മ ഞാൻ പിടിച്ചെടുത്തു.

"പക്ഷേ, കഴുകനെക്കുറിച്ചു നീ പറഞ്ഞിരുന്നു..."

ഞാൻ തുടർന്നു:

"...ദ്വീപിലായിരുന്നപ്പോൾ, ഒരുദിവസം ആ മലഞ്ചെരിവിലിരിക്കുമ്പോൾ..."

...ബദാം ഇലകളുടെ ഓട്ടകളിളകിയ ചോച്ചയിലൂടെ ഉച്ചവെയിൽ ഇററുവീണ മാറിടത്തിലെ ചേലകാന്തിയിൽ വാന്നുപോകുമ്പോൾ...

...ബദാം ഇലയുടെ ചുവന്ന വിശറി കൊണ്ടു ചിലപ്പോൾ വിശറ്റാററിയും ചിലപ്പോൾ നാണം മറച്ചും തണലിൽ കിടക്കുമ്പോൾ...

ബദാം ശാഖകളിൽനിന്നും മോചനമില്ലാതെ പച്ചയും ചുവപ്പും നിറത്തിൽ ഇ

ലകൾ ചിറകുകളിലേയ്ക്കു ചിറകിട്ടടിക്കുമ്പോൾ, പ്രേതബാധിതമായ ഒരു ഗൃഹത്തിന്നുവേണ്ടി ഈജിപ്തിലെ പുരോഹിതൻ ചൊല്ലിയ...

«നിന്റെ പുരോഹിതന്റെ പ്രാർത്ഥനയെന്താണു റെനിസെൻബ്?»

—ഹാ, ഐസിസ്!

—പ്രതാപിയായ ഐന്ദ്രജാലികാ!

—എന്നെ അഴിച്ചുവിട്ടു.

—ചുവപ്പും തീനയുമായ എല്ലാററിലും നിന്നു്.

—ഒരു ദേവന്റെ, ഒരു ദേവിയുടെ പ്രഹരത്തിൽ നിന്നു്.

—മൃതപുരുഷനിൽ, മൃതസ്ത്രീയിൽ, നിന്നു്.

—എന്നെ എതിർക്കുന്ന പുരുഷനായൊരു ശത്രുവിൽ നിന്നു സ്ത്രീയായൊരു ശത്രുവിൽനിന്നു്.

—എന്നെ രക്ഷിക്കൂ.

«ബദാം ഇലകളിൽ ചുട്ടുകിടന്നു പ്രാർത്ഥന ഉരുവിട്ടപ്പോൾ ഒരു പ്രത്യേക കഴുകനെക്കുറിച്ചു നീ പറഞ്ഞു.»

റെനിസെൻബ് അതേയതു മറെറാന്നായി സമ്മതിച്ചു.

«ചെറിയ കുട്ടിയായിരിക്കുമ്പോൾ വരച്ച ഒരു ചിത്രം ഞാൻ ഓർമ്മിച്ചതായിരുന്നു; നീ കുട്ടിക്കാലത്തു് വരയ്ക്കാത്ത ഒന്നും പിൽക്കാലത്തു് നിന്നെ വേട്ടയാടുന്നില്ല. ശൈശവം, ബാല്യം, ജാലകങ്ങൾ തുറന്നു കൊടുക്കുന്ന പ്രായമാണു്...അല്ലെങ്കിൽ നോക്കൂ—ഇതാ, ഈ കാററു് ചെറുപ്പത്തിൽ നാം ഒരേ സമയത്തു തുറന്ന ജാലകങ്ങളിലൂടെയാണു് വീശുന്നതു്...»

റെനിസെൻബ് പിന്നെയും പറഞ്ഞു: ഞാൻ വരച്ച ആ കടലാസു് അതുപോലെ ഒരു ജാലകമായിരുന്നു; ഞാൻ വരച്ച ചിത്രം അതിഥിയുടെ രൂപം ആദ്യം ജാലകത്തിലൂടെ പ്രത്യക്ഷപ്പെടുന്നതുപോലെ എന്റെ സ്വീകരണമുറിയുടെ കണ്ണാടിച്ചട്ടത്തിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട എന്റെ കഴുകനായിരുന്നു; ഒരിക്കൽ അവിടെയെത്തുന്നതോടെ, എന്റെ പകൽസ്വപ്നങ്ങളുടെ പ്രാതലുകൾക്കും അത്താഴങ്ങൾക്കുമരികിൽ സ്ഥലംപിടിക്കാൻ, എന്റെ ക്ഷണമോ, സ്വന്തമായൊരു വിശപ്പുപോലുമോ അതിന്നു് ആവശ്യമില്ല. എന്നിൽ അതു് സ്ഥിരമായി എന്നു പറയുമ്പോൾ അതിന്റെ ശക്തിയെക്കുറിച്ചു് നീ അമ്പരക്കേണ്ടതില്ല; അതു്, സ്വാഭാവികമായും അശക്തനായിരുന്നു; ഓർക്കുക, എന്റെ ഞാമ്പുകളുടെ നൂലാമാല അതിനു വിമോചനമില്ലാത്ത വല നെയ്യുകയായിരുന്നു; അതിൽ കിടപ്പുമുറിമുതൽ കിപ്പുമുറിവരെ അതു് നിരന്തരമായി. നിങ്ങളുടെ ഒരുതരം മഴവില്ലുഭാഷയിൽ തിളക്കമുള്ള ചില കാമധാരകളെ പകൽസ്വപ്നം എന്നു വിളിക്കുന്നു; പകലിൽ കൺമിഴിച്ചിരിക്കെ ഞെട്ടിപ്പിക്കുന്ന സ്വപ്നങ്ങൾക്കു്, രാത്രികളിൽ ഉറങ്ങുംമുൻപു തലമുടി അഴിഞ്ഞുവീഴുന്ന പേടിസ്വപ്നങ്ങൾക്കു്, എന്തു പേരാണു് നിങ്ങൾ നൽകുക! ഉദാഹരണത്തിന്നു്, ഞാൻ വരച്ച കഴുകൻ, ഒരുദിവസം രാവിലെ...

"കഴുകൻ നിന്റെ ബാധയോ നീ കഴുകന്റെ ബാധയോ ആകട്ടെ; കുട്ടിക്കാലത്തു് ഞാൻ ഒരിക്കൽപ്പോലും ബദാമിന്റെ ചിത്രം വരച്ചിട്ടില്ല; പനയുടെ ചിത്രം വരച്ചതു് ബദാമിന്റെ ചിത്രമായിപ്പോകുക എന്ന പഴയ ഫലിതംപോലും ഞാനറിഞ്ഞിട്ടില്ല," ഞാൻ പറഞ്ഞു. "ആ ബദാമിനെ എനിക്കു മറക്കാൻ കഴിഞ്ഞെങ്കിൽ!"

«എന്തിനു്?»

«നിന്റെ ചിത്രവും കുട്ടിക്കാലത്തു് ഞാൻ വരച്ചിട്ടില്ല.»

റെനിസെൻബ് ആവർത്തിച്ചു:

«ബദാമിനെ മറക്കുന്നതെന്തിനു്?»

«ബദാമിന്റെ ചുവട്ടിൽവെച്ചാണു് നീ എന്നെ നശിപ്പിച്ചതു്....»

...ശാഖകളിൽ കാററുമറിക്കുന്ന ചുവന്ന ഏട്ടുകളിലേക്കു നോക്കി, ഖാർത്തം കാരനായ പൂർവകാമുകന്റെ ഒരു «തിളക്കമുള്ള കാമധാര» മുളിക്കൊണ്ടു്...

—ഞാൻ മെംഫിസിലേക്കു പോകും

—ഞാൻ സത്യത്തിന്റെ ദേവനായ താ–യുടെ അരികിലേക്കു പോകും.

—ഞാൻ താ–യോടു പറയും.

—ഇന്നു രാത്രി എന്റെ പ്രിയതമയെ തരൂ.

—അരുവിവിഞ്ഞു്.

—താ അതിലെ പയൽച്ചണ്ടികൾ.

—സെഖ്മെത്തു് അതിലെ താമര.

—ഏറിത്തു് അതിന്റെ മൊട്ടു്.

—നെഫെർത്തം അതിന്റെ പൂവു്.

—ഞാൻ താ–യോടു് പറയും.

—ഇന്നു രാത്രി എന്റെ പ്രിയതമയെ തരൂ.

—അവളുടെ ചന്തത്തിലൂടെ പുലരി പൊട്ടി വിടരുന്നു.

—അവളുടെ ചന്തമുള്ള മുഖത്തിനു മുൻപിൽ വെച്ചു തുക്കാളിക്കിണ്ണമാണു് മെംഫിസ്.

... ...

—അവളുടെ കൈകൾ നിറയെ പെർസിയുടെ ചില്ലകൾ.

—അവളുടെ തലമുടിയിൽ അൻഗ്വൈതൈലത്തിന്റെ കനം.

—അവൾ രണ്ടു ഭൂമികളുടെ പ്രഭുവിന്റെ രാജകന്യകകളിൽ ഒരുവളെപ്പോലെ...

...നായാട്ടുചരിത്രത്തിന്റെ ചുവന്ന താളുകൾ മറിച്ചുകൊണ്ടു്, ഒരു ദിവസം റെനിസെൻബ്...

«നീയെന്തു പറഞ്ഞു! നിന്നെ ഞാൻ നശിപ്പിച്ചതു്!»

റെനിസെൻബ് പൊട്ടിച്ചിരിച്ചു.

പിരമിഡുകൾപോലെ അന്തരീക്ഷത്തിന്റെ വിരതിയിലേക്കു കൂർത്ത മാറിന്റെ കലുങ്ങുന്ന പരിഹാസത്തിൽ, പരവതാനിക്കു് ഇപ്പുറത്തുനിന്നു് ആദ്യമായി റെനിസെൻബ് പൊട്ടിച്ചിരിച്ചു.

«നിന്നെ ഞാൻ നശിപ്പിച്ചതു്?!»

റെനിസെൻബിന്റെ ഇമകളിൽ കഴുകന്റെ മഷിക്കുട്ടു പരന്ന ചിറകുകൾ വിടരുകയായിരുന്നു.

«ദ്വീപിലേക്കു തിരിഞ്ഞുനോക്കൂ, കാലടികളിലൂടെ കണ്ണടികൾ വെച്ചു തിരിഞ്ഞുനോക്കൂ: പരവതാനിക്കു തിരശ്ശീലയാവാൻ കഴിയില്ല."

«റെനിസെൻബ്!»

«എന്റെ സമ്മതം കൂടാതെ...»

"നീയാ പഴയ ചെൺനുണ ആവർത്തിക്കരുതു്. പെണ്ണു് ബലാൽസംഗം ആഗ്രഹിക്കുന്നുവെന്നു ഞാൻ പറഞ്ഞിട്ടു വേണോ നിനക്കറിയാൻ! ...

വെയിലിന്റെ നിലംവിരിക്കു മേൽ ബദാമിന്റെ തണലുകൾ ഊരിയെറിയുന്ന കറുത്ത ഉടുപുടകൾ, ആകാശത്തിന്റെ വിരിഞ്ഞു കഴിഞ്ഞ കൈപ്പത്തിയമരുമ്പോൾ മലയുടെ മുനമ്പിൽ കൂടുതൽ കറുത്തു കല്ലിക്കുന്ന മിനുത്ത ശില, മാറുകത്തുന്ന തടിച്ച ശാഖകൾക്കിടയിലൂടെ കെട്ടുപിണഞ്ഞ ചിലന്തിവലകൾ പ്ളാനു തണലിന്റെ ഈർപ്പത്തിലേക്കിറങ്ങുന്ന നട്ടുച്ചയുടെ ദാർഢ്യം, ഓർത്തോർത്തു ഞാൻ പറഞ്ഞു:

"നിന്റെ കന്യാചർമ്മം ഞങ്ങളുടെ മേധാവിത്വത്തിന്റെ കവചമായിരുന്നു."

ഞാൻ ഓർത്തു.

എന്നെ സ്നേഹിച്ച പെൺകുട്ടികളിൽ ആരാണു് എന്റെ കവചം പിളരുന്നതു് കാമിച്ചിട്ടില്ലാത്തതു്?

ഞാൻ പറഞ്ഞു:

«നീ ജയിച്ചു, ഒരുപാടു് പെൺകുട്ടികളിൽ നീ മാത്രം ജയിച്ചു."

...ബദാമിന്റെ ശാഖകളിൽ വൈകുന്നേരം തൂങ്ങുന്ന വററിക്കഴിഞ്ഞപ്പോൾ...

«ഞാൻ കരഞ്ഞതു് നീ മറന്നുകഴിഞ്ഞോ?!"...

ഒരു പിരമിഡിന്നുള്ളിൽ തടവുകാരനാക്കപ്പെട്ടതുപോലെ...

«റെനിസെൻബ്."

«എനിക്കു കേൾക്കേണ്ട."

«ശപിക്കപ്പെട്ട ഈജിപ്തുകാരീ! ദുർമന്ത്രവാദിനീ!"

പിരമിഡുകളിൽ അടച്ചുവെച്ച ദുർഗന്ധമാണു നിന്റെ നവദ്വാരങ്ങളിലൂടെ രക്ഷപ്പെടുന്നതു്.

«നിന്റെ മുത്തച്ഛന്മാർ ഫറോഷ്ടത്തിന്റെ സമ്പത്തു മുഴുവൻ ശവകുടീരങ്ങൾക്കു വേണ്ടി ധൂർത്തടിച്ചവരാണു്. ശവത്തിൽ ഒന്നാംശൈശവമാകുന്ന കാരണവന്മാർ, ശവത്തിനു കാവലിരിക്കുന്ന ദൈവങ്ങൾ, ശവം തിന്ന കട്ടുമയിൽ മാണിക്യം വളർത്തുന്ന പാമ്പുകൾ...»

നിനക്കു മരണം തിളങ്ങുന്നൊരു കോർണീലിയൻ കല്ലു്; നിന്റെ പുത്രന്മാർ അതിന്റെ നീല ജാലകങ്ങളിലൂടെ കണ്ണു് ഉരുട്ടിക്കുന്നു; കണ്ണാടിക്കു മുന്നിലിരുന്നു്, പുരുഷന്റെ ചാരിത്രം നായാടാൻ അണിഞ്ഞൊരുങ്ങുമ്പോൾ, നിയതു ചൂടുന്നു.

"പേടിത്തൊണ്ടൻ!" റെനിസെൻബ് പറഞ്ഞു. «പേടിച്ചിട്ടാണു് നീയന്നു കരഞ്ഞതു്."

"പേടിച്ചിട്ടു്!!"

നീ ആരെന്നു്, നിനക്കുപോലും അറിയാം.

(ശേഷം 61–ൽ)

സാഹിത്യവാരഫലം

സ്വർണ്ണദീപം,

സ്വർണ്ണമാല

എം. കൃഷ്ണൻനായർ

ശ്രീ ഒരു മോപ്പസാങ്ങിന്റെ «പുനിലാവിൽ» എന്ന മനോഹരമായ ചെറുകഥ വായിച്ചിട്ടുണ്ടോ? വായിക്കാത്തവർ അതൊന്നു വായിച്ചുനോക്കണം. ധർമ്മോന്മത്തനായ ഒരു പാതിരിയുടെ കഥയാണതു്. അയാളുടെ സുന്ദരിയായ കൊച്ചനന്തരവൾക്ക് ഒരു കാമുകനുണ്ടെന്നു് ഒരു സ്ത്രീ പറഞ്ഞുകൊടുത്തതു് പരിശോധിച്ചറിയാൻവേണ്ടി രാത്രി പത്തുമണിക്കു് അയാൾ നദീതീരത്തിലേക്കു ചെന്നു. മനോഹരമായ യാമിനി. വീട്ടിന്റെ മതിലിൽ പടർന്നുകയറിയ ഫണിസക്കിൾ പ

രിമളം പ്രസരിപ്പിക്കുന്നു; സൗരഭ്യമാർന്ന ആത്മാവുപോലെ. മനെററി-ഗേലിന്റെ ഗാനം പൂനിലാവുമായി ചേരുന്നു. ചിന്തകളെ ആനയിക്കുന്ന രാത്രിയല്ല അതു്; മധുരസ്വപ്നങ്ങൾ കൊണ്ടുവരുന്ന രാത്രി പാതിരി ആലോചിച്ചു; രാത്രി മനുഷ്യർക്കു് ഉറങ്ങാനുള്ള സമയമാണെങ്കിൽ ഈശ്വരൻ എന്തിനാണു് അതിത്ര മനോഹരമാക്കിയതു്? എന്തിനു് നിലാവെന്ന നിചോളം പ്രപഞ്ചത്തെ മൂടുന്നു? എന്തിനു് ഈ ഹൃദയസ്പന്ദനങ്ങൾ? എന്തിനു് ഈ കവിത സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു് ഒഴുകുന്നു? അപ്പോഴാണു് ഒരു യുവാവും യുവതിയും നദീതീരത്തിലൂടെ നടന്നുവരുന്നതു പാതിരി കണ്ടതു്. അയാൾ സൂക്ഷിച്ചുനോക്കി. അനന്തരവൾതന്നെ. പൊടുന്നനവേ പാതിരിക്കു മനസ്സിലായി ഈശ്വരൻ എന്തിനു രാത്രിയെ സുന്ദരമാക്കിയെന്നു്. ഞാൻ കണ്ട കാമുകിക്കും കാമുകനും സല്ലപിച്ചുനടക്കാൻവേണ്ടിയാണു് അദ്ദേഹം യാമിനിയെ അത്ര മനോഹരമാക്കിയതെന്നു് അയാൾ മനസ്സിലാക്കി. തനിക്കു പ്രവേശിക്കാൻ അർഹതയില്ലാത്ത ദേവാലയത്തിൽ കടന്നുചെന്നു എന്ന തോന്നലോടുകൂടി പാതിരി വിസ്മയിച്ചു്, ലജ്ജിച്ചു്, അവിടെനിന്നു് ഓടിപ്പോകുമ്പോൾ മോപ്പസാങ്ങിന്റെ ചെറുകഥ അവസാനിക്കുന്നു. ഇതുപോലെയല്ലെങ്കിലും ചില

അംശങ്ങളിൽ സാദൃശ്യമുള്ള ഒരനുഭവം ഇതെഴുതുന്നയാളിനുമുണ്ടായി. ഒരു ദിവസം രാവിലെ അഞ്ചുമണിക്കു് ഞാൻ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അടച്ചിട്ട ജന്നലിന്നപ്പുറത്തു് ഒരു വലിയ ശബ്ദം. ആരാണു രാവിലെ ശല്യപ്പെടുത്താനെത്തിയിരിക്കുന്നതെന്നു് ആലോചിച്ചുകൊണ്ടു് ഞാൻ വാതിൽ തുറന്നു മുററത്തേക്കു ചെന്നപ്പോൾ പനിനീർപ്പൂവിടികളുടെയും മററു പൂച്ചെടികളുടെയും ഇടയ്ക്കു് അഞ്ചാറു തത്തകൾ അവ വലിയ ബഹളം കൂട്ടുകയാണു്. ആ പച്ചത്തത്തകൾ അന്യോന്യം എന്തുപറഞ്ഞുവെന്നു് എനിക്കറിഞ്ഞുകൂടാ. കരിങ്കാൽ വെട്ടുന്ന മനുഷ്യനെക്കുറിച്ചാണോ അവ സംസാരിച്ചതു്? സ്നേഹം കാണിച്ചുകൊണ്ടു കൂട്ടുകാരന്റെ കഴുത്തറുക്കുന്ന മനുഷ്യനെക്കുറിച്ചാണോ അവർ പുലമ്പിയതു്? ആയിരിക്കാം. അതുകൊണ്ടാവണം മനുഷ്യവർഗ്ഗത്തിലെ ഒരംഗമായ എന്നെക്കണ്ട മാത്രയിൽ അവ പച്ചച്ചിറകുകൾ വീശി പറന്നകന്നതു്. വിടർത്തിയ ആ പച്ചച്ചിറകുകളിൽ പ്രഭാതശോഭ സിന്ദൂരമണിയിക്കുന്നുണ്ടായിരുന്നു. എനിക്കു ദുഃഖം തോന്നി. ലജ്ജതോന്നി. മോപ്പസാങ്ങിന്റെ പാതിരിക്കുതോന്നിയ ലജ്ജ. മനുഷ്യൻ അർഹതയില്ലാത്ത സ്ഥലത്തു പ്രവേശിക്കുതതു്. എങ്കിലും ചിലപ്പോൾ അങ്ങനെ പ്രവർത്തിച്ചുപോകും. «മലയാളനാട്ടി»ൽ (ലക്കം 16) «ആരംഭത്തിന്റെ അവസാനം» എന്ന ചെറുകഥയെഴുതിയ നന്ദിനി ഈ ഗർഹണീയകൃത്യം അനുഷ്ഠിക്കുന്നില്ലേ എന്നാണു് എന്റെ സംശയം. ശോഭയെന്ന ലക്ചറർ വേണുവിനെ സ്നേഹിക്കുന്നു. വേണു മറെറാരുത്തിയെ വിവാഹം കഴിക്കുന്നു. «എന്റെ മരണത്തെ ഞാൻ പുല്കട്ടെ» എന്നു ശോഭ പറയുമ്പോൾ കഥ അവസാനിക്കുന്നു. സ്ത്രീകൾക്കു റെഡിമെയ്ഡ് കണ്ണുനീരുള്ളതുപോലെ, ചിലർക്കു റെഡിമെയ്ഡ് പ്രസംഗമുള്ളതുപോലെ നന്ദിനിക്കും കൂട്ടുകാർക്കും റെഡിമെയ്ഡ് ചെറുകഥകളുണ്ടു്. വിഷയം ഒന്നുതന്നെ; പ്രതിപാദനരീതിയും ഒന്നുതന്നെ; സംഭാഷണങ്ങൾ പോലും വിഭിന്നങ്ങളല്ല. ഒരിക്കൽ കേട്ട പ്രസംഗം പിന്നീടും കേൾക്കുമ്പോൾ പ്രഭാഷകനോടു നമുക്കു പുച്ഛം തോന്നാം. നന്ദിനി മലയാളനാട്ടിലെഴുതിയമാതിരിയുള്ള ആയിരമായിരം കഥകൾ ഞങ്ങൾ വായിച്ചിട്ടുണ്ടു്. ഇനിയും അത്തരം കഥകൾ വായിക്കാൻ ഞങ്ങളെ നിർബ്ബന്ധിക്കരുതേ, ഞങ്ങൾക്കു പുച്ഛം തോന്നാൻ ഇടവരുത്തരുതേ എന്നു പ്രാർത്ഥിക്കുന്നു. പിന്നെ കഥയെങ്ങനെയിരിക്കണം? അതെനിക്കറിഞ്ഞുകൂടാ. കേനോപനിഷത്തിലാണെന്നു തോന്നുന്നു. «ശ്രോത്രസ്യ ശ്രോത്രം മനസോ മനോയത് വാചോ ഹ വാചം സ ഉ പ്രാണസ്യ പ്രാണഃ» എന്നു ബ്രഹ്മത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. ആ ഔപനിഷദീയസൂക്തം 'കാതിന്റെ കാതായും മനസ്സിന്റെ മനസ്സായും പറയുന്നതിന്നു് ആഹ്ലാദമരുളുന്നതാണു കഥ, കവിത എന്നിവ. ടാഗോറിന്റെ ഏതു കഥയും ആവിധത്തിലുള്ളതാണു്...ഒരുദിവസം തിരുവനന്തപുരത്തെ പാളയം എന്ന സ്ഥലത്തു് ഞാൻ നില്ക്കുമ്പോൾ ഒരു കടയുടെ മുൻപിൽ വലിയ ആൾക്കൂട്ടം. തിക്കും തിരക്കും. ഞാൻ കാര്യമന്വേഷിച്ചപ്പോൾ ഒരാൾ പറഞ്ഞു:—«പ്രശസ്ത സാഹിത്യകാരനായിരുന്ന ശ്രീമാൻ——————ന്റെ മകൾ അവിടെ തുണിക്കടയിൽനിന്നു് എന്തോ വാങ്ങുകയാണു്. അവർ കേമ്പെ ബ്യൂട്ടിയാണത്രേ. ആ യുവതിയെ കാണാനാണു് ആളുകൾ കൂടിനില്ക്കുന്നതു്.» മോപ്പസാങ്ങിന്റെ പാതിരിയെപ്പോലെ ഞാനവിടെത്തന്നെ നിന്നു. ഓടിപ്പോയില്ല. കുറച്ചുകഴിഞ്ഞപ്പോൾ ആ യുവതി ഞാൻ നിന്ന സ്ഥലത്തേക്കുതന്നെ വന്നു. മധ്യാഹ്നത്തിലെ തീക്ഷ്ണരശ്മികൾ ചന്ദ്രരശ്മികൾപോലെ തണുത്തു. റററിട്ട പൊള്ളുന്ന പാത പൂക്കൾ വിരിച്ച പാതപോലെയായി. ഔജ്ജ്വല്യമാർന്ന അന്തരീക്ഷം സ്വപ്നമണ്ഡലംപോലെ ശീതളമായി. സൗരഭ്യവും പ്രകാശവും പ്രസരിപ്പിച്ചുകൊണ്ടു് അവർ കാറിൽക്കയറി അപ്രത്യക്ഷയായി. അവിടെനിന്ന ഓരോ യുവാവും വിചാരിച്ചിരിക്കും: «ഇവൾ എന്റേതായിരുന്നെങ്കിൽ.» ചെറുകഥകൾ വായിക്കുമ്പോഴും ഇങ്ങനെ തോന്നണം «ഹാ! എനിക്കു് ഇതെഴുതാൻ സാധിച്ചിരുന്നെങ്കിൽ!» ——«മലയാളനാട്ടി»ൽ സുരാസു എഴുതിയ "ശമര്യ"യും വിരൂപമാണു്. കടിച്ചു ബോധംകെട്ട ഒരുവനെ മറെറാരുവൻ പാറിച്ചുപോലും. കടിയൻ വ്യഭിചാരിപ്പുപോലും. അതിനു ഞങ്ങളെന്തുവേണം എന്നു മര്യാദയില്ലാതെ ചോദിക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ ജുഗുപ്സാവഹമായിട്ടുണ്ടു് ഇക്കഥ. രണ്ടു കഥകൾകൂടിയുണ്ടു് "മലയാളനാട്ടി"ൽ. ശ്രീ: എം. ചന്ദ്രശേഖരന്റെ "വീണ്ടും ഒരു മഴ", ശ്രീ: സി എസ്.

സണ്ണിയുടെ «ത്രീത്വം.» ഒരു സ്ത്രീയുടെ ഭർത്താവ് വള്ളംമുങ്ങി മരിച്ചതിനെ വർണ്ണിക്കുന്നു ചന്ദ്രശേഖരൻ. ഉപാഖ്യാനത്തിലൂടെയുള്ള ഒരു വിവരണം നല്കുന്നതിലാണ് അദ്ദേഹം തൽപരനായിരിക്കുന്നത്. ആ തൽപരത്വം കഥയുടെ നാടകീയസ്വഭാവത്തെ ഹനിക്കുന്നില്ല. സണ്ണിയാകട്ടെ ഗഹനമായ വിഷയമാണ് കൈകാര്യം ചെയ്യുന്നത്. പരമസത്യം സാക്ഷാത്കരിക്കാനുള്ള മനുഷ്യന്റെ അദമ്യമായ അഭിവാഞ്ഛയെ കഥാകാരൻ ലാക്ഷണികസ്വഭാവമുള്ള ഒരിതിവൃത്തത്തിലൂടെ ആവിഷ്കരിക്കുന്നു. ചില പ്രതീകങ്ങൾ ദുർഗ്രഹങ്ങളാണെങ്കിലും ഒരു പ്രഥമപരിശ്രമം എന്ന നിലയിൽ ഇതു് ആദരണീയമായിട്ടുണ്ട്.

കോളേജ്മാസികയിൽ പരസ്യം ചെയ്യാൻ അധ്യാപകന്റെ കൈയിൽ ഒരു ചെറുകഥ നല്കുന്ന നളിനി എന്ന പെൺകുട്ടി. അവൾ സുന്ദരിയാണ്; കഥ സാധാരണത്വം എന്ന ദോഷത്താൽ അസുന്ദരവും. അധ്യാപകന് അവളോടു നേരത്തേതന്നെ മാനസികബന്ധമുണ്ട്. ആ ബന്ധത്തിന്റെ പ്രേരണകൊണ്ടാവാം അയാൾ അതിനു യോജിച്ചവിധത്തിൽ കഥ തിരുത്തിയെഴുതുന്നു. തിരുത്തിക്കഴിപ്പോൾ, കഥ ഉദ്ധൃപകൻതന്നെ എഴുതിയ പുതിയ കഥയായി മാറി. തന്റെ ചെറുകഥ പരസ്യപ്പെടുത്തുമോ എന്നറിയാൻ അടുത്തദിവസമെത്തിയ നളിനിക്ക് അയാളുടെ മാനസികനില ഗ്രഹിക്കാൻ കഴിഞ്ഞു. «വേണ്ട...സാർ...ഇതു പ്രസിദ്ധീകരിക്കണ്ട» എന്ന് അവൾ പറയുന്നുണ്ടെങ്കിലും അവിവാഹിതനും യുവാവും ആയ അയാളുടെ ലോലഭാവങ്ങൾ കണ്ട് അവൾക്ക് ആഹ്ലാദമാണുണ്ടാവുക. ശ്രീ. ജി. എൻ പണിക്കർ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ "ഏതാനും തിരുത്തലുകൾ" എന്ന ചെറുകഥയുടെ സാരാംശമാണിതു്. തികഞ്ഞ സംതൃപ്തിയുളവാക്കാൻ ഈ കഥയ്ക്കു കഴിയുന്നില്ല. ഇതിലെ ആശയത്തിനു നവീനതയുണ്ട്. പറയേണ്ട രീതിയിൽ ശ്രീ. ജി. എൻ. പണിക്കർ കഥ പറഞ്ഞിട്ടുമുണ്ട്. എങ്കിലും കലാകാരന്റെ ശക്തിയോ ചൈതന്യമോ ഇതിൽ പ്രകടമാകുന്നില്ല. പ്രചോദനമില്ലാതെ കവിത എഴുതിയാൽ എങ്ങനെയിരിക്കും? പദങ്ങളുടെ ബഹളം മാത്രം കാണും. പ്രചോദനമില്ലാതെ കഥയെഴുതിയാൽ എങ്ങനെയിരിക്കും? കലാസങ്കേതവും ഇതിവൃത്തവും ഒക്കെ കാണും; കലയുടെ സ്പന്ദനം മാത്രം ഉണ്ടായിരിക്കയില്ല.

ഒരു സമ്മേളനം. ഒരു മഹാസ്ഥാപനത്തിന്റെ പരമാധികാരി ആധ്യക്ഷ്യം വഹിക്കുന്നു. ആ മഹാസ്ഥാപനത്തിന്റെ ഒരു ഭാഗമായ മറ്റൊരു സ്ഥാപനത്തിൽ വച്ചാണ് മീററിങ്ങ്. ആ സ്ഥാപനത്തിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്റെ അന്തസ്സുള്ള സ്വാഗതപ്രഭാഷണം കഴിഞ്ഞു. അതിനുശേഷം അവിടെത്തന്നെയുള്ള അപ്രധാനനായ മറ്റൊരുദ്യോഗസ്ഥൻ പ്രഭാഷണമാരംഭിച്ചു. അദ്ദേഹം തകർക്കുകയാണ്. സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിക്കുന്ന വ്യക്തി ഇന്ദ്രനാണ്, ചന്ദ്രനാണ്, മുന്നു ചക്ക മുള്ളോടെ വീഴുന്നവനാണ് എന്നൊക്കെ. അദ്ദേഹം കൂടെക്കൂടെ കാർലൈലിന്റെ വാക്യങ്ങൾ ഉദ്ധരിക്കുന്നു. അങ്ങനെ പ്രഭാഷകൻ അവിദഗ്ദ്ധമായി 'ക്രോ കുറ്റച്ചിങ്ങ്' നടത്തുമ്പോൾ ആ മഹാസ്ഥാപനത്തിന്റെ പരമാധികാരിയായിരുന്ന റിട്ടയർ ചെയ്ത ഒരു മഹാൻ ആ സമ്മേളനത്തിന് എത്തുകയായി. സത്യം പറയട്ടെ, ഒരാളും തിരിഞ്ഞുനോക്കിയില്ല... ഇന്നലെ ആ തെരുവിൽ ഉയർന്നുനിന്നിരുന്ന വൃക്ഷം ഇതാ കാറോററു് മറിഞ്ഞുകിടക്കുന്നു ശാഖോപശാഖകൾ വിശിനിലാന്തരീക്ഷത്തെ സ്പർശിച്ചുകൊണ്ട് അന്തസ്സോടെ നിന്ന ആ വൃക്ഷത്തിന് ഇന്നു സംഭവിച്ച അധഃപതനം നോക്കുക. അതു് ഇന്നലെ പ്രാഭവത്തോടെ നിന്നപ്പോൾ ഞാൻ ബഹുമാനിച്ചു. ആ ഞാൻതന്നെ ഇന്നതിനെ പുച്ഛിക്കുന്നു. ...എന്റെ ബാല്യകാലത്തു് അശോക്കുമാർ, പഹാരി സന്ന്യാൾ, ചന്ദ്രമോഹൻ, ലീലാ ചിററ്നീസ്, കാഞ്ചനമാല, നാഗയ്യ, ദേവികാറാണി, ശാന്താ ആപ്തേ എന്നിവർ പ്രശസ്തരായ ചലച്ചിത്രതാരങ്ങളായിരുന്നു. അന്നു ഞാനും കൂട്ടുകാരും അവരെ ആരാധിച്ചിരുന്നു. 'റൊമാൻറിക് ഹീറോ' ആയ അശോക്കുമാർ കാലം കഴിഞ്ഞപ്പോൾ വൃദ്ധന്റെ റോളുകളിൽ പ്രത്യക്ഷനായിത്തുടങ്ങി. അപ്പോൾ ഞങ്ങളുടെ ബഹുമാനം പുച്ഛമായി മാറി. അധഃപതനം പുച്ഛത്തെ ക്ഷണിച്ചുവരുത്തും അതുകൊണ്ട് അധഃപതിക്കുന്നവർ മറവിൽ കിടന്നുകൊള്ളണം. ചില വീടുകളിൽ അമ്മയോടു പിണങ്ങി മക്കൾ ഉണ്ണാതെ കിടക്കും. നേരം വളരെക്കഴിഞ്ഞിട്ടും ആരും വിളിക്കാതെയാവുമ്പോൾ വിശപ്പു സഹിക്കാൻ വയ്യാതെ അവർ തനിയെ എഴുന്നേററുവന്നു് "ചോറുതരുന്നുണ്ടോ» എന്നു ചോദിക്കും. ആ ചോദ്യം കേൾക്കുമ്പോൾ ചിരിക്കാതിരുന്നു്? ശ്രീ. ശ്രീവരാഹം ബാലകൃഷ്ണൻ «കങ്കുമം» വാരികയിൽ «കന്യാകുമാരി» എന്നൊരു ചെറുകഥ എഴുതിയിരിക്കുന്നു. മുൻപൊക്കെ നല്ല കഥകൾ മാത്രം എഴുതിയിട്ടുള്ള അദ്ദേഹം ഇപ്പോൾ പരാജയപ്പെട്ടതു് എന്തുകൊണ്ടാണാവോ? മഹാസ്ഥാപനത്തിൽനിന്നു് പെൻഷൻ പററിയ പരമാധികാരിയെപ്പോലെ തെരുവിലെ മഹാവൃക്ഷം പോലെ അദ്ദേഹം ധരണിയിൽ വീണു കിടക്കുന്നു. ബാലകൃഷ്ണൻ എന്റെ സുഹൃത്തായതുകൊണ്ട് എനിക്ക് അദ്ദേഹത്തോടു് പുച്ഛമില്ല; അദ്ദേഹം പരാജയപ്പെട്ടതിൽ ദുഃഖം മാത്രം. ഒരിക്കൽ ദുഷ്ടാനുരക്തരായിരുന്ന സ്ത്രീയും പുരുഷനും വളരെ വർഷങ്ങൾക്കുശേഷം കന്യാകുമാരിയിൽവച്ചു് അന്യോന്യം കാണുന്നു. അവൾ വിവാഹിതയാണ്. അമ്മയാണ്. അയാൾ രാഷ്ട്രവ്യവഹാരത്തെസ്സംബന്ധിച്ച കാര്യങ്ങളിൽ പ്രവർത്തിച്ചു് മോഹഭംഗം സംഭവിച്ചവൻ. അവൾ ക്ഷണിച്ചിട്ടും അയാൾ കൂടെ പോകുന്നില്ല. നിരാശ

(ശേഷം 49-ൽ)

ആദ്യരാത്രിയിൽ

മുറുകെ ക്കെട്ടിപ്പിടി-
ച്ചാലുമെന്നെ നീ തോഴീ
നുറുങ്ങട്ടെയെൻ വാരി-
യെല്ലുകൾ, ചിതറട്ടെ!
മരിച്ചുവീഴട്ടെ മൽ-
പൌരുഷം നിൻമാത്തട്ടിൽ;
മദിരാലഹരിയിൽ
മാഴ്കാവു ഞാനും നീയും!
എന്തു ദുസ്സഹം പകൽ
വേള-യാഥാർത്ഥ്യങ്ങൾ തൻ
ചെന്തീവേനലിൽ ചുട്ട
പൊള്ളുമെന്നാത്മാവിനു
നീ മാത്രം തണൽ മര-
പ്പച്ച! യീ രജനിയി-
ലോമനേ, മറക്കാവു
നമ്മൾ നമ്മളെത്തന്നെ!
നിന്നെത്തേടി ഞാനെത്ര-
യിഴഞ്ഞു സർപ്പം പോലെ,-
യിദ്ധരിത്രിയിലെത്ര
വർഷങ്ങളുറയുമീ!
ശംഖുപുഷ്പത്തിൽ കണ്ടേൻ
നിൻ നീലമിഴികൾ ഞാ-
നന്തിമേഘത്തിൽ ഉദ്ദ-
പ്പിയന്ന കവിൾത്തട്ടും!
നെയ്തലാമ്പലമൊട്ടിൽ
മാർത്തടം: കളിർകാററായ്
മെയ് കോരിത്തരിപ്പിച്ചു,
ഒളിച്ചുനടന്നു നീ!

അന്ധകാരമല്ലല്ലീ
ചിറകം വിരിച്ചു വ-
ന്നെത്തിനോക്കുന്നു കൊക്കു
വീടത്ത് ജ്ജനാലയിൽ!
ഒരു മൂന്നിരിക്കല
നല്ലാം നമ്മൾക്കാകൊക്കിൽ,
ഒരു ചുംബനമധുചി
നുകരാം നാം രണ്ടാൾക്കും!
ആദ്യരാത്രിയിൽ, ഞണി-
ഞ്ഞറയിൽ വിരിച്ചിട്ട
പൂവണിക്കിടക്കയി-
ലദൈവതഗാനം പാട്ട!
അറിവു ഞാനും നീയും
രണ്ടല്ല, നാമൊന്നു താൻ;
പിറവിയെടുക്കാവു
നിന്നിൽ ഞാൻ മനോഹരീ!

—മലയത്ത് അപ്പുണ്ണി

—(•)—

സന്ധ്യയ്ക്കു പെയ്തുകഴിഞ്ഞ മഴ വരണ്ട കാററിനു കളിമ്പ നല്കി. മീനച്ചൂടിൻെറ തീവ്രത, പഴപ്പിച്ച ഇരുമ്പ് വെള്ളത്തിൽ മുക്കിയെടുത്ത പ്രതീതി ജനിപ്പിച്ച മഴ. ആ മഴയ്ക്കു പുറകെ, അസ്തമനസൂര്യൻെറ നനുത്ത രശ്മികളുടെ അപ്രത്യക്ഷതയ്ക്കു പുറകെ, ഇരുട്ടിൻെറ വരവിനുമുമ്പ്, കവുങ്ങിൻതോട്ടം മുഖം വീർപ്പിച്ചുനില്ക്കുന്നു.

പുഞ്ചലഞ്ഞുനില്ക്കുന്ന കൊന്നമരം മഴയുടെ ആലിംഗനമേററ് കോരിത്തരിച്ചു. നനഞ്ഞു വിതുങ്ങിയ കൊന്നപ്പൂക്കൾ കവുങ്ങിൻതോട്ടത്തിൽ, ഇരുട്ടു നിർമ്മിച്ച അവ്യക്തതയിൽ, നനഞ്ഞ മണ്ണിൽ കിടന്നുകിതയ്ക്കുന്നു;

—ഉമ്മറത്ത്, പകൽ വെളിച്ചത്തിൻെറ നഷ്ടപ്പെട്ട വ്യക്തിത്വത്തിനു പുറകെ, അയാൾ വ്യാകുലതയ്ക്കടിമയായി.

വിശാലമായ കവുങ്ങിൻതോപ്പിൻെറ തെക്കേ ഇതയ്ക്കൽ, കടപ്പനത്തൈകളുടെ കനത്ത പട്ടകളുടെ ഇടയിലൂടെ, ഊട്ടുവഴിയിൽ ആരുടേയെങ്കിലും നിഴൽ ചലിക്കുന്നുണ്ടോ? ഊട്ടുവഴിയുടെ ഇതയ്ക്കൽ എത്തിവലിഞ്ഞു കടപ്പനപ്പട്ടകൾക്കിടയിലൂടെ രണ്ടു നീലമിഴികൾ തെളിയുന്നുണ്ടോ?

—നിമിഷങ്ങൾക്കു നിറവ്യത്യാസങ്ങൾ നിർമ്മിക്കുന്ന ഇരുട്ടിൻെറ ആശ്ലേഷത്തിൽ അലിയാതെ, അയാളുടെ കണ്ണുകൾ അവളെത്തിരക്കുകയായിരുന്നു.

വർഷങ്ങൾക്കു പുറകിൽ, കവുങ്ങിൻതോപ്പിന്നിടയിലൂടെ 'തൊടാനോടി'ക്കളിക്കുന്ന രണ്ടു കുരുന്നുകളുടെ കാല്പാടുകൾ ഈപ്പം വിടാത്ത തോട്ടത്തിലെ മണ്ണിൽ പതിഞ്ഞുകിടപ്പുണ്ട് ഇപ്പോഴും, എന്നയാൾക്കു വിശ്വസിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ലോലിത എന്ന പെൺകുട്ടി അന്നു പൂർണ്ണനഗ്നയായിരുന്നു. അ

വളുടെ കളിത്തോഴനായിരുന്ന അയാൾ പോലും വസ്ത്രരഹിതനായിരുന്നു. ഏദൻതോട്ടത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുകയായിരുന്ന ആദാമും ഹവ്വായും.

കളിമ്മയുള്ള പ്രഭാതങ്ങൾ കവുങ്ങിൻതോപ്പിൽ കിടന്നുരുണ്ടു. കരുത്തെഴുന്ന മദ്ധ്യാഹ്നങ്ങൾ, കവുങ്ങിൻപട്ടകൾക്കിടയിലൂടെ ഇറങ്ങിവന്നു കട്ടപിടിച്ച തണലിലിരുന്നു വിശ്രമിച്ചു. പൊൻപണ്ടങ്ങളുണിഞ്ഞ സന്ധ്യകളെത്തു പിണങ്ങിപ്പോയി! വേനലും വർഷവും മാറിമാറി വിരുന്നുവന്നു; പോയി.

നീ ഒററയ്ക്കല്ല. നിനക്കു കൂട്ടിനു്, നിന്നെ നയിക്കാൻ, നിന്നെ ശിക്ഷിക്കാൻ, നിന്നെ രക്ഷിക്കാൻ, ദുഃഖിപ്പിക്കാൻ, സന്തോഷിപ്പിക്കാനും മററാരാൾകൂടിയുണ്ട്. ആ ഊന്നിൻെറ സാമീപ്യമില്ലാതെ നീ ചലിക്കരുതു്. നീ ശ്വാസംപോലും കഴിക്കരുതു്. കാരണം, നിൻെറ കാല്പാടുകളില്ല; നീ വീഴും.

മത്സരകഥ

ലളിതൻ

കൌമാരത്തിൻെറ ഇറങ്ങിപ്പോക്കിൽ, ഒരു സന്ധ്യ. ആ ചുവന്ന സന്ധ്യയ്ക്കു് ആരോ, ആരോടെല്ലാമോ പറയുന്നു. യുവത്വത്തിൻെറ പ്രഭാതത്തിലുണരുമ്പോൾ, ഉറക്കത്തിലെല്ലാം നഷ്ടപ്പെടുന്നു. നഷ്ടപ്പെട്ടതു് എന്തെന്നു് ഓർക്കുകപോലും ചെയ്യാതെ വെളിച്ചത്തിനുനേരെ കുതിച്ചുപായുന്നു...

ബോധം; യുക്തി—രണ്ടിൻെറയും സമ്മിശ്രമായ ഗർഭം. ആ ഗർഭത്തിൽനിന്നു് അദൃശ്യമായ ഒരു ശിശുവിൻെറ ജനനം; ശക്തി—മനുഷ്യനുലേയ്ക്കു കയിക്കുന്ന വിഗ്രഹത്തെ, കാലിടറാതെ. വഴിതെററാതെ ചലിക്കാൻ. ആ ശക്തിക്കു പുറകെ, വിശാലമായ ലോകത്തിൽ, വ്യത്യസ്തങ്ങളായ ചുററുപാടുകളിൽ പുരുഷനും സ്ത്രീക്കും ചുററിത്തിരിയാം. സക്കീട്ടടിക്കാം. പക്ഷേ, ആ ഊന്നുവടിയെ വലിച്ചെറിയരുതു്.

ചിക്കനെ വിരിയ്ക്കുന്ന പൂവായി എടുത്തു താലോലിക്കുന്ന യൗവ്വനം...അവിടെ നഷ്ടപ്പെടാൻ പാടില്ലാത്ത ആ ശക്തി നഷ്ടപ്പെട്ടു...

തെളിച്ചമുള്ള അന്തരീക്ഷത്തിൽ ഇരുണ്ടുകനത്തുന്ന മേഘക്കൂട്ടങ്ങൾ, കനത്ത മഴയായിത്തീരുമെന്നു വിളിച്ചോതുന്ന പേക്കാറേറററു ഭാവഹാവങ്ങളായ കവുങ്ങുകളെ നോക്കി അവൾ പൊട്ടിക്കരഞ്ഞു...

വിലക്കപ്പെട്ട കനി ഭക്ഷിച്ച ഹൗവ്വയെക്കുറിച്ചു് അവൾ സ്മരിച്ചു. പാപം ചുമക്കേണ്ടിവന്ന ഹൗവ്വ. അവൾക്കു ഹൗവ്വയോടു സഹതാപം തോന്നി; സാമീപ്യം തോന്നി.

നിറഞ്ഞ കണ്ണുകളോടെ നഗ്നശിരസ്സായി അവൾ പൊട്ടിക്കരഞ്ഞു; കടപ്പനപ്പ

ട്ടകൾ മറഞ്ഞുനിന്നുകൊണ്ടു്.

«രാമേട്ടാ, ഞാൻ നശിച്ചു...»

«നശിച്ചു...»

സർവ്വജ്ഞനായ രാമേട്ടൻ നിസ്സഹായനായി; കരുതിക്കൂട്ടിയല്ലെങ്കിലും. നിർവ്വികാരതയോടെ, നിഷ്ഫലമായി എന്തെല്ലാമോ ചിന്തിക്കുന്നുണ്ടെന്നു ദ്യോതിപ്പിച്ചുകൊണ്ടു് അയാൾ നിന്നു.

വഴിമുട്ടി നില്ക്കുന്നു; ജീവിതം. മതിലുകൾ ചാടി, വിദൂരതയുടെ വെളിമ്പറമ്പിലൂടെ പദയാത്ര നടത്തണം. നടത്തിയേ പററൂ.

"രാമേട്ടനെന്തുവിചാരിക്കുന്നു?"

അവളുടെ കണ്ണുനീരിൻെറ മുമ്പിൽ, ചിതൽപ്പുററുപോലെ അലിഞ്ഞലിഞ്ഞില്ലാതാവുന്ന രാമേട്ടൻ...

(ശേഷം 31-ൽ)

ഈ.വി.കൃഷ്ണപിള്ള

അടൂർ രാമചന്ദ്രൻനായർ

അനവദ്യമായ പ്രസാദാത്മകതത്വത്തിന്റെ പ്രതിഭാപ്രകാശമായിരുന്നു ഈ.വി. കൃഷ്ണപിള്ള. കണ്ണുനീരിലും, മഴവില്ലിന്റെ നല്ലഴകും, മന്ദാനിലന്റെ ആരോമലൊച്ചയും നെയ്തെടുക്കുവാൻ ആ മന്ദഹാസരശ്മിക്കു കഴിഞ്ഞിട്ടുണ്ട്. അവ്യാഖ്യേയമായൊരു ആനന്ദമൂർച്ഛയാണ് ആ പുഞ്ചിരിയിൽനിന്നും ഊറിയൂറി വരുന്നത്. "അംബരമദ്ധ്യം തിളങ്ങുന്നൊരാദിതൃബിംബവും കെട്ടുപോമെങ്കിലാട്ടെ, അക്കരിയുതി പിടിപ്പിച്ചതിലൊരു തീക്കട്ടയുണ്ടാക്കുന്ന സർഗ്ഗശക്തിയായിരുന്നു ഈ. വിയുടേതു്. നൈരാശ്യഗീതത്തിന്റെ ടിപ്പണിയെഴുത്തുകാരനല്ലായിരുന്നു ഈ. വി. മലയാളഹാസസാഹിത്യത്തിന്റെ താരുണ്യഘട്ടം ഈ. വിയിൽ ആരംഭിച്ചു. മുപ്പത്തനാലു വയസ്സുകൾ പിന്നിട്ടുപോയെങ്കിലും മാദകത്വത്തിന്റെ ഇളംതുടുപ്പാർന്ന നനുനനുത്ത കുപ്പായമണിഞ്ഞുകൊണ്ടുള്ള ആ ഹാസസാഹിത്യകനൃകയുടെ നില്പിന് ഇന്നും യാതൊരു കോട്ടവും തട്ടിയിട്ടില്ല. ഈ. വിയുടെ ലളിതഭാഷയും മനംകുളിർപ്പിക്കുന്ന ഫലിതവും ചടുലമധുരമായ നമ്പ്യാർക്കവിതകളെപ്പോലെ കേരളീയജനതയെ കോരിത്തരിപ്പിക്കുന്നുണ്ട്. ജീവിതത്തെ തന്നെ ഒരു പൊട്ടിച്ചിരിയാക്കി മാററിയ മാന്ത്രികനാണ് ഈ. വി. സമുദായത്തിലെ മാന്യന്മാരെന്നു മേനിനടിക്കുന്നവരുടെ വൻവങ്കത്തരങ്ങളെ തുറന്നുകാണിക്കുകയും അവരുടെ സ്വയംകൃതാനർത്ഥങ്ങളെ രണ്ടുപക്ഷത്തോടെ വരച്ചുകാട്ടുകയും ചെയ്ത ഈ വിദഗ്ദ്ധനായി ഈ. വി. മാത്രമേയുള്ളൂ!

ഗദ്യഫലിതോപാധി

പരിഹാസത്തിലൂടെ ഫലിതം മെനഞ്ഞെടുക്കുവാൻ നമ്പ്യാർ പ്രയോഗിച്ച ഉപാധി പദ്യമായിരുന്നു. സഞ്ജയന്റെ മാർഗ്ഗദർശനം നല്കിയ പാതയും കവനത്തിന്റേതായിരുന്നു. എന്നാൽ ഈ. വി. തിരഞ്ഞെടുത്ത മാർഗ്ഗമോ, ഗദ്യം പരിഹാസത്തിന്റെ അമ്പിൽ ഫലിതത്തിന്റെ ശരം തൊടുക്കുവാൻ ആദ്യമായി ഗദ്യത്തെ സ്വീകരിച്ച പ്രതിഭാശാലി ഈ. വിയാണ്. കേരളത്തിൽ ഇന്നുവരെ ആർക്കും സാധിച്ചിട്ടില്ലാത്ത വൈദഗ്ദ്ധ്യത്തോടുകൂടി ആ ആയുധം അദ്ദേഹം പ്രയോഗിച്ചു; പരിപൂർണ്ണമായതിൽ വിജയിക്കുകയും ചെയ്തു. എരിവും മുച്ചയുമുള്ള പരിഹാസം വെട്ടിത്തുറന്നു പ്രയോഗിക്കുവാനുള്ള ഗദ്യത്തിന്റെ കെല്പ് അദ്ദേഹം തെളിയിച്ചു. കൂടിയാട്ടക്കാരന്റെ ശൃംഗാരകവനങ്ങളിലും, തുള്ളൽക്കാരന്റെ ഇഴയുന്ന പാട്ടിലും വ്രീളാഭാവമുൾക്കൊണ്ടുനൃത്തകയായിരുന്നു അന്നുവരെ ഹാസ്യാവിഷ്കരണം. വായനക്കാരെ ഓർത്തോർത്തു ചിരിപ്പിക്കുന്ന കരുത്തുററ ആ ഗദ്യശൈലി ഇന്നും അനവദ്യസുന്ദരമായി മററപ്പെട്ടനില്ക്കുന്നു. നർമ്മരസത്തെ വാക്കുകളുടെ ചിമിഴിലടച്ച ആ കലാമർമ്മജ്ഞതയുടെ പകർപ്പിരപോലും അവകാശികളാക്കുവാൻ ഇന്നും നമ്മുടെ ഫലിതസാഹിത്യകാരന്മാരെന്നു വിളിക്കപ്പെടുന്നവർക്കു സാധിച്ചിട്ടുണ്ടോ?

തുലികാചിത്രപ്രസ്ഥാനത്തിന്റെ ജനയിതാവ്.

കഞ്ചനശേഷം സ്വാമാനൃജനങ്ങൾക്ക് ഏററവും ആരാദ്ധ്യനായിത്തീർന്ന ഫലിതസാഹിത്യകാരനാണ് ഈ. വി. ഓജസ്സുരമായ സരസഗദ്യത്തിലൂടെ ഈ. വിയാണ് മലയാളത്തിലെ തുലികാചിത്രപ്രസ്ഥാനം ആരംഭിച്ചതു്. പാശ്ചാത്യസാഹിത്യപരിചയം ഇക്കാര്യത്തിൽ അദ്ദേഹത്തെ വളരെ സഹായിച്ചു. പക്ഷേ, പാശ്ചാത്യസാഹിത്യത്തിന്റെ ദുർബ്ബലമായ അനുകരണനങ്ങളല്ലായിരുന്നു അദ്ദേഹത്തിന്റെ തുലികാചിത്രാവലി. വ്യക്തിത്വത്തിന്റെ വിരമുദ്ര അതിലുടനീളം പതിഞ്ഞുകാണാം. നൈസർഗ്ഗികമായ വാസനാസമ്പത്തായിരുന്നു അതിനു കാരണം. ഇക്കാര്യം അദ്ദേഹംതന്നെ വിവരിക്കുന്നതു നോക്കുക: "എന്നെ ആരും അറിയാത്തതായ ദിക്കിൽ പോകുക, മലിനവസ്ത്രധാരിയായി നടക്കുക, ഓരോരുത്തരുടെ ഭാവങ്ങൾ ശ്രദ്ധിക്കുക, ഞാൻ സുഖിക്കുക, പിന്നീട് അക്കാര്യങ്ങളെല്ലാം ഒന്നിനു പത്തായി സ്നേഹിതന്മാരോടു പറഞ്ഞുരസിക്കുക." ചെറുപ്രായം മുതലേ അദ്ദേഹത്തിനുള്ള ഈ അപൂർവ്വവിനോദവ്യാപാരരീതിയായിരുന്നു പില്ക്കാലത്ത് സരസമധുരമായ തുലികാചലനംവഴി കേരളീയരെ പുളകമണിയിച്ചതു്.

സമുദായത്തിന്റെ മേലെത്തലപ്പത്തു് ഇരുപ്പുറപ്പിച്ചിരുന്ന ആളുകളെയാണ് ഈ. വി. തുലികാചിത്രരചനയിലൂടെ നിശിതമായി ആക്ഷേപിച്ചതു്. അദ്ദേഹം പറയുന്നു: "എന്റെ ചിത്രങ്ങളിൽ പലരെപ്പററിയും കഠിനമായി ആക്ഷേപിച്ചിട്ടുണ്ട്. ചിലരുടെ ശീലവിശേഷങ്ങൾ, രൂപവൈകല്യങ്ങൾ, മനോഭാവങ്ങൾ, പ്രവൃത്തികൾ മുതലായവ കത്തിക്കൊലപോലെയുള്ള നിശിതവിമർശനത്തിന് ആ പ്രബന്ധങ്ങളിൽ വിഷയങ്ങളായിത്തീർന്നിട്ടുണ്ട്." ഈ രീതിയിലുള്ള ആക്ഷേപശരം തനിക്കെതിരായി പോലും ഉപയോഗിക്കുവാൻ അദ്ദേഹം മടിച്ചിട്ടില്ല. അതിനുവേണ്ടി തന്നെപ്പററി തന്നെ അദ്ദേഹം കഥകൾ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വൈമുഷ്യവ്യക്തിയെ കടുത്ത ചായത്തിൽ അവതരിപ്പിക്കുന്നതിന് ഒരു ഉദാഹരണം ഇതാ: "മനുഷ്യവർഗ്ഗത്തിൽ ആർക്കും കാണാത്ത ബുദ്ധിശൂന്യത ആഭരണംപോലെ പ്രതാപത്തിനായി അണിഞ്ഞിരിക്കുന്ന നേതാവേ! നിങ്ങളെ ഞാനല്ല, മനുഷ്യരാരുമല്ല. കാലം—സത്യവേദിയായ ആ സത്വം—യഥായോഗ്യം ശിക്ഷിച്ചുകൊള്ളും."

ഒരു നല്ല നടനും ഹാസ്യാനുകരണവിദഗ്ദ്ധനുമായിരുന്നു ഈ. വി. ആരുടെയും—പ്രത്യേകിച്ച് ഉന്നതവ്യക്തികളുടെ ആശയങ്ങളും വാചകങ്ങളും അപശ്രുതിയിൽ പകർത്തിക്കാണിച്ച് അദ്ദേഹം സ്നേഹിതന്മാരെ പൊട്ടിച്ചിരിപ്പിച്ചിട്ടുണ്ട്. സ്നേഹിതന്മാരെ രസിപ്പിക്കുവാൻവേണ്ടി, തന്റെ അനുകരണവൈദഗ്ദ്ധ്യം അവരെ ധരിപ്പിക്കുവാൻവേണ്ടി, ഈ ഫലിതസമ്പന്നൻ വിദൂഷകവേഷം കെട്ടിയിട്ടുള്ള എത്രയോ കഥകൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ രേഖപ്പെടുത്തിയും പറഞ്ഞും അറിഞ്ഞിട്ടുണ്ട്. ഉള്ളൂരിനേയും വള്ളത്തോളിനേയും മന്നത്തുപത്മനാഭനേയും, ടി. എം. വറുഗീസിനേയും, കെ. സി. മാമൻമാപ്പിളയേയും മററും അദ്ദേഹം അനന്യസാധാരണമായ രീതിയിൽ അനുകരിച്ചിട്ടുണ്ട് സുപ്രസിദ്ധ വാഗ്മിയായിരുന്ന എസ്. കെ. നായരുടെ

ചപ്പോച്ചിയെ അനുകരിച്ച് ഈ. വി. നടത്തിയ പ്രസംഗം പ്രൊഫ: സി. ഐ. രാമൻനായർ ഇപ്രകാരം പകർത്തുന്നു; "മി. പ്രധാനമന്ത്രി!, മഹതികളെ, മഹാന്മാരെ! ഞാൻ എന്റെ ഉത്തമസുഹൃത്തായ ജപ്പാൻചക്രവർത്തിയുമൊരുമിച്ച്, ടോക്കിയോനഗരത്തിന്റെ വിസ്തൃതവീഥികളിൽക്കൂടി തോളോടുതോൾചേർന്ന കൈകോർത്തുപിടിച്ച് മന്ദംമന്ദം നടന്നുപോയപ്പോൾ, കണ്ണു കാഴ്ച എന്നെ ഇപ്പോഴും രോമാഞ്ചകഞ്ചുകിതനാക്കിത്തീർക്കുകയും വിസ്മയപരതന്ത്രനാക്കിത്തീർക്കുകയും ചെയ്യുന്നതെന്തുകൊണ്ടെന്നാൽ, അല്ലയോ മിസ്റ്റർ പ്രധാനമന്ത്രി! അവിടെയുള്ള പുരജനങ്ങൾ, ആണ്പെണ്ണഭേദമെന്യേ വെള്ളക്കടലാസുണ്ടാക്കുവാൻവേണ്ടി മുള്ളുള്ള മുളകളുടെ അഗാംബൊള്ളി (Agambolli) പെരാംബൊള്ളി (Perambolli) എന്നിരണ്ട് അനർഘവസ്തുക്കൾ ശേഖരിക്കുന്നതിൽ നിരന്തരം വ്യാപരിച്ചുകൊണ്ടിരിക്കുന്നതായി ഞാൻ കണ്ടതുകൊണ്ടാണ്."

മുളയ്ക്ക് ഇങ്ങനെ രണ്ടു സാധനങ്ങൾ ഉണ്ടെന്നു നാരായണൻ കേട്ടിട്ടില്ല. ലണ്ടനിലുള്ളവരും കേട്ടിരുന്നില്ല. എസ്. കെ. കടഞ്ഞിട്ട ഇംഗ്ലീഷ്വാക്കുകൾ കേട്ട് പാർലമെന്റ് അംഗങ്ങൾ അമ്പരന്നു മുഖത്തോടുമുഖംനോക്കി. ചർച്ചിലിന്റെ മുഖംപോലും മങ്ങിച്ചുവന്നു. അർത്ഥം ഒരു തുമ്പും കിട്ടിയില്ല. എങ്കിലും തമ്മിൽത്തമ്മിൽ ഉരിയാടിയില്ല. അവരുടെ അജ്ഞതകൊണ്ടായിരിക്കുമെന്ന് അവർ സമാധാനിച്ചു. മീററിംഗ് കഴിഞ്ഞ് അവർ നിഘണ്ടുക്കളായ നിഘണ്ടുകളെല്ലാം തപ്പിനോക്കി. എവിടെക്കാണുന്നു? എസ്. കെ. തന്നെ ഈ വിവരം ഒരു സദസ്സിൽ ഈ. വി യോടു പറഞ്ഞുപോലും! ഈ. വി.—അപ്പോൾ ചേട്ടാ, ചേട്ടൻ ഒർത്ഥവുമില്ലാതാണോ ആ വാക്കുകൾ എടുത്തു വിക്കിയതു്?"

ആ കപ്പ്ടാകൃതാക്കാരൻ എസ്. കെ. ഇതുകേട്ട് ഒട്ടേറെ ചിരിച്ചത്രേ. "അല്ലാ, അനിയാ! അല്ല. എനിക്കങ്ങനെ അപ്പോൾ തട്ടിവിടുവാൻ തോന്നി; പറഞ്ഞുവന്നാൽ നിന്നു പിഴയ്ക്കുണമല്ലോ മലയാളത്തിലെ, 'അകംപൊളി, പുറംപൊളി' ഈ രണ്ടു വാക്കുകളാണ് അപ്പോൾ ഓർമ്മയിൽ വന്നതു്. അതു് ഇംഗ്ലീഷുമട്ടിൽ അഗാംബൊള്ളി. പെരാംബൊള്ളി. എന്നാക്കി, മേശപ്പുറത്ത് ആഞ്ഞു് രണ്ടിടിയും കൊടുത്തു. 'ഇന്നാ പിടിച്ചോ' എന്ന ഭാവത്തിൽ അങ്ങു വിട്ടു എന്നു മാത്രം." ഈ വി. യുടെ അനുകരണഭ്രമത്തിന്റെ ആസ്വാദ്യത വ്യക്തമാക്കുവാൻ ഇതൊരു നല്ല ഉദാഹരണമാണ്. സുഹൃത്തുക്കളെ പൊട്ടിച്ചിരിപ്പിക്കുവാൻ വേണ്ടിയുള്ള നിർദ്ദോഷമായ അനുകരണങ്ങളായിരുന്നു ഇവയിൽ പലതും. പക്ഷേ കഷ്ടമെന്നു, പറയട്ടെ ഇതു് അദ്ദേഹത്തിനു് ഒട്ടനവധി ശത്രുക്കളേയും ഉണ്ടാക്കി. ചിരിച്ചും ചിരിപ്പിച്ചുകൊണ്ടുമാണ് ആ ഫലിതസമ്രാട്ട് ജീവിച്ചതു്. ഫലിതം ഫലിതത്തിനുവേണ്ടി എന്നതായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ശ്രീ. എൻ. കൃഷ്ണപിള്ള പ്രസ്താവിക്കുന്നതുപോലെ "മനുഷ്യന്റെ സാർവ്വകാലികവും സാർവ്വദേശീയവുമായ വൈകൃതങ്ങളും വൈകല്യങ്ങളുമാണ് അദ്ദേഹത്തിന്റെ പരിഹാസത്തിനു വിഷയീഭവിച്ചതു്. അല്പന്മാർ, അനീതികൾ, പെൺപിറന്നോന്മാർ, സർവ്വവ്യാപികൾ, സമുദായപ്രമാണികൾ, ഈശ്വരൻ—ഇങ്ങനെ പോകുന്നു ഈ. വി യുടെ തൂലികയെ ചലിപ്പിച്ച വ്യക്തികളും, വർഗ്ഗങ്ങളും, സ്ഥാപനങ്ങളും. പരിഹാസം മെനഞ്ഞെടുക്കുവാൻ അദ്ദേഹം സാധാരണക്കാരന്റെ വാക്കുകളും സംഭാഷണരീതിയുമാണ് സ്വീകരിച്ചതു്. ഏതു നിലവാരത്തിലുള്ള ആളുകളുടെയും വികാരവിചാരങ്ങളോടു് ഏകീഭാവബോധം പുലർത്തുവാനുള്ള ഒരസാധാരണപാടവം ഈ. വിക്കുണ്ടായിരുന്നു. പോലീസ്സുകാരുടേയും ബസ്കണ്ടക്ടർമാരുടേയും ഭാഷയും പ്രവൃത്തിയും സമാകൃഷ്ടമായ രീതിയിൽ ആവിഷ്കരിച്ച മറെറാരു കലാമർമ്മജ്ഞതനേയും ചൂണ്ടിക്കാണിക്കുവാനില്ല. ഹാസ്യാന്തരീക്ഷം സൃഷ്ടിക്കുവാൻ ഒരു കൃത്രിമഭാഷ അദ്ദേഹം പ്രയോഗിച്ചിരുന്നില്ല. ഒരു പൂവിടുന്ന ലാഘവത്തോടെ നാടോടിമട്ടിലുള്ള ഈ. വി.യുടെ ആഖ്യാനപാടവം സാധാരണക്കാരന്റെ ഉള്ളിനെ കുളിരണിയിച്ചതുകൊണ്ടാണ്. ചിന്താമധുരമായ വർണ്ണചിത്രങ്ങൾ മെനയുന്നതുകുവാനുള്ള അദ്ദേഹത്തിന്റെ പാടവത്തിനു് ഒരു ഉദാഹരണമാണ് 'മീററിംഗ് ചടങ്ങു്'. ഈശ്വരപ്രാർത്ഥനയാണ് ആദ്യം: "ഉണങ്ങിവരണ്ട മൂന്നു പെൺകുട്ടികൾ ഒരു ദിവസം മാത്രം അവർക്കു പരിചയപ്പെടുന്ന വെള്ളക്കാരും, വല്ലവരുടേയും ജഡ്ജിമാരുമായി അദ്ധ്യക്ഷന്റെ മുമ്പിൽ വന്നുനിന്നു ക്ഷേമഗാനം നടത്തുന്നതിനാണ് ഈശ്വരപ്രാർത്ഥന എന്നു പറയുന്നതു്. പട്ടിണിക്കാരിലും പാതിജീവനുള്ളവരിലും കനിയുന്ന ഈശ്വരനാണെങ്കിൽ ഇതു കേട്ടാൽ ഉടൻ പ്രത്യക്ഷപ്പെട്ടുമെന്നുള്ളതു തീർച്ചയാണ്. ആ ദിക്കിലെ വാസ്യായനപട്ടവായ നാട്ടുഭാഷാവിദ്യാലയഹർഷിയുടെ കൃതിയായിരിക്കും ഈ പ്രാർത്ഥന അയാൾ ഒട്ടുമുക്കാലും നടുവനായി ഈ ദരിദ്രശിശുക്കളുടെ അടുത്തുകാണും. അത്തക്കാനേക്കി വിദ്യാനെ തട്ടിയെടുത്തു് അടുത്ത പോലിസ ലാക്കപ്പിലേക്കു് ആനയിച്ചാൽ പിന്നെ ഈശ്വരനും മനുഷ്യനും ആ ദേശത്തു സുഖമായി കഴിഞ്ഞുകൂടാം. പക്ഷേ, മനുഷ്യനിർമ്മിതങ്ങളായ നിയമങ്ങൾ എത്ര അപൂർണ്ണങ്ങൾ! അതുകൊണ്ടു ഈ വക കാര്യങ്ങൾ യാതൊരു രക്ഷയ്ക്കും ഒരിക്കലും വരുന്നതല്ല." മലയാളത്തിൽ സരസമായ ഉപന്യാസപ്രസ്ഥാനത്തിന്റെ സുവർണ്ണകാലം തുടങ്ങിയതു് ഈ. വി. യുടെ ആഗമനത്തോടുകൂടിയാണ്. ചിരിയുടെ തരിവളക്കിലുക്കം മുഴങ്ങിക്കേൾക്കുന്ന ഈ. വി. യുടെ ജീവികസ്മരണകൾക്കു തുല്യമായി മറെറാരു കൃതിയു മലയാള ആത്മകഥാസാഹിത്യത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല.

ഈ. വി. യുടെ കൃതികൾ

ബഹുമുഖ വ്യക്തിത്വമുണ്ടായിരുന്ന ഈ. വി. ആദ്യം നോവലുകളും, പിന്നീടു ചെറുകഥകളും, നാടകങ്ങളും, ഒടുവിൽ ഫലിതോപന്യാസങ്ങളുമാണ് എഴുതിയതു്. ബാലകൃഷ്ണൻ, ബാഷ്പവർഷം ഇവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. ഇംഗ്ലീഷ്നോവലുകളെ ഉപജീവിച്ചെഴുതിയ ഈ ആദ്യകൃതികളുടെ കലാപരമായ മേന്മയെ വിലയിരുത്തേണ്ടതില്ല. പക്ഷേ, ഒരു സരസകഥാകൃത്തെന്ന നിലയിൽ അദ്ദേഹത്തിന്റെ ചെറുകഥകൾ മലയാളസാഹിത്യചരിത്രത്തിൽ നിത്യഭാസുരമായ ഒരു അദ്ധ്യായം തുന്നിച്ചേർത്തു. പാശ്ചാത്യസാഹിത്യസമ്പർക്കത്തിൽ നിന്നും രൂപംകൊണ്ട മലയാളത്തിലെ ആദ്യ ചെറുകഥാസാഹിത്യകാരന്മാരിൽ മുമ്പനാണ് ഈ. വി. കവിതകൾക്കു പ്രമുഖസ്ഥാനം അനുവദിച്ചിരുന്ന അന്നത്തെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വൈവിദ്ധ്യത്തിന്റേതായ ഒരാകർഷകത്വം നല്കിക്കൊണ്ടാണ് ഈ. വി. യുടെ കഥകൾ പ്രത്യക്ഷപ്പെട്ടതു്. ലളിതമുള്ള ശൈലിയിൽ രചിച്ച അവ വായനക്കാരെ ഹഠാദാകർഷിച്ചു. 'കേളിസൗധം' എന്ന പേരിൽ നാലു ഭാഗങ്ങളായി അറുപതിലധികം ചെറുകഥകൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സരസകഥാകൃത്തെന്ന നിലയിൽ പേരു സമ്പാദിച്ച ശേഷമാണ് ഈ. വി. നാടകരചന തുടങ്ങിയതു്. കള്ളപ്രമാണം, സീതാലക്ഷ്മി, രാജാകേശവദാസൻ, രാമരാജപട്ടാഭിഷേകം, പ്രണയക്കമ്മീഷൻ, വിസ്മൃതി, ബി. എ. മായാവി, ഇരവിക്കുട്ടിപ്പിള്ള, വ വാഹക്കമ്മട്ടം, മായാനുഷ്യൻ, പെണ്ണരശുനാട് ഇവയാണ് അദ്ദേഹത്തിന്റെ നാടകങ്ങൾ. സീതാലക്ഷ്മിയും, രാജാകേശവദാസനും, രാജരാജപട്ടാഭിഷേകവും, ഇരവിക്കുട്ടിപ്പിള്ളയും . ചരിത്രനാടകങ്ങളാണ്. ബാക്കിയുള്ളവ സമുദായിക നാടകങ്ങളും. നാടകം ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ വികസിച്ച കാലഘട്ടം 1925-നും 1940-നുമിടയ്ക്കാണ്. ഈ കാലഘട്ടത്തിനു സജീവനേതൃത്വം നല്കിയതു് ഈ. വി. യാണ്. ചരിത്രനാടക രചനയ്ക്കു മാർഗ്ഗദർശനം നല്കിയതും ഈ. വി തന്നെ. അദ്ദേഹത്തിന്റെ ചരിത്രനാടകങ്ങൾ പലകുറി അരങ്ങത്തു് അവതരിപ്പിക്കപ്പെട്ടു പ്രസിദ്ധി നേടി. രാജാകേശവദാസനിലെ മാർത്തുതരകന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹം ഒരു നല്ല നടനെന്ന പേരും സമ്പാദിച്ചു. ഈ. വി. യുടെ ഹാസ്യനാടകങ്ങളായ കള്ളപ്രമാണം, ബി. എ. മായാവി. പെണ്ണരശുനാട്, പ്രണയക്കമ്മീഷൻ ഇവ കേരളത്തിലുടനീളം പലയാവർത്തി അഭിനയിക്കപ്പെട്ടിട്ടുണ്ട്. കോമഡി എന്ന നാടകശാഖയെ മലയാളത്തിൽ വളർത്തിയെടുത്തതു് ഈ. വിയാണ്. വമ്പിച്ചൊരു ആസ്വാദകവൃന്ദത്തെ ആകർഷിച്ച ഈവിയുടെ

കവിതക്കേസ്" കഥാഖ്യാനത്തിന്റേയും നാടകത്തിന്റേയും സമ്മിശ്രിതരൂപമാണ്". ദുഷ്യന്തനാടകപ്പെരുപ്പത്തെ പരിഹസിച്ച് 1893-ാമാണ്ട് "രമക്കുട്ടി" നിർമ്മിച്ച "ചക്കിചങ്കരത്തിലും, നോവൽഭ്രമത്തെ തടയാനായി 1892-ൽ കിഴക്കേപ്പാട്ട് രാമൻകുട്ടിമേനോൻ എഴുതിയ 'പറങ്ങോടി പരിണയ'ത്തിലും കവിതക്കേസ്സിലെ ഹാസ്യരസസൗഭാഗ്യത്തിന്റെ നൂറിലൊരംശമേ കാണുകയുള്ളുവെന്നാണ് പ്രസിദ്ധനാടകകൃത്തായ എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നത്. എങ്കിലും ഈ. വി. നാടകങ്ങൾ കുറേമാറ്റവരയന്നു പറഞ്ഞുകൂടാ. കഥാഘടനയിൽ പല അപാകതകളും കടന്നുകൂടിയിട്ടുണ്ട്. അനേകം ചരടുകളുള്ള ഇതിവൃത്തങ്ങളിൽ കോത്തിണക്കി അവയെ കൂട്ടിച്ചേർക്കാതെ ബന്ധശൈഥില്യം വരുത്തുക, വിനോദാംശവും ഗൗരവാംശവും വിവേചനരഹിതമായി കൂട്ടിച്ചേർക്കുക, കഥാഗതിയുമായി പുലബന്ധംപോലുമില്ലാത്ത പാത്രസൃഷ്ടി നടത്തുക തുടങ്ങിയ വികലതകൾ അവയിൽപെടും.

നാടകങ്ങൾക്കുപുറമേ ഗുരുസമക്ഷം, വിരമഹത്ത്വം, ബാലലീല, ഭാസ്കരൻ, സുഖജീവിതം മുതലായ ഗ്രന്ഥങ്ങളും ഈ. വി. രചിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ഉദ്ദേശിച്ച് നിർമ്മിച്ചവയാണ് ഈ. കൃതികൾ. ഭാരതീയകോൺഗ്രസ് നേതാക്കന്മാരെപ്പററിയുള്ള പഠനങ്ങളാണ് "കോൺഗ്രസ്സ ചിത്രങ്ങൾ" എന്ന പുസ്തകം. "അക്കാലങ്ങൾ" ഭാരതീയസ്വാതന്ത്ര്യസമരകാലത്തെ ചില സംഭവങ്ങളെ ഗൌരവപൂർവ്വം ചർച്ചചെയ്യുന്ന രാഷ്ട്രീയപ്രബന്ധങ്ങളാണ്. തിരുവിതാംകൂർ സ്റ്റേററുകോൺഗ്രസ്സിന്റെ സ്ഥാപനത്തിൽ ഈ. വിക്കുള്ള പങ്ക് സുവിദിതമാണല്ലോ.

ലബ്ധപ്രതിഷ്ഠനായ ഫലിതസാഹിത്യകാരനായി ഈ. വിയെ ഉയർത്തിയ ഗ്രന്ഥങ്ങളാണ് എം. എൽ. സി. കഥകൾ, ഈ. വി കഥകൾ, കവിതക്കേസ്", പോലീസുരാമായണം, ചിരിയും ചിന്തയും (രണ്ടു ഭാഗങ്ങൾ) ജീവിതസ്മരണകൾ (രണ്ടു ഭാഗങ്ങൾ) നർമ്മരസോഷ്മളവും, ലക്ഷണഘടിതവുമായ 'ചിരിയും ചിന്തയും' ഇക്കൂട്ടത്തിൽ മുന്തിനില്ക്കുന്നു. മലയാളത്തിലെ വിനോദപ്രധാനമായ ശുദ്ധസാഹിത്യകൃതികളിൽ പ്രഥമസ്ഥാനം ഈ കൃതിക്കാണ്. അനുഭവബഹുലമായ തന്റെ ജീവിതകഥ സ്വതഃസിദ്ധമായ ആത്മോപഹാസം കലർന്ന ഭാഷയിൽ ആവിഷ്കരിക്കുന്ന ഒരുത്തമ ആത്മകഥാസാഹിത്യഗ്രന്ഥമാണ് ജീവിതസ്മരണകൾ.

ഈ. വിയുടെ ജീവിതവീക്ഷണം

പരിതഃസ്ഥിതികൾക്കൊത്തു ജീവിക്കുന്നതു് സാഹിത്യകാരന്റെ ചിന്താസ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുകയാണെന്ന് ഈ. വി. ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. സമുദായാചാരത്തെ ഉല്ലംഘിച്ചു പുതിയ പുതിയ അനുഭൂതികൾക്കുവേണ്ടി കുറിക്കൊണ്ട ഒരു ഹൃദയമായിരുന്നു അദ്ദേഹത്തിന്റേതു്. 'വിവാഹക്കമ്മട്ട്'മെന്ന പുസ്തകത്തിന്റെ സമർപ്പണവാക്യം നോക്കുക: "സമുദായാചാരങ്ങളും ഹൃദയബന്ധങ്ങളും തമ്മിലുള്ള ഭിന്നതകൊണ്ടു സങ്കടപ്പെട്ട ലൌകികവിജയം, ആത്മസംതൃപ്തി എന്നിങ്ങനെ രണ്ടിൽ ഒന്നിനെ മാത്രം പ്രതീക്ഷിക്കേണ്ടിവരുന്ന നിർബന്ധിതാവസ്ഥയിൽ ഉഴലുന്നതായ നമ്മഹോദരങ്ങൾക്ക്" 'ചിന്തയുടേയും തൂലികയുടേയും സർവതന്ത്രസ്വതന്ത്രമായ വിഹാരം; അതെവിടെ തടയപ്പെടുന്നുവോ, അവിടം തരോമതമായ നിരാശിക്കേണ്ടാണെന്ന് അദ്ദേഹം സാധാരണ പറയാറുണ്ടായിരുന്നു. സാഹിത്യത്തിൽ താനൊരു നിരങ്കുശനായ എഴുത്തുചാട്ടക്കാരനാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു നിയന്ത്രണത്തിനു കീഴ്വഴങ്ങി ജീവിച്ച കാലമത്രയും അദ്ദേഹത്തിന് ഒന്നും എഴുതുവാൻ കഴിഞ്ഞിട്ടില്ല പുരോഗതിയെന്നാൽ 'അടിപിടിയും ഉടമ്പടി'യുമായിരുന്നു ഈ. വി. ക്ക്. രാഷ്ട്രത്തിന്റെ പുരോഗതിയെ "കലക്കേണ്ട" കർത്തവ്യം ചിന്തകന്മാരുടേയും സാഹിത്യകാരന്മാരുടേതുമാണെന്ന് അദ്ദേഹം വിശ്വസിച്ചു. മതവും ഈശ്വരനുമൊന്നും അദ്ദേഹത്തിനു പുശ്നങ്ങളല്ലായിരുന്നു. ഷർട്ടും മുണ്ടും മാറുന്നതുപോലെ മാസത്തിൽമാസത്തിൽ മതം മാറിമാറി നോക്കാൻ കുറെ യുവാക്കൾ തയാറാവുകയും, എല്ലാ ദിക്കിലും കോസ്മോപൊളിററൻ ആരാധനസ്ഥലങ്ങൾ വായനശാലപോലെ പൊടിച്ചു പൊങ്ങിയാൽ മതം തനിയെയില്ലാതാകുമെന്നും അദ്ദേഹം പറഞ്ഞു. ഈശ്വരനെപ്പററി ആനിരീക്ഷണപട്ടു എഴുതി "ഈശ്വരൻ ഉണ്ട്; ഇല്ലേ? ആകട്ടെ. അങ്ങിനെ സമ്മതിക്കാം, ആ ഈശ്വരനു നമ്മെപ്പററി ചില നിർബ്ബന്ധങ്ങൾ ഒക്കെയുണ്ടെന്നും പറയുന്നു. നാം എന്തൊക്കയോ ചെയ്യണമെന്ന്. അതാണു നിർബ്ബന്ധം. എന്നാൽ ഈശ്വരന്റെ അധികാരാതിർത്തി എവിടംവരെയായിരിക്കുമോ? നാം ഇക്കാണുന്നതും കേൾക്കുന്നതുമായ പ്രപഞ്ചം മുഴുവനുണ്ട്. അതുതന്നെ പോരല്ലോ? പരലോകത്തിലും കാണണമല്ലോ. പരലോകം എന്നുവച്ചാൽ എന്താണ്? ആത്മാവിനു നാശമില്ലെന്നും, വിക്രമാദിത്യനെപ്പോലെ കാടാറുമാസം, നാടാറുമാസം എന്ന നിലയിലോ, ഇൻഡ്യാ ദൈവസ്ത്രായിയെപ്പോലെ ഡൽഹിയിൽ കുറെ നാൾ, സിംലയിൽ കുറെ നാൾ എന്ന രീതിയിലോ ഇഹലോകത്തിൽ കുറേ നാൾ, പരലോകത്തിൽ കുറേനാൾ എന്ന മട്ടിൽ സഞ്ചരിക്കുകയാണെന്നും ആണല്ലോ സുസമ്മതമായ നിലയിൽ എത്തീട്ടുള്ള ബോധം" ഈ. വിക്കൊരു സ്മരകം.

ഈ. വിയെന്ന 'ഫലിതകായ'നെപ്പററിയുള്ള ഒരു നവചിത്രമാണ് മുകളിൽ കൊടുത്തതു്. മലയാളഭാഷയും സംസ്കാരവും നിലനില്ക്കുന്നിടത്തോളം കാലം ഈ. വിയുടെ യശഃചന്ദ്രികയ്ക്കു മങ്ങൽ സംഭവിക്കയില്ല! പക്ഷേ, ഈ. വിയെന്ന അതിമാനുഷനെ സൃഷ്ടിച്ച കഥ പറയുവാൻ അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ആകെയുള്ളതു് ഒരു് പത്താംതരം വായനശാല മാത്രമാണ്? അനർഹന്മാർക്കും അപ്രശസ്തർക്കും സ്മാരകം പണിയുവാൻ ലക്ഷക്കണക്കിനു പൊതുമുതൽ വാരിക്കോരി ചൊരിയുന്ന ജനകീയ സർക്കാർ ഈ അതികായനൊരു സ്മരകമുദ്ര നിർമ്മിച്ചുകൊടുക്കുവാൻ മുന്നോട്ടുവരുമോ?

—0—



കൈകളിലാനാടൻ
വീണയും വാളും കണ്ടു-
കൌതുകം കണ്ണിൽപ്പൂണ്ടു
ചോദിച്ചു സുഹൃത്തുക്കൾ

എന്തിനിക്കൈവാൾ, കേവ
ഭാരമാണതു, ഭാവ-
ബന്ധുരാലാപത്തിന്നീ
വല്ലകിതന്നെ പോരും!

തെന്നലിൽ താനേമുളും
തന്ത്രികൾ തലോടിയും
മിന്നിയ കരവാളിൻ
വായ്ത്തല തഴുകിയും

കാലത്തി,ന്നനന്തമാം
വീഥിയിലൂടെ, ചിന്താ-
ശാലിയായ്ചരിക്കുന്ന
സബ്ബാരിയേവം ചൊല്ലി

നീലവിണ്ണിനു ചോട്ടി,
ലീമണ്ണിൽ വസന്തത്തിൻ-
ശ്രീലമാം സൌന്ദര്യങ്ങൾ
പൂക്കുവാൻ വിപഞ്ചിതൻ

ലോലതന്ത്രികൾ മീട്ടി
പാട്ടുപമ്പോൾ; വൈരൂപ്യത്തിൻ
വേലിമുള്ളുകൾ വെട്ടി
ത്തള്ളുന്നു, തീ, വാളല്ലോ.

വീണയും വാളും സൂക്ഷ്മ
ദർശികൾക്കൊന്നാണല്ലോ
തോഴരെ, സംഹാരവും
സൃഷ്ടിയുമൊരേധർമ്മം.

—ഇയ്യങ്കോട്ട് ശ്രീധരൻ

—o—

ശിലാവത്കരിക്കപ്പെട്ടവൾ

എം. എം. വർഗ്ഗീസ്

കോഴി കൂവി.

ഒന്നല്ല മൂന്നു പ്രാവശ്യം. യെറുശലേമിൽ ശിമോന്റെ ബംഗ്ലാവിൽ നടന്ന അവസാന അത്താഴരാത്രിയിലെന്നപോലെ.

ഉടുമുണ്ടും വാരിപ്പുതച്ചു കട്ടിച്ചാക്കിനകത്തു കെട്ടിയ മൃതദേഹംകണക്കെ കൊച്ചുവാവുവിന്റെ ഡൺലപ്പ്"മെത്തയിൽ സുഷുപ്തി നടക്കുന്ന എന്നെ രാധാമണി കലുക്കി വിളിച്ചു.

"സാറേ..."

ഞാൻ മുരണ്ടു. പാതിയുറക്കത്തിന്റെ മോങ്ങൽ.

വീണ്ടും കലുക്കൽ. പള്ളയിലാണ്" പിടുത്തം.

ഞാനെണീററില്ല.

"ദാ, മൊതലാളിവരണു".."

ഞാൻ ചാടിയെഴുന്നേററു. അവൾ പൊട്ടിച്ചിരിച്ചു.

"ഇതെന്നാ വട്ടാ? എന്റെ ആത്മാവു കത്തിപ്പോയല്ലോ."

"അല്ല സാറെ, സാറെണീക്കാൻവേണ്ടി ഞാനൊരു നുണ പറഞ്ഞുവെന്നുമാത്രം. അതിയാൻ ഉച്ചകഴിഞ്ഞിട്ടേ വരികയുള്ളു. വിമാനം കൊച്ചിയിലെത്തുന്നതുതന്നെ പത്തരയ്ക്കാ..."

ഇരുന്ന ഇരിപ്പിലൊരു തിരിവു തിരിഞ്ഞു ഞാൻ പുതമുണ്ടു് അരയിൽ ഫിററു ചെയ്തു.

ഒരുഗ്രൻ പ്രസ്സ്"കോൺഫ്രൻസ കഴിഞ്ഞ മണം വായിലും മാന്ദ്യം തലയിലും തളംകെട്ടിനിന്നിരുന്നു

രാധാമണി കളിച്ചു ചന്ദനം തൊട്ടിരിക്കുന്നു. ഈറൻമാറാത്ത മുടി കഴുത്തിനു ചുററും വിതറിക്കിടക്കുന്നു. വേഷം കസവുകവണിയും മുണ്ടും. തനി മലയാളി മങ്ക. ആഢ്യ കോവിലകത്തെ തമ്പുരാട്ടി.

സുഗന്ധം. ഓടക്കുഴൽ വിളിക്കുന്ന ഉണ്ണിക്കൃഷ്ണന്റെ ചിത്രത്തിനുമുന്നിൽ സാമ്പ്രാണിത്തിരികൾ കത്തുന്നു.

കൊച്ചുവാവു, നീ മഹാനാണ്". മതേതരത്വത്തിന്റെ ബോഡിഗാർഡേ നിനക്കു നമോവാകം. ഒറിജിനൽ കത്തോലിക്കാക്രിസ്ത്യാനിയായ നിന്റെ സുഖവാസകൊട്ടാരത്തിൽ മുരളീധരന്റെ ചിത്രം

വെയ്ക്കാനും അതിനു മുന്നിൽ കർപ്പൂരം കത്തിക്കാനും നീ അനുവദിച്ചിരിക്കുന്നു. അക്ഷരങ്ങളെ പുച്ഛിക്കുന്നവനെന്ന പേരുദോഷം നിനക്കുണ്ടു്; ശരിതന്നെ. എഴുത്തും വായനയും അറിയാവുന്ന വിജ്ഞാനികൾ നിന്നെ അനുകരിച്ചെങ്കിൽ ഇന്നാട്ടിൽ എത്രപണ്ടേ സോഷ്യലിസം വരുമായിരുന്നു...!

ആനമാർക്കു കാപ്പിയും ശുദ്ധമായ പശുവിൻനെയ്യും ടീപോയിമേൽ ഹാജർ. ആവി പറക്കുന്ന കട്ടൻ.

"ദാ, അതെടുത്തു കുടിക്കു."

"ഇതെടുത്തു തന്നുകൂടേ?"

"നെയ്യിടണോ? ഇവിടെ കലക്കിയെടുക്കുന്ന വെണ്ണയുരുക്കിയെടുത്തതാ..."

"ആയിക്കോട്ടെ..."

കാപ്പികുടി കഴിഞ്ഞപ്പോൾ തലയ്ക്കുള്ളിലെ പഴുതാരക്കുത്തിനു കുറവുണ്ടായി.

"ഇനിയൊന്നു കളിച്ചു ശുദ്ധനാകു."

പെററതള്ളയുടെ വാത്സല്യത്തോടെയായിരുന്നു പെണ്ണിന്റെ ഉപദേശം.

"രണ്ടു പ്രാവശ്യം എന്നെക്കൊണ്ടു കളിപ്പിക്കണോ? അല്ലം കഴിഞ്ഞു കളിമുറി പ്രവേശം പോരേ?"

"അല്ല, കളിച്ചിട്ടു വരൂ എനിക്കിത്തിരി ജോലിയുണ്ടു്."

"ഈ കൊച്ചുവെളുപ്പാൻകാലത്തെന്തു പണിയാ? വെറുതെ മനുഷ്യനെപ്പിടിച്ചു കോലാക്കരുതു്..."

"ഞാൻ പറഞ്ഞതു സാറൊന്നു കേൾക്കു്. ദയവായി കളിച്ചുവരൂ..."

അവളുടെ ആഗ്രഹം നടത്തിക്കൊടുക്കുന്നതിനുവേണ്ടി ഞാൻ ബാത്തു്റൂമിൽ പ്രവേശിച്ചു. പീയേഴ്സ്"സോപ്പു് തേച്ചു ഷവറിനു താഴെനിന്നു. കുററാലം വെള്ളച്ചാട്ടംപോലെ ആലുവാപ്പുഴയിലെ ക്ലോറിനൈസഡ്"ശുദ്ധജലം ഞാനെന്ന പാറക്കെട്ടിൽ വീണു ചിന്നിച്ചിതറി.

തോർത്തിപ്പുറത്തുവരുമ്പോൾ രാധാമണി പത്മാസനത്തിലിരിക്കുന്നു; നട്ടെല്ലും ശിരസ്സും നേരേചിട്ടിച്ചു്, മടങ്ങിയിരിക്കുന്ന കാൽമുട്ടുകളിൽ കരതലങ്ങൾ വെച്ചുകൊണ്ടു്.

"ശ്രീപാർവ്വതി തപസ്സിലാണോ?"

പാതിയടഞ്ഞ കണ്ണുകൾ. ഇമപോലുമിളകുന്നില്ല. മൃദുലമായ ചുണ്ടുകളിൽനിന്നു നേരിയ ശബ്ദം പുറത്തുവരുന്നുണ്ടു്.

ഞാൻ ചെവി കൂർപ്പിച്ചു ശ്രദ്ധിച്ചു.

ലളിതാസഹസ്രനാമം. രാജരാജേശ്വരിയെ ഭജിക്കുകയാണവൾ.

പെണ്ണിനു് നന്മവരട്ടെ.

കൃത്യം പത്തുമിനിട്ടു കഴിഞ്ഞപ്പോൾ അവൾ സമാധിയിൽനിന്നുണർന്നു്.

എന്നുമുണ്ടോ ഭജന?"

"കുറെ നാളുകളായി ദിവസോമൊണ്ടു്. മുന്നരയ്ക്കു് ഞാനെഴുന്നേൽക്കും. ഒരു വല്യ കാര്യം സാധിച്ചുകിട്ടാനൊണ്ടു സാറെ; അമ്മന്റെ ദേവി നടത്തിത്തരാതിരിക്കോ. ...ഭഗവാനെ. കൃഷ്ണാ, ഗുരുവായൂരപ്പാ, വടക്കുന്നാഥാ..."

"എന്തോന്നാണി ആനക്കാര്യം?"

"അവൾ മുരളീകൃഷ്ണന്റെ മനോഹരമായ ചിത്രത്തിലുററുനോക്കി മിണ്ടാതിരുന്നു. അല്ലംകഴിഞ്ഞപ്പോൾ ചുണ്ടുകൾ വിതുമ്പി; കണ്ണുകൾ നിറഞ്ഞു. പിന്നെ ഉപ്പുവെള്ളം കവിളിലൂടെ ഒഴുകാൻ തുടങ്ങി.

എനിക്കു് സഹതാപത്തേക്കാളേറെ ദേഷ്യമാണുണ്ടായതു്.

"പെണ്ണുങ്ങളുടെ ഒരു കുടം കണ്ണീരിനു് പമ്പാനദിയിലെ ഒരു തുള്ളി വെള്ളത്തിന്റെ വിലപോലുമില്ല. മനുഷ്യരെപ്പോലെ ദൈവങ്ങൾക്കും ഇതറിയാം. പിന്നെയെന്തിനായി പാഴ്വേല?"

അവളുടെ നാവിറങ്ങിപ്പോയി.

"നാശം. സ്ഥലംവിടുകയാണു് നല്ലതു്."

ഞാനെഴുന്നേററു. അയയിൽത്തൂക്കിയിരുന്ന സ്ളാക്കെടുത്തിടാൻ തുടങ്ങിയപ്പോഴേക്കും ഇറങ്ങിപ്പോയിരുന്ന നാക്കു് അവൾക്കു തിരിച്ചുകിട്ടി.

"സാറു് കെറുവിച്ചുപോകയാണോ?"

"അതേ, പോകുന്നു."

അവൾ എന്റെ സ്ളാക്കിൽകയറിപിടിച്ചു. ശരീരത്തിൽനിന്നു് അതു് വലിച്ചെടുത്തു.

"ഞാൻ വെഷമിപ്പിച്ചെങ്കി ക്ഷമിക്കണം സാറെ; ഒന്നുമോർത്തല്ല; മനസ്സിലെ

സങ്കടംകൊണ്ടാ. ചെങ്ങന്നൂർഭഗവതി യാണെ സത്യം.»

«ചെങ്ങന്നൂർഭഗവതിയോ? അവിടെ മഹാദേവനാണല്ലോ ചുണ്ണാ ഓരോന്നു് കാച്ചിവിട്ടേക്കാ. പെണ്ണ്ല്ല വർഗ്ഗം!»

എനിക്ക് വിവരമില്ലെന്നവൾ തറപ്പിച്ചുപറഞ്ഞു. ഇക്കാര്യങ്ങളിലൊക്കെ അവൾക്കാണത്രേ കൂടുതൽ വിജ്ഞാനം.

മഹാദേവർക്ഷേത്രത്തിനു നേരെ എതിരെ ഒരേ വളപ്പിൽതന്നെയാണു് ദേവിയുടെയും ആലയമെന്നു് അവൾ പറഞ്ഞപ്പോൾ എതിർക്കാൻ എനിക്ക് സാധിച്ചില്ല. ചെങ്ങന്നൂരിലെ ദേവിക്ക് മറ്റൊരു പ്രത്യേകതകൂടിയുണ്ടു്. വർഷത്തിൽ പല സന്ദർഭങ്ങളിലും ദേവി തൃപ്തയാകും. ശിലാവിഗ്രഹത്തിൽ രക്തം പൊടിക്കും. ഇതുകണ്ടാലുടനെ നടയടയ്ക്കും. നാലാംദിവസം നടതുറന്നു് തൃപ്തയാവോളം നടത്തും.

«ഞാനതിർക്കുന്നില്ല.»

«എതിർക്കാനൊക്കുല്ല. പണ്ടൊരു കൃസ്ത്യാനിസാമ്പ് ഈ വിവരമറിഞ്ഞു് പരിഹസിച്ചു. വിഗ്രഹം ഉത്ഭവമതയാകുന്നതെങ്ങിനെയെന്നു് ചോദിച്ചു. ഉടനെ തുടങ്ങി സാമ്പി്ന്റെ മാമ്മയ്ക്കു് വയറ്റിൽ വേദന. ഡോക്ടർമാർ വന്നു. മരുന്നു കൊടുത്തു. പഠിച്ചപണി പതിനെട്ടും പയറ്റിയിട്ടും രക്ഷയില്ല. മദാമ്മ വാതോരാതെ വേദനകൊണ്ടു് കരയുന്നു. ഒടുവിൽ സാമ്പ് ക്ഷേത്രത്തിൽചെന്നു പ്രായശ്ചിത്തം ചെയ്തപ്പോ മദാമ്മയ്ക്കു് സുഖായി, അറിയാമോ കഥ?...»

«ഞാനതൊക്കെ എങ്ങിനെ അറിയാനാ. വിജ്ഞാനമില്ലാത്തവനല്ലെ.»

«അതു് സാരെന്നെ വരുവാ. ഞാനവടെ പോയിട്ടില്ലല്ലോ എന്നിക്ക് ചെങ്ങന്നൂർദേവിയെ വല്ല്യ വിശ്വാസാ...എന്റെ പൊന്നാദേവി...»

«ദേവി രക്ഷിക്കും. എന്തിനാ കരഞ്ഞോന്നു് പറയൂ...»

വാക്കാലിയുടെ നാവ് വീണ്ടും കിടുകിടാ വിറച്ചു.

«പറയുല്ലെ?»

വീണ്ടും മൗനം.

«പറയുമെങ്കിൽ പറയൂ. നേരം വെളുത്തുതുടങ്ങി...»

«പറയട്ടെ...»

ഞാൻ മൂളി.

«ഞാൻ പറയും.» ഭീഷണിയുടെ സ്വരത്തിൽ അവൾ തുടർന്നു: «പറഞ്ഞോട്ടെ.»

«പറയാനല്ലെ പറഞ്ഞെ.»

«എന്നാലേ...»

«എന്നാൽ?...ഒടുക്കം പറ...»

«എനിക്കൊന്നു പൊറണം»

ശൊട്ടാ ശല്യമേ, അതിനു ഞാനെന്തു വേണം? ഇന്നേവരെ ഒരു സ്ത്രീയോടും പൊറുതതന്നു ഞാനൊട്ടു പറഞ്ഞിട്ടില്ല. ഇനി പറയുകയുമില്ല. പറഞ്ഞാൽത്തന്നെ ഒരു പെണ്ണുചോലും കേൾക്കയുമില്ല. പ്രസവിക്കരുതെന്നു സർക്കാർ പറഞ്ഞിട്ടുപോലും സ്ത്രീകൾ അനുസരിക്കുന്നില്ല: പേറു തടയാൻവേണ്ടി റബ്ബർപ്പശകൊണ്ടു പലതരം ഉറകൾ സർക്കാർ നിർമ്മിച്ചു സൗജന്യവിതരണം നടത്തിനോക്കി. പക്ഷേ. കെട്ടിക്കാത്ത പെണ്ണുങ്ങൾ മാത്രമാണു പ്രസവപ്രതിരോധത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതു്.

«അപ്പഴേ, പ്രിയപ്പെട്ട തമ്പുരാട്ടി ഈ ആഗ്രഹം എന്നു തുടങ്ങി?»

«കുറെ നാളുകളായി...»

നേരത്തെ കണ്ണിൽ കണ്ടവൻമാരൊക്കെ കൂടെ പൊറുത്ത കാലത്തു് ഇങ്ങനെയൊരു മോഹം അവൾക്കുണ്ടായിരുന്നില്ലത്രെ. കാരണം അന്നവൾ തെണ്ടിയായിരുന്നു; ശരീരംകൊണ്ടു ജീവിക്കുന്നവളായിരുന്നു. പെറുക, കുഞ്ഞിനെ വളർത്തുക തുടങ്ങിയ വ്യവസായങ്ങൾക്കു മൂലധനമില്ലായിരുന്നു. ഇന്നതുണ്ടു്. പത്തേക്കർ തെങ്ങിൻചുവടിടം കൊച്ചുവാറു രാധാമണിയുടെ പേരിൽ വാങ്ങിക്കൊടുത്തിരിക്കുന്നു.

«അങ്ങിനെയെങ്കിൽ എന്തിനാ ഒന്നിൽ നിറുത്തുന്നതു്. ഫോർവരെയാകാം.»

«നാലെണ്ണമോ, പൊറുപൊറു് എന്റെ ഹബ്ബിളകിപ്പോകുല്ലെ.. ഒരൊററ കുഞ്ഞുരാജാവു മതി.»

അവൾ എഴുന്നേററു് എന്റെ അടുത്തേക്കു നീങ്ങി. സ്ത്രീയുടെ കണ്ണിൽ ഞാനി. ഞരമ്പുകളിൽ വിസ്ഫുരിക്കപ്പി പൊട്ടിയിരിക്കുന്നു. അവൾ കവണി വലിച്ചു ദൂരെയെറിഞ്ഞു. നനഞ്ഞ തലമുടി എന്റെ നെഞ്ചിനെ സ്പർശിച്ചു ശരീരം ഉണർന്നു; രോമങ്ങൾ എഴുന്നു.

«പിന്നെയ് ഒരുകാര്യം. ഞാൻ വാസക്ടമി ഓപ്പറേഷൻ എടുത്തവനാ...»

അവൾ ഞെട്ടിയെന്നു തോന്നുന്നു.

പെൺബുദ്ധിയുടെ ചോദ്യം:

«സർട്ടിഫിക്കററ് കാണിക്കാമോ?»

«അത്യാവശ്യമുള്ള സ്ഥലങ്ങളിലേന്നതു കാണിക്കാറുള്ളു...ഇപ്പോൾ കൈവശമില്ലതാനും.»

«കൊള്ളാം. അപ്പോൾ നോട്ടം കരിക്കിൻകലകളിലാ, ല്ലെ»

«ഓ, അങ്ങിനെ നിർബ്ബന്ധമില്ല. പിന്നെ പരോപകാരം വേണ്ടിവന്നാൽ ചെയ്യാതിരിക്കുന്നതു ദൈവനീതിക്കു നിരക്കാത്തതാണു്...»

«പിന്നയേ, വേലയൊക്കെ കയ്യിലിരിക്കട്ടെ. ഞാനിങ്ങനെ ഒത്തിരിപ്പേരെ കണ്ടതാ...»

പുരുഷന്റെ തൗന്റടവും കുതിരയുടെ ബലവും അവൾക്കുണ്ടായിരിക്കുന്നു..... ഞാൻ സ്വർഗ്ഗരാജ്യത്തിലെ ഏഴുനില മാളികയുടെ മുകളിലെത്തി...

നേരം നല്ലവണ്ണം വെളുത്തുകഴിഞ്ഞു. വേലക്കാരിപ്പാറു കതകിൽ തട്ടി. ചൂലു വീണ ഉടുമുണ്ടിനും ഷേഫ്ററിപ്പിൻ

കത്താത്ത ബ്ലൗസിനും മുകളിൽ അലക്കി തേച്ച കവണിയെടുത്തിട്ടുകൊണ്ടു രാധാമണി വാതിൽ തുറന്നു വരാന്തയിലേക്കു കടന്നുചെന്നു.

അടുക്കളക്കാരിയെ പിൻവാതിലിലൂടെ വീട്ടിനകത്തു പ്രവേശിപ്പിച്ചശേഷം അവൾ തിരിച്ചുവന്നപ്പോൾ ഞാൻ യാത്ര പറയാൻ തയ്യാറെടുക്കുകയായിരുന്നു.

"സാറിങ്ങനെ ഒന്നും കഴിക്കാതെ പോയാലോ? രണ്ടു ബുൾസ്" ഐ തരട്ടെ"

"വിരോധമില്ല."

പ്രിയപ്പെട്ട കൊച്ചുവാറു, നീ മാപ്പാക്കണം. ഞാൻ നിന്റെ കട്ടിലിൽ കിടന്നു. നിന്റെ വിസ്കി കടിച്ചു. നിനക്കുവേണ്ടി മാത്രമുള്ള എല്ലാ സുഖങ്ങളും ആസ്വദിച്ചു. നീ നാട്ടുകാരെ പിഴിഞ്ഞും ചതിച്ചും സ്വരുക്കൂട്ടിയ പണംകൊണ്ടു വാങ്ങിയ വൈറ്റ്"ലഗോൺ കക്കടത്തിന്റെ മുട്ടകൾകൂടി ഇതാ, അവസാനമായി ഞാൻ ഭക്ഷിക്കുന്നു.

കക്കടാണ്ടങ്ങൾ കാളക്കണ്ണുകളുടെ രൂപത്തിൽ ടീപോയിൽ സ്ഥലംപിടിച്ചു. അരിഞ്ഞുറൊട്ടി മറ്റൊരു പാത്രത്തിൽ.

"അപ്പഴേ തന്വരാട്ടി?..."

"ഉണ്ടോ..." അനുസരണയുള്ള വിളികേൾക്കൽരാധാമണിയുടെകൂടെപ്പിറപ്പാണ്".

യൗവ്വനത്തിന്റെ താക്കോൽ

മനുഷ്യശരീരത്തെ ഒരു നാഴികമണിയോട് ഉപമിക്കാം. കൃത്യമായി താക്കോൽ കൊടുക്കാതിരുന്നാൽ നാഴികമണി നടക്കുകയില്ല. ശരീരത്തിലെ നാഡീവ്യൂഹത്തിന്" ഉജ്ജീവനം ലഭിച്ചില്ലെങ്കിൽ പ്രവർത്തനമാന്ദ്യം സംഭവിക്കുന്നു.

അകാലത്തിൽ വാർദ്ധക്യം വലിഞ്ഞു കയറുന്നു. നാഴികമണിക്കു താക്കോൽകൊടുത്തു പ്രവർത്തനക്ഷമമാക്കുന്നതുപോലെ, കരിംകുരങ്ങു രസായനം മനുഷ്യശരീരത്തിലെ ജീവകശക്തിയെ വളർത്തി, നാഡികളെ വിജൃംഭിപ്പിച്ചു" യൗവ്വനം നിലനിർത്തുന്നു. അതു" യുവത്വത്തിന്റെ താക്കോലാകുന്നു.

ശരീരം തടിപ്പിക്കും. ബലം വളർത്തും. ആയുസ്സ്" ദീർഘിപ്പിക്കും. ഓജസ്സ്" പ്രദാനം ചെയ്യും. ശരീരത്തിനു ക്ഷീണവിച്ചു കേട്ടുപാടുകൾ തീർക്കും. ക്ഷയം കാസം, ഏങ്ങൽ, വാതം ഇവ ശമിപ്പിക്കും. പ്രസവരക്ഷയ്ക്കു വിശേഷം. 450 ഗ്രാം ടിൻ 9 ക. മാത്രം.

വി. ഗംഗാധരൻവൈദ്യൻ
വൈദ്യകലാനിധി.

പാക്കിങ്ങും തപാൽചിലവും വേറെ. ശാസ്ത്രവിധിയനുസരിച്ചു കൃത്യമായി സംസ്കരിച്ചിട്ടുള്ള എല്ലാ ആയുർവ്വേദൗഷധങ്ങൾക്കും, വിദഗ്ദ്ധമായ വൈദ്യോപദേശത്തിനും സമീപിക്കുവിൻ! രോഗവിവരക്കത്തുകൾക്കു ചികിത്സ നിശ്ചയിച്ചു" ഔഷധം വി. പി. ആയി എത്തിച്ചുകൊടുക്കുന്നതാണ്".

സ്വതന്ത്രാ ഫാർമസി (Regd) H. O. ചാലക്കുടി

P. B. No. 4 കേരളം Phone: 44

ബ്രാഞ്ചുകൾ:—നാഗർകോവിൽ, മാർത്താണ്ഡം, നെയ്യാററിൻകര, കാട്ടാക്കട, തിരുവനന്തപുരം (ഫോൺ: 2877), വർക്കല(ഫോൺ: 56), കൊല്ലം, ഓച്ചിറ, മാവേലിക്കര, പള്ളം (കോട്ടയം), ആലപ്പുഴ, എറണാകുളം, ആലുവാ, അങ്കമാലി & തൃശ്ശൂർ

"ഒരു സംശയം?"

"ഉണ്ടോ..."

"നാം മഹാനായ കൊച്ചുവാറുവിനെ വഞ്ചിക്കുകയല്ലെ ചെയ്യുന്നു?"

ഉത്തരം റെഡിമെയിഡ്".

"അല്ലസാറെ. ഒരിക്കലുമല്ല. അങ്ങേരെക്കൊണ്ടതു സാധിക്കയില്ല. ആ മനുഷ്യനു" വേണ്ടതെല്ലാം എന്നിൽനിന്നു" കിട്ടുന്നുണ്ടു". എനിക്കുവേണ്ടതു" തരാൻ അദ്ദേഹത്തിനു" കഴിവില്ല. ഭക്ഷണം കൊണ്ടും വസ്ത്രംകൊണ്ടും മാത്രം ഒരു പെണ്ണു" ജീവിക്കോ...?"

ചോദ്യം അതിപ്രസക്തം. ഉത്തരം പറയാൻ പ്രയാസം. ഞാൻ സംഭാഷണത്തിന്റെ റെയിൽ തെററിച്ചു.

"കുഞ്ഞുങ്ങളുണ്ടാകാത്ത പുരുഷനു" കുട്ടിയെ വേണമെന്നുണ്ടെങ്കിൽ ഇപ്പോളൊരു പുതിയസൂത്രം കണ്ടുപിടിച്ചിട്ടുണ്ടു"..."

"എന്നാ സാറെ അതു"" അവളുടെ മുഖത്തു" അത്ഭുതവും ആകാംക്ഷയും.

പുരുഷബീജം സൂക്ഷിച്ചുവെക്കുന്ന സയൻസിന്റെ പുതിയ ഏർപ്പാടു ഞാൻ പറഞ്ഞുകൊടുത്തു.

"അതു" വാങ്ങാൻ കിട്ടോ?"

"കിട്ടും..."

"സാറാ സാധനത്തിന്റെ പേരൊന്നെഴുതിത്തന്നേ. ഞാൻ ഡ്രൈവർ ഗോവിന്ദനെ പറഞ്ഞയച്ചു" വാങ്ങിപ്പിച്ചുകൊള്ളാം. ആവശ്യം വന്നാൽ."

അവൾ മേശതുറന്നു" പേനയും കടലാസ്സും ധൃതിയിൽ പുറത്തെടുത്തു.

"ഇപ്പിടെയെങ്ങും കിട്ടുന്ന സാധനമല്ല അതു"."

"ഏതായാലും ഒന്നു കുറിച്ചുതന്നു. മൊതലാളി അടുത്തതവണ ബോംബെയ്ക്കു പോകുമ്പോൾ തലവേദനയ്ക്കുള്ള മരുന്നാണെന്നു പറഞ്ഞു" ഞാൻ വാങ്ങിപ്പിച്ചുകൊള്ളാം.

പെണ്ണു വിട്ടുന്ന ഭാവമില്ല. എഴുതിച്ചേ അടങ്ങൂ.

"അതിന്റെ പേരു" ഞാനോർമ്മിക്കുന്നില്ല. ഡയറിയിലെവിടെയോ കുറിച്ചിട്ടിട്ടുണ്ടു". വീട്ടിൽചെന്നിട്ടു" എഴുതി അയയ്ക്കാം...ഞാൻ പോട്ടെ..."

"എഴുതി അയക്കുന്നു" തീർച്ചയാണോ?"

"തീർച്ച..."

"കയ്യടിച്ചു സത്യംചെയ്യണം."

അവൾ കൈനീട്ടി ഞാൻ അടിച്ചു.

"പിന്നെ, ഒരു സംശയം. ആ മരുന്നു" എത്രദിവസം കുടിക്കണം?"

"കുടിക്കാനാണൊ കുത്തിവെയ്ക്കാനാണോ എന്നൊക്കെ അതിന്റെകൂടെയുള്ള കടലാസ്സിൽ നോക്കണം. ഞാനതുപയോഗിച്ചിട്ടില്ല..."

"അപ്പോ" ഇറങ്ങ്വാണോ?"

"ഇറങ്ങട്ടെ. നേരം ഏറെയായി."

"എനിക്കു" സാറിന്റെകൂടെ വരണമെന്നാഗ്രഹമുണ്ടു". പക്ഷേ, നടക്കുല്ലല്ലോ. സാറു" പോകുന്നതിൽ വല്ല്യസങ്കടോണ്ടു". പറഞ്ഞിട്ടെന്നാ കാര്യം? തലേലെഴുത്തു". ഇനിയും വരണേ..."

"വരാം...ഞാനിറങ്ങുന്നു."

"കത്തെഴുതണം..."

"എഴുതാം..."

"പിന്നെ ഒന്നു ശ്രദ്ധിക്കണെ. എഴുത്തെഴുതുമ്പോൾ സാറിന്റെ പേരു" അടിയിലെഴുതരുതു". വല്ല മറിയാമ്മേന്നോ മേരിക്കുട്ടിന്നോ എഴുതിയേക്കണം. അങ്ങേർക്കു" സംശയോണ്ടാക്കണതു" ശരിയല്ലല്ലോ..."

"അങ്ങിനെ ചെയ്യാം."

"ഇല്ലെങ്കിൽ ഞാനങ്ങോട്ടെഴുതും."

"ശരി..."

ഞാൻ ബ്രീഫ്"കേസ്സും തൂക്കിപ്പിടിച്ചു റോഡിലിറങ്ങിനടന്നു. ബസ്സ്"സ്റ്റാൻഡിലെത്തിയപ്പോൾ ആലപ്പുഴ വഴിയുള്ള എക്സ്"പ്രസ്സ്"ശകടം കിടപ്പുണ്ടായിരുന്നു.

(അവസാനിച്ചു)

—o—

മനസ്സിന്റെ മരണം

(17-ൽനിന്നു തുടർച്ച)

"നാട്ടുവിട്ടെങ്കിൽ; പക്ഷേ, എന്നിട്ടെന്തുചെയ്യും?"

ഏകാഗ്രതയുടെ നീരുവന്ന നിമിഷങ്ങളുടെ വേദനകൊണ്ടു" അയാൾ കുഴങ്ങി.

"ഇന്നു" അവൾ വരും; ഇരുട്ടിനു വീണ്ടും കട്ടികൂടുമ്പോൾ."

—ഗൗരവമേറിയ ഒരു പ്രശ്"നത്തിനു പരിഹാരം കണ്ടെത്തിയിട്ടില്ലാത്ത അയാൾ, അനുഭൂതിയുടെ കരിഞ്ഞ പൂക്കളെ ചവിട്ടിമെതിക്കുമ്പോൾ, ലോലിത എന്ന പിഞ്ചുകുട്ടി, അയാളുടെ കൺമുമ്പിലൂടെ നിഷ്കളങ്കയായി ഓടിച്ചാടുമ്പോൾ, ഭ്രാന്തനാവുന്നില്ലെങ്കിൽ അയാൾ മനുഷ്യനല്ല; തീർച്ച.

—o—

നിഗൂഢം ഹൃദയം

നോവൽ

ജോസഫ് വൈററില

എട്ട്

മദ്രാസ്സിൽ വണ്ടിയിറങ്ങി.

"ഇനിയും അകലേക്കു പോകണമെന്നുണ്ടോ മിസ്സിസ് മേനോൻ?"

"ഇനിയെല്ലാം ഫിലിപ്പിന്റെ ഇഷ്ടം. നഗരം കാണാനല്ലല്ലോ വന്നതു്."

"തൽക്കാലം ഹോട്ടലിൽ കൂടാം. പിന്നീടു നമുക്കു വീടന്വേഷിക്കാം."

കേൾവികേട്ടതായ ഹോട്ടലിൽ ഏററവും മുകൾത്തട്ടിലായി ഒരു മുറി അവർ വാടകയ്ക്കെടുത്തു. അവിടെനിന്നുകൊണ്ടു് ആത്തിരമ്പുന്ന നഗരം കാണുക ആദ്യമൊക്കെ രസമായിരുന്നു. ഫിലിപ്പിനു സമയം പോക്കാൻ മാർഗ്ഗങ്ങളുണ്ടായിരുന്നു ഒരു ഡ്രായിങ്ങ്ബോർഡ് വാങ്ങി അയാൾ വരാന്തയിൽ സ്ഥാപിച്ചു. ചിത്രരചനമടുക്കുമ്പോൾ മദ്യത്തെ ആശ്രയിച്ചു. അല്ലെങ്കിൽ ചിട്ടകളുമായി ഏതെങ്കിലും മുറിയിൽ ചടഞ്ഞുകൂട്ടുക. അതുമില്ലാത്തപ്പോൾ അയാൾ ചരസ്സിലലിഞ്ഞു മയങ്ങി.

മിസ്സിസ് മേനോനു് ജീവിതം പെടുന്നുവിരസമായി. ആഹാരം ഹോട്ടൽ ബോയി കൊണ്ടുവരുന്നു. വിശ്രമം. ഉറക്കം. ഫിലിപ്പ് എന്ന ലഹരി മാത്രമായിരുന്നു അല്പം ആശ്വാസം.

വീട്ടിലാണെങ്കിൽ ചെയ്താൽ തീരാത്തത്ര ജോലികളായിരുന്നു. വേലക്കാരെ ശാസിക്കുക. മക്കളുടെ കാര്യങ്ങൾ അന്വേഷിക്കുക. ബിസിനസ്സുസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹവുമായി ആലോചിക്കുക. വിരുന്നുപോകുക. വിരുന്നുകാരെ സ്വീകരിക്കുക. അവിടെ എന്നും സമയം പോരാതെ വരികയേ ചെയ്യുമായിരുന്നുള്ളു.

ഇവിടെയോ? പുറത്തിറങ്ങാൻ ഭയം. നാട്ടുകാരിൽപ്പെട്ട വല്ല പരിചയക്കാരുടെയും മുന്നിൽ ചെന്നു ചാടിയാലോ? നഗരങ്ങളിൽനിന്നു നഗരങ്ങളിലേക്കു യാത്ര ചെയ്യാറുള്ള ഭർത്താവിനെ എവിടെവെച്ചെങ്കിലും കണ്ടുമുട്ടിയാലോ? കാര്യപ്രാപ്തിയില്ലാത്ത നന്ദനന്റെ സ്ഥിതി? പ്രായപൂർത്തിയായ മകളുടെ സ്ഥിതി? വളർത്തി ആളാക്കിയ കുടുംബക്കാരുടെ ഇപ്പോളത്തെ മനസ്സ്? സ്നേഹിക്കാൻ മാത്രമറിയാമായിരുന്ന അദ്ദേഹത്തിന്റെ മനസ്സ്? തന്റെ നേരെയുള്ള ലോകരുടെ മനസ്സ്? ഇരുപതും പതിനേഴും വയസ്സുള്ള രണ്ടു കുട്ടികളായതിനുശേഷം, ആരോഗ്യവാനും ഉന്നതനുമായ ഭർത്താവു ജീവിച്ചിരിക്കേ ഇതു വേണ്ടായിരുന്നു.

മിസ്സിസ് മേനോൻ ഓർമ്മകളിൽ മുഴുകി മരവിച്ചിരുന്നു.

ഫിലിപ്പ് ചിട്ടകളിൽ കഴിഞ്ഞു മടങ്ങിയെത്തി.

"എന്താണു ധ്യാനം?"

"ഒന്നുമില്ല."

"എന്നോടു പറയാൻ വിഷമമുള്ള കാര്യം വല്ലതുമാണോ?"

"ഒന്നുമില്ലെന്നു ഞാൻ പറഞ്ഞില്ലേ?"

"ഇല്ലെങ്കിൽ നല്ലതു്. അഥവാ ഉണ്ടെന്നാണെങ്കിൽ..."

മേശത്തുറന്നു് ഒരു നൂറുരൂപാ നോട്ടെടുത്തു പോക്കററിലിട്ടു. ഷെൽഫിൽ നിന്നു മദ്യമെടുത്തു ഗ്ലാസ്സിൽ പകർന്നു.

"ഉണ്ടെന്നാണെങ്കിൽ?"

"അവശ്യമില്ലാത്ത കാര്യങ്ങൾ ചിന്തിക്കാതിരിക്കുക. ഇനി ചിന്തിക്കുന്നതിൽ വലിയ അർത്ഥവുമില്ല. ചിന്തിക്കാൻ ഏതാനുമ്പോൾ ഇതാ ഇതുപോലെ, തൽക്കാലം രക്ഷപെടാം."

ഒററവിക്കിനു് കയ്യിലിരുന്ന മദ്യം തീർത്തിട്ടു് അയാൾ ഇറങ്ങി

"ഇങ്ങിനെ ഒററയ്ക്കിരിക്കാൻ എന്നെക്കൊണ്ടാകില്ല."

"ഞാൻ അർമണിക്കൂറിനുള്ളിൽ വരില്ലേ?"

"ഇതിന്നിപ്പോൾ എത്രാമത്തെ പ്രാവശ്യമാണ്?"

"അതെ. കുറെ അധികം പൊട്ടി. അരമണിക്കൂറിനുള്ളിൽ എല്ലാം ഉണ്ടാക്കി ഞാൻ വരില്ല?"

കതക ചാരി അയാൾ പോയി.

വെറുതെയിരുന്നിട്ട മിസ്സിസ്മേനോന് ഇരിക്കാൻ കഴിഞ്ഞില്ല. വരാന്തയിൽ ചെന്ന് ഇരമ്പുന്ന റോഡിലക്കം നോക്കിനിന്നു. താഴെ ടെക്സ്റ്റയിൽസ് പാരഡൈസിൽനിന്നും മദ്ധ്യവയസ്കരായ ഒരു ഭർത്താവും ഭാര്യയും ഇറങ്ങിവരുന്നു. ഡ്രൈവർ ആദരവോടെ കാറിന്റെ ഡോറുതുറന്നു. ഒഴുകിയകന്ന കാഴ്ചയിൽനിന്ന് അവർ മറഞ്ഞു. ഉടുത്തിരിക്കുന്ന സാരിയിലേക്കും നോക്കി മിസ്സിസ്മേനോൻ നിന്നു.

ഒഴുകിയൊഴുകി— കാഴ്ചയിലേക്കു കുറെ ചിത്രങ്ങൾ തിരക്കിട്ടെത്തി.

"എന്തൊക്കെയാണിന്നു പ്രോഗ്രാം?"

"എന്തുവേണമെങ്കിലുമാകാം. വിവാഹം കഴിഞ്ഞിട്ട് ഇരുപത്തൊന്നുവർഷം തികയുന്ന ഇന്നത്തെ പ്രോഗ്രാം എന്തായിരിക്കണമെന്നു ലീലതന്നെ തീരുമാനിച്ചോളൂ."

"ഇന്നു നമുക്ക് പുറത്തെവിടെയെങ്കിലും തങ്ങാം. എനിക്കങ്ങിനെയൊരാശ തോന്നുന്നു."

"ആവാം."

കാറുമെടുത്തു രാവിലെ ഇറങ്ങി. അദ്ദേഹംതന്നെ ഡ്രൈവ് ചെയ്തു.

"ഇവിടെ നഗരത്തിൽ കൂടിയാൽ മതിയോ?"

"കോവളവും, തേക്കടിയും കറങ്ങി നമുക്കു തലസ്ഥാനത്തേക്കു പോകാം."

"ശരി."

അന്നു വാഹനം പത്തമ്പതുമൈൽ താണ്ടി ഓടിക്കുകയുണ്ടായി. കോവളത്തു കളിച്ചു വിശ്രമിച്ചു. തേക്കടിയിൽ ആനക്കൂട്ടങ്ങളേയും കാട്ടുപോത്തുകളേയും കണ്ടു.

Company Reg. No. 2370 Telephone: 3158

The New Kerala Chits & Trades (Pvt) Ltd.

(Incorporated under Indian Companies Act 1956 (1))

(Money Lenders, Contractors, Agents Etc.)

H.O. Press Club Building, Quilon-1.

(ഒരു ദശവത്സരക്കാലത്തെ പ്രശസ്തസേവനപാരമ്പര്യം)

★ വായ്പകൾ ★ ധനസഹായം

★ ഹയർപർച്ചേഴ്സ് അഡ്വാൻസ്

★ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും വ്യാപാരികൾക്കും പ്രത്യേകം ചിട്ടികൾ

★ മറുനാടൻ മലയാളിസുഹൃത്തുക്കൾക്ക് പ്രത്യേക ആനുകൂല്യങ്ങളും.

ആദ്യരാത്രി തേക്കടിയിൽ പുതുക്കി. തലസ്ഥാനത്തും കഴിച്ചു രണ്ടുരാത്രികൾ. ആ യാത്രയുടെ ഓർമ്മയായി അവിടെനിന്ന് ഏററവും വിലകൂടിയ ആറു സാരികൾ വാങ്ങുകയുണ്ടായി. അതിലൊന്ന് ഇപ്പോൾ ഉടുത്തിരിക്കുന്നു.

വഞ്ചിക്കുന്നതായിരുന്നു. വഞ്ചിക്കുന്നതായിരുന്നു.

പാതിരണ്ടുമുമ്പേ അഞ്ചുറുത്രപ തോററിട്ട ഫിലിപ്പ് മുറിയിൽവന്നു കട്ടിലിൽ കമിഴ്ന്നുകിടന്നു. മിസ്സിസ്മേനോൻ കുറേനേരം അതുനോക്കി നിന്നു. പിന്നെ അടുത്തുചെന്നു.

"എന്തുപററി?"

"ഒന്നുമില്ല."

അവസാനം കൊണ്ടുപോയതും പോയോ?"

"ഈ ആഴ്ച എന്റെ സമയം മോശമാണ്."

"പോയെങ്കിൽ പോട്ടെ. വിഷമിക്കാതിരിക്കൂ. എഴുന്നേററു ഊണുകഴിക്കൂ."

കട്ടിലിൽനിന്നു ചാടിയെഴുന്നേററിട്ട മിസ്സിസ്മേനോനെ ചുററിപ്പിടിച്ച് അടുത്തുനിറുത്തി.

"നാളെമുതൽ ഞാൻ കളിക്കാൻ പോവില്ല."

"ഇതിപ്പോൾ എത്രാമത്തെ പ്രാവശ്യമാണു പറയുന്നതു?"

"ഇതങ്ങിനെയല്ല."

"ഈ കളിമുഴുവൻ കളിച്ചിട്ട് എന്നെങ്കിലും കിട്ടിയിട്ടുണ്ടോ?"

"എല്ലാംകൂടി ഒരുദിവസം കിട്ടും."

"കയ്യിലുള്ളതു തീരുന്നതുവരെ മുന്നൂറും അഞ്ചുറും വെച്ചു കളയാമെന്നു?"

"ഇല്ല. നാളെമുതലില്ല. ഊണു വിളമ്പൂ."

രാത്രി ഉറങ്ങാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു ഫിലിപ്പ് ഉരുളുന്നതു മിസ്സിസ്മേനോനറിഞ്ഞു. ഒരു മയക്കത്തിനുശേഷമുണർന്നപ്പോൾ ഫിലിപ്പ് ചീട്ടുകളുമായിക്കിടന്നു പിറുപിറുത്തുകൊണ്ടിരിക്കുന്നു.

"എന്താണിതു?"

ചീട്ടുകൾ അടുക്കിവെച്ചു ലൈററ് ഓഫ്ചെയ്തു അരികേ വന്നുകിടന്നു.

"പോയ കാശുണ്ടാക്കണം തങ്കം."

"പോയതു് ഏതായാലും പോയതു തന്നെ."

"അല്ല. അതു് തിരിച്ചുകിട്ടിയില്ലെങ്കിൽ എനിക്ക് ഭ്രാന്തുപിടിക്കും."

"ഇപ്പോൾ കി ന്നാറങ്ങു. രാത്രി—"

ഫിലിപ്പിന്റെ ഗാഢമായ ചുംബനത്തിൽപെട്ടതുകൊണ്ട് പിന്നീടുള്ളതു മുഴുവനാക്കാൻ മിസ്സിസ് മേനോന് കഴിഞ്ഞില്ല.

ഒമ്പതുമണിവരെ ഫിലിപ്പ് ഉറങ്ങി. മിസ്സിസ് മേനോൻ രാവിലെത്തന്നെ എഴുന്നേററു കുളിച്ചൊരുങ്ങി. ഫിലിപ്പും എഴുന്നേററു കുളിച്ചൊരുങ്ങി. പ്രാതൽ കഴിച്ചുകൊണ്ടിരിക്കുമ്പോൾ സ്നേഹത്തോടെ പറഞ്ഞു:

ഇന്നൊരുദിവസംകൂടി തങ്കം എനിക്കനുമതി തരണം."

"അനുവാദം ഒരുകാര്യത്തിലല്ലെങ്കിലും പോകുമെന്നറിയാമായിരുന്നതുകൊണ്ട് അവർ മിണ്ടാതിരുന്നു. പ്രാതൽകഴിച്ച് കൈകഴുകിയെന്നുവരുത്തി പൈസയുമെടുത്തുകൊണ്ട് ഫിലിപ്പ് ഓടി.

ഉണ്ണാൻ എത്തിയില്ല. കാത്തുകാത്ത് മടുത്തപ്പോൾ ഒരു വാരികയുമായി മിസ്സിസ് മേനോൻ കിടന്നു. ഉറങ്ങി. കതകിൽ ശക്തിയായ മുട്ട്. ഉണർന്ന് കതകു തുറന്നു ദേഷ്യത്തോടെ നില്ക്കുന്ന ഫോട്ടുലുടെ.

"മാനംമര്യാദയുള്ളവരാണെന്നാണ് കരുതിയതു്. എന്തിനിങ്ങിനെ മനുഷ്യരെ ഉപദ്രവിക്കുന്നു?"

ഭയം. ജിജ്ഞാസ.

"എന്താണ്?"

"പോലീസിൽ പരാതിപ്പെടാൻ എനിക്കൊക്കില്ല. സൗകര്യമുണ്ടെങ്കിൽ ആ ഏഴാംനമ്പർ മുറിവരെ ഒന്നു വരിക."

"എന്തുണ്ടായി?"

"ഉണ്ടായതൊക്കെ കാണാമല്ലോ. വന്നാൽ നിങ്ങൾക്കു കൊള്ളാം. ആ റൗഡികളുടെ കൈകൊണ്ട് ഭർത്താവ് ചാകുന്നതിനുമുമ്പ്"...."

ഓടി. എന്തോ ഒക്കെ തകർന്നുവീഴുന്ന ശബ്ദം. അസഭ്യങ്ങൾ. പുലയാട്ടുകൾ. ഏതോ ഒരുത്തന്റെ കൈയിൽ കത്തി. ഫിലിപ്പിന്റെ കൈയിൽ ഉയർത്തിപ്പിടിച്ച കസേര.

പരസ്പരം കണ്ടു ബലമായി പിടിച്ചുകൊണ്ടുപോന്നു. നെററിയിലെ മുറിവ്

ചെവിയ്ക്കുകെട്ടിക്കൊണ്ടിരിക്കുമ്പോൾ പറഞ്ഞു:

"എന്തൊക്കെ അനുഭവിക്കണം ഞാൻ!"

"എന്തിനിപ്പോൾ വന്നു? അവനെ കൊല്ലണമായിരുന്നു. അവൻ കള്ളക്കളി കളിച്ചു!!

"ഇനി പൈസയധികം ബാക്കിയില്ലെന്നറിയാമോ?"

"അറിയാം."

"എന്തെങ്കിലും ഒരു ജോലിക്ക് ശ്രമിക്കണം."

"ലോകംമുഴുവൻ എറുമ്പിനെപ്പോലെ ജോലിചെയ്യുന്നുണ്ടല്ലോ."

"നമുക്ക് ജീവിക്കണ്ടേ?"

"ജീവിതമൊക്കെ അങ്ങിനെ നടന്നോളും."

"അങ്ങിനെ പറഞ്ഞാൽ ശരിയാവോ? ഫിലിപ്പ് മനസ്സുവെച്ചാൽ ഏതു നിമിഷത്തിലും കിട്ടും ജോലി."

"ജോലിചെയ്യുന്നതെനിക്കിഷ്ടമല്ല."

"അതെന്താ?"

"മുന്നൂറോ നാനൂറോ രൂപയ്ക്കുവേണ്ടി മാസംമുഴുവൻ ഈ കഴുതകളുടെയൊക്കെ ശകാരവും വഴക്കും കേൾക്കാൻ എന്നെക്കൊണ്ടൊക്കില്ല."

"അങ്ങിനെ പറഞ്ഞാലോ. കയ്യിലുള്ളതുകൂടി തിന്നാൽ എന്തുചെയ്യും?"

"അതന്നാലോചിക്കാം."

"ഇന്നെന്താ ഫിലിപ്പ് ഇങ്ങിനെയൊക്കെ സംസാരിക്കുന്നത്?"

"തോന്നുന്നതുപോലെ സംസാരിക്കാനേ എനിക്കൊക്കൂ."

"എന്തുപറഞ്ഞാൽ ശരിയാവുമോ? ഉണ്ടായിരുന്ന പൈസ ചിട്ടുകളിച്ചും മദ്യപിച്ചും തീർത്തു. എന്നിട്ട്..."

"അതൊക്കെ എൻറിഷ്ടമാണ്."

"ഫിലിപ്പിൻെറ ഇഷ്ടം മാത്രം നോക്കാൽ മതിയോ?"

"എന്നെന്തെന്നും ഓർമ്മിപ്പിക്കരുതെന്നാണ് ഞാൻ പറയുന്നത്."

"ഓർമ്മിപ്പിക്കരുതെന്നു പറഞ്ഞാൽ? എനിക്കു സമാധാനമില്ല ഫിലിപ്പിനെ ഉദ്ദേശിച്ച് ഒരു വലിയ ജീവിതം വലിച്ചെറിഞ്ഞവളാണ് ഞാൻ. അതു് ഫിലിപ്പ് മറന്നുകളയരുത്."

"ശല്യമായല്ലോ."

—o—

ചെറുകഥ

ആറനാട്ട് ഹനീഫ്

അടഞ്ഞുകിടന്ന ജനാലയുടെ വിടവിലൂടെയുള്ള നോട്ടം പിൻവലിച്ച് ചെകേൾപ്പിക്കാതെ വീട്ടിലേയ്ക്കു നടന്നപ്പോൾ ചിന്തിച്ചു.

ആഹാ!

നല്ലനേരത്തിനാണു വിറകെടുക്കാൻ വന്നത്. വിറകെടുത്തുകൊണ്ടു നിന്നപ്പോൾ—

ഒരു വളകിലുക്കം –

അമർത്തിയുള്ള ചിരി...

ആ ചിരിയിൽ ആണിൻേറയും പെണ്ണിൻേറയും ഗന്ധം..... നോക്കിനിന്നപ്പോൾ...

ഹാ!— ഹയ്യാ...!

സെയിൽടാക്സിലെ വിശ്വനാഥനെന്ന സുപ്രണ്ടിൻെറ അരിവെപ്പുകാരനായ ശിവശങ്കരനെന്ന പതിനഞ്ചുകാരൻ അടക്കാനാവാത്ത ആനന്ദത്താൽ വീർപ്പുമുട്ടി. വിശ്വനാഥൻ ഭാര്യാസമേതനായല്ല താമസിക്കുന്നത്. കാരണം, അവിവാഹിതനെന്നതുതന്നെ.

വിശ്വനാഥൻെറ വീടിനോടു ചേർന്നുള്ള ബംഗ്ലാവിലെ താമസക്കാരൻ മാധവൻകുട്ടി എന്ന എൻജിനീയർ. അവിവാഹിതൻ. സർക്കാർജീവനം. ഊണു പട്ടണത്തിലെ ഉയർന്ന ഹോട്ടലുകളിൽനിന്നും. രെത്തിക്കുട്ടുള്ളതു സ്ക്കൂട്ടറെന്ന വേഗതയുള്ള 'വാഹിനി' മാത്രം.

മാധവൻകുട്ടി കിടക്കുന്ന മുറിയുടെ ജനാലപ്പഴുതിലൂടെ ശിവശങ്കരൻ നോക്കി നിൽക്കുന്നതു മുമ്പൊരിക്കൽ വിശ്വനാഥൻ കണ്ടു. അന്നതു 'മൈൻഡു'ചെയ്തില്ല.

"എടാ ശിവശങ്കരോ..."

"എന്തോ..."

"നീ ഇങ്ങോട്ടൊന്നുവന്നേ..."

"ഇതാ വരുന്നേ..."

വന്നപ്പോൾ—

"നീയേ..."

"ങ്ങ്..."

"കുറേ മുമ്പ് അങ്ങേ വീട്ടിലെ ജന്നലിൽക്കൂടി നോക്കിനിന്നതെന്താ?"

"ഒന്നുമില്ല..."

"ഒന്നും..."

"ഇല്ല."

"മുമ്പൊരുദിവസവും ഞാനിതു കണ്ടല്ലോ. കാര്യം പറ."

അവൻ പരുങ്ങി. കുഴങ്ങി. നാണിച്ചു. കാൽനഖംകൊണ്ടു തറയിൽ ചിത്രമെഴുതി.

"നാണിക്കാതെ കാര്യം പറയെടാ..."

തെല്ലുനേരംനിന്നലോചിച്ചിട്ടു നാണിച്ചുനാണിച്ചു് അവൻ പറഞ്ഞു.

"നാളെയാകട്ടെ സാർ..."

"ഇന്നെന്താ?"

"നാളെയായാലേ പറയാൻ പററുള്ളൂ..."

"കാര്യം?"

"നാളെയായാൽ പറകേം കാണിക്കേം ചെയ്യാം..."

"പറയുകയും കാണിക്കുകയുമോ?"

"ങും..."

മൂളിയിട്ടു് അവൻ അടുക്കളയിലേക്കു പോയി.

'നാളെ'യായി —

"എടാ ശിവശങ്കരോ?"

"എന്തോ?"

"ഒന്നിങ്ങോട്ടുവന്നേടാ..."

വന്നപ്പോൾ വിശ്വനാഥൻ ചോദിച്ചു.

"നമ്മൻെറ നാളെയായോ?"

"ആയി..."

«എന്നിട്ടെന്താ പറയുകയും കാണിക്കുകയും ചെയ്യാത്തതു്?»

മുണ്ടിൻെറ കോന്തല മുകളിലോട്ടു പൊക്കുന്നതിനിടയിൽ അവൻ പറഞ്ഞു:

"ഇനി നാളെയാകട്ടെ സാർ..."

"ഇനിയും നാളെയോ?"

പൊക്കിയ കോന്തലകൊണ്ടു കൈയും മുഖവും തുടച്ചിട്ടവൻ പറഞ്ഞു: "ഉം... സാർ..."

"നാളെയാകുമ്പോൾ പിന്നെയും «നാളെ»യാകുമോടാ..."

«ചെലപ്പം...»

അതും ഒരു «സസ്പെൻസിൽ» നിറുത്തിയിട്ടവൻ കിണററിൻകരയിലേക്കു പോയി.

ക്ലാസുകളുക്കപിടിച്ച ഏതു പഴകിയ ഫയലുകളുടേയും ഉള്ളുള്ളികൾ കണ്ടുപിടിക്കാൻ വിരുതനായ വിശ്വനാഥൻ ശിവശങ്കരൻെറ മുമ്പിൽ ജയിച്ചില്ല.

ആ 'നാളെ'ക്കുവേണ്ടി കാത്തിരുന്നു... അടുത്തദിവസവും മാധവൻകുട്ടിയുടെ ജനൽപഴുതിലൂടെയുള്ള നോട്ടം പിൻവലിച്ചു. ശിവശങ്കരൻ നിരാശനായി മടങ്ങുന്നതു ശ്രദ്ധിച്ചു.

അതിനടുത്തദിവസം തിരിഞ്ഞുനടന്നപ്പോൾ ശിവശങ്കരൻെറ മുഖത്തു് ഒരു വല്ലാത്ത സംതൃപ്തി വ്യാപിച്ചിരുന്നു.

ഓടിവന്നു് ആത്തി പൂണ്ടു് വിശ്വനാഥനെ പിടിച്ചുവലിച്ചുകൊണ്ടവൻ വിളിച്ചു:

"വന്നാട്ടു് സാറ—ഒന്നു ചടാന്നു വന്നാട്ടെ..."

എന്തിനാണെന്നു ചോദിക്കാതെ വിശ്വനാഥൻ അവനെ അനുഗമിച്ചു

അത്യാത്തിയോടെ, കട്ടിക്കാലത്തു് ആദ്യമായി ഒരു ഉത്സവസ്ഥലത്തുവച്ചു് ബാലാമണിപ്പെട്ടിയിലെ അത്ഭുതലോകം കാണാൻ നോക്കിനിന്നതിനേക്കാൾ ആവേശത്തോടെ ജനാലയുടെ വിടവിലൂടെ മാധവൻകുട്ടിയുടെ കിക്കേമുറിയിൽ നിറഞ്ഞുനിന്ന മങ്ങിയ വെളിച്ചത്തിലൂടെ വിശ്വനാഥൻ നോക്കി...

വിശ്വനാഥൻെറ കൃഷ്ണമണികൾ ഇളകിയില്ല. ഇമകളനങ്ങിയില്ല. ശ്വാസോച്ഛ്വാസം ത്വരിതഗതിയിലായെങ്കിലും ശബ്ദരഹിതമായി. കൈകൾ വിറച്ചു. കാലുകൾക്കു വേരുകളുണ്ടായി.

നല്ല
പത്രലേഖകനാകാൻ
പരിശീലനം
തപാലിൽ
മലയാളത്തിൽ

INSTITUTE OF
JOURNALISM
Alleppey-1 (Kerala)

ദീർഘനേരത്തിനുശേഷം തിരിഞ്ഞു സ്വന്തം വസതിയിലേക്കു നടന്നപ്പോൾ കൈകളിലേയും കാലുകളിലേയും വിറയൽ മാറിയിരുന്നില്ല. ആകെ ഒരു തളർച്ച ബാധിച്ചിരുന്നു...

അന്നു വൈകിട്ടു മാധവൻകുട്ടിയെ കണ്ടപ്പോൾ വിശ്വനാഥൻ അർത്ഥംവച്ചു ചിരിച്ചു. രണ്ടർത്ഥം വരത്തക്കവിധത്തിൽ സംസാരിച്ചു. അതിൻെറ യഥാർത്ഥ അർത്ഥം അറിയാൻ മാധവൻകുട്ടി നിർബ്ബന്ധിച്ചപ്പോൾ വിശ്വനാഥൻ പറഞ്ഞു:

«കണ്ണടച്ചു പാലുകടിക്കുന്ന പൂച്ചയുടെ വിചാരം അതു മററാരും കാണുന്നില്ലെന്നാണു്"...»

«എന്നുവച്ചാൽ...»

«അതുതന്നെ...»

"മനസ്സിലായില്ല.»

"മനസ്സിലാകുമ്പം മതി...»

ഒപ്പം—

ശിവശങ്കരൻെറ കസ്തൂരിനിറഞ്ഞ ചിരിക്കുടി ശ്രദ്ധിച്ചപ്പോൾ ഇതിലെന്തോ രഹസ്യമുണ്ടെന്നു മാധവൻകുട്ടി ഊഹിച്ചു...

ഊണുകഴിഞ്ഞു വീട്ടിലെത്തിയ മാധവൻകുട്ടിയുടെ സ്ക്കൂട്ടറിൻെറ അട്ടഹാസം കേട്ടു വിശ്വനാഥൻ മുറാത്തിറങ്ങി. വിശ്വനാഥനെ മാധവൻകുട്ടി വീട്ടിലേക്കു ക്ഷണിച്ചു. വിശ്വനാഥൻ ക്ഷണം സ്വീകരിച്ചു.

കുറേ സമയം സംസാരിച്ചപ്പോൾ—

കണ്ണടച്ചു പാലുകടിക്കുന്ന പൂച്ചയെ കണ്ടു. കടിച്ചിട്ടും കടിച്ചിട്ടും വററാത്ത പാൽപ്പാത്രം കണ്ടു. രണ്ടും കണ്ടുപിടിച്ച കള്ളനു കഞ്ഞിവച്ചവനെ കണ്ടു.

മാധവൻകുട്ടി എന്ന പൂച്ച അടിവില്ലിൽ അകപ്പെട്ടിരിക്കുന്നു. എങ്ങനെ രക്ഷപെടും?

മാധവൻകുട്ടി വിയർത്തു... വിറച്ചു...

«വിശ്വനാഥാ...» മാധവൻകുട്ടി പശ്ചാത്താപത്തോടെ പറഞ്ഞു: «നിങ്ങൾ പറഞ്ഞതെല്ലാം എനിക്കു മനസ്സിലായി. തെററാണു ചെയ്തതെന്നും അറിയാം...»

വിശ്വനാഥൻ ചോദിച്ചു:

«അവളിവിടെ ദിവസവും രാവിലെ തുത്തുവാരാനല്ലേ വരുന്നതു്...?»

«അതേ...»

"അവൾക്കു വല്ലതും സംഭവിച്ചാൽ... എല്ലാം പുറത്തായാൽ... മാധവൻകുട്ടിയുടെ നിലവച്ചുനോക്കുമ്പം...പിന്നീടുള്ളതു ചിന്തിച്ചിട്ടുണ്ടോ?»

മാധവൻകുട്ടിക്കു് ആശ്വാസമായി.

ഇത്രേയുള്ളോ? അവൾക്കു് ഒന്നും സംഭവിക്കരുതു്. ആരും ഇതറിയരുതു്...

ചുരുക്കത്തിൽ—

വിശ്വനാഥനും മാധവൻകുട്ടിയും ഒരേ അണിയിൽ... വിശ്വനാഥനെന്ന തത്വജ്ഞാനിയുടെ പുറംതോടു മാററിയപ്പോൾ—

നിസ്സാരമാക്കിക്കൊണ്ടു മാധവൻകുട്ടി പറഞ്ഞു:

"ഇതാണോ കാര്യം?»

«ഇതു നിസ്സാരമാണോ?"

«അല്ല.»

"അപ്പോൾ...»

'അതുകള'—മാധവൻകുട്ടി പറഞ്ഞു.

'ഞാൻ ആദ്യം ചിന്തിച്ചതു് ഈ രണ്ടു പ്രശ്നങ്ങളുമാണു്."

'എന്നിട്ടാണോ ചിന്തയില്ലാതെ ചെയ്തതു്...'

"ചിന്തയില്ലാതെയോ? ആരു പറഞ്ഞു?'

«ആരെങ്കിലും പറയണോ?'

'എങ്കിൽ ഞാൻ പറയാം...ഞാൻ ചിന്തയില്ലാതെ ഒന്നും ചെയ്തില്ല.'

"ഇല്ലേ?»

«ഇല്ല.»

'എങ്ങനെ?'

«എങ്ങനെയെന്നതറിഞ്ഞാൽ വളരെ നിസ്സാരമെന്നു തോന്നും.»

«പറയൂ.»

«പറയാനാണെങ്കിൽ വെറും അഞ്ചു പൈസയുടെ മുടക്കു്! അർത്ഥംവെച്ചു ചിരിച്ചുകൊണ്ടു മാധവൻകുട്ടി ചോദിച്ചു. മനസ്സിലായോ ഇപ്പോൾ?»

«മനസ്സിലായി.» വിശ്വനാഥനും ചിരിച്ചു.

അല്പംകഴിഞ്ഞു മാധവൻകുട്ടി ചോദിച്ചു:

«നാളെ മുതൽ നമുക്കൊരുമിച്ചുംയിക്കൂടേ....?»

വിശ്വനാഥനു നാക്കില്ല...

"ഒന്നും പേടിക്കേണ്ട...എല്ലാം ഞാനേററു—ആരും അറിയുകയില്ലെന്നേ...»

അപ്പോഴും വിശ്വനാഥനു നാക്കില്ല.

"എന്തിനതൊളിച്ചുവയ്ക്കണം » മാധവൻകുട്ടി വെളിപ്പെടുത്തി. «അവളുടെ അച്ഛനും അമ്മയ്ക്കും പോലും എതിർപ്പില്ല...എന്തുപറയുന്നു വിശ്വൻ?

കുറേനേരത്തെ ആലോചനയ്ക്കുശേഷം വിശ്വനാഥൻ പറഞ്ഞു:

«വീട്ടിലെ വേലക്കാരൻപയ്യൻ.....അവൻ...»

«അതിനും വഴിയുണ്ടു്...»

«എന്തുവഴി???»

"ആ ശല്യം ഒഴിവാക്കണം...»

"എങ്ങനെ?»

«പറയാം... ഇങ്ങോട്ടടുത്തിരിക്കൂ...»

അടുത്തിരുന്നു...ആലോചിച്ചു. അവസാനം തീരുമാനവുമെടുത്തു...പിരിയുന്നതിനുമുമ്പു വിശ്വനാഥനൊരു സംശയം.

«അതു ശരിയാണോ?»

മാധവൻകുട്ടി സംശയം തീർത്തു.

«ഇവിടെ എല്ലാം ശരിയാണു്.»

ഊണുകഴിഞ്ഞു കിടക്കുന്നതിനുമുമ്പു വിശ്വനാഥൻ ശിവശങ്കരനെ വിളിച്ചു. ശിവശങ്കരൻ അടുത്തുചെന്നപ്പോൾ ചോദിച്ചു:

"ശമ്പളമിനത്തിൽ നിനക്കു് എത്ര രൂപാ ഇനി വരും...»

"എന്തിനാ സാർ?»

«എത്ര രൂപാ വരും?"

«ഇപ്പം അതു കൂട്ടണ്ടാല്ലോ സാർ...നൂറു രൂപ തികയുമ്പം തന്നാൽ മതി...പെങ്ങ

ടെ കല്യാണം കഴിച്ചിരിക്കവാ. അതിന്റെ ചെലവിനാ?"

"ഇപ്പോൾ നിന്നോടു ചോദിച്ചതു് എത്ര രൂപാ വരുമെന്നല്ലേ?"

സാറിന്റെ ശബ്ദം കനക്കുന്നതു മനസ്സിലാക്കി അവൻ കൂട്ടിനോക്കി പറഞ്ഞു:

"നാല്പത്തിരണ്ടര രൂപാ."

"എന്നാൽ കിടന്നോ..."

കിന്നേ.

നേരം വെളുത്തു...

കാപ്പികുടി കഴിഞ്ഞു് ഒരുങ്ങുന്നതിനിടയിൽ വിശ്വനാഥൻ പറഞ്ഞു:

"ഇന്നച്ചയ്ക്കു് ഊണുണ്ടാക്കണ്ടാ..."

"എന്താ സാർ..."

"എനിക്കു് ഒരിടത്തു പോകണം..."

"എപ്പം വരും സാർ...!";

"ഒരുമാസം കഴിയും..."

മേശപ്പുറത്തു് എണ്ണിവച്ചിരുന്ന രൂപാ ശിവശങ്കരന്റെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു:

"ഇതമ്പതു രൂപയുണ്ടു്...നിന്നെ ആവശ്യമുള്ളപ്പോൾ എഴുത്തിടാം...കതകു പൂട്ടി താക്കോലിങ്ങു തന്നേരെ..." ശിവശങ്കരൻ അന്ധാളിച്ചു...അവൻ ഒരു പതറലോടെ ചോദിച്ചു:

"ഞാൻ വല്ല കററവും..." അവന്റെ കണ്ണു് ഇടറി...

വിശ്വനാഥൻ ചോദിച്ചു:

"അപ്പോൾ നിനക്കു കററബോധമുണ്ടു് —അല്ലേ?"

"സാർ..."

"വേണ്ടാ...ഇതു് അതുകൊണ്ടൊന്നുമല്ല...എനിക്കു് അത്തരം കാര്യങ്ങൾ ഒട്ടും ഇഷ്ടമല്ല...അതുംകൂടി മനസ്സിൽ വച്ചോ..."

കതകുപൂട്ടി താക്കോൽ വിശ്വനാഥനെ ഏല്പിച്ചപ്പോഴും പെങ്ങടെ കല്യാണത്തിനുള്ള നൂറുരൂപയേക്കാൾ എൻജിനീയറദ്ദേഹത്തിന്റെ കീഴുദ്യോഗിയുടെ ജനൽപ്പഴുതിനെപ്പററിയുള്ള നഷ്ടബോധമായിരുന്നു ശിവശങ്കരന്റെ മനസ്സിലിരുന്നു ചുളുചുളുത്തതു്...

—0—

സത്യനാഥൻ

അസംഘടിതരാണെന്നതു കൊണ്ടു മാത്രം അവശതയനുഭവിക്കുന്ന ഒരു തൊഴിലാളിവിഭാഗം ഉണ്ടെങ്കിൽ അതു കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മാത്രമാണു് കേരളരാഷ്ട്രീയത്തിലെ ഉന്നതരായ പലരും ഈ രംഗത്തുള്ള തങ്ങളുടെ ശ്രമം ഉപേക്ഷിച്ചു പിൻമാറുകയാണുണ്ടായിട്ടുള്ളതു്. സംഘടനാബോധം തീണ്ടിയിട്ടില്ലാത്ത ഈ രംഗത്തു കടന്നുചെന്ന തൊഴിലാളിവർഗ്ഗബോധാടിസ്ഥാനത്തിൽ ഒരു കൊടിക്കീഴിൽ അവരെ അണിനിരത്തുകയെന്നതു സാഹസത്തിലുപരി ത്യാഗപൂർണ്ണവുംകൂടിയാണു്. കഴിഞ്ഞ ഒരുവർഷക്കാലത്തെ നിരന്തര പരിശ്രമത്തിന്റെയും യാതനകളുടെയും ഫലമായി കണ്ണൂർജില്ലയിലെ ഓരോ തീരപ്രദേശത്തും കണ്ണൂർജില്ലാ ഫിഷർമെൻ അസോസിയേഷൻ യൂനിററ്കമ്മിററികൾ സ്ഥാപിച്ചു കാര്യക്ഷമമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണു്, ഇക്കഴിഞ്ഞ മേയ് 28, 29 എന്നീ തീയതികളിൽ അസോസിയേഷന്റെ ജില്ലാസമ്മേളനം കണ്ണൂരിൽവച്ചാഘോഷിച്ചതു്.

29-ാം തീയതി മത്സ്യത്തൊഴിലാളികളുടെ ഒരു ഉശിരൻ പ്രകടനവും പൊതുസമ്മേളനവും അവിടെ നടന്നു. പല നിറത്തിലും തരത്തിലുമുള്ള പ്രകടനങ്ങൾ കണ്ടുമടുത്ത കണ്ണൂർനഗരവാസികൾക്കു് ഇതു പുതുമനിറഞ്ഞ ഒരു സംഭവമായിരുന്നു. രാവും പകലും കടലിനോടു മാത്രം യുദ്ധം ചെയ്യുന്ന പട്ടിണിപ്പാവങ്ങളായ മത്സ്യത്തൊഴിലാളികൾ അവരുടേതായ വേഷത്തിലും ഭാവത്തിലും നടത്തിയ ഈ പരിപാടി കാണികളുടെ മനസ്സാക്ഷിയെ പിടിച്ചുകുലുക്കി. ആയിരക്കണക്കിനു വരുന്ന കടൽത്തൊഴിലാളികളുടെ മുമ്പിൽ നിലപ്പതാകയുമേന്തി അധികം നിളവും വണ്ണവും ഇല്ലാത്ത ഖദർധാരിയായ ഒരു യുവാവു നില്പുണ്ടായിരുന്നു. അദ്ദേഹമാണു കണ്ണൂർജില്ലാ ഫിഷർമെൻ അസോസിയേഷൻ ജനറൽസെക്രട്ടറി ശ്രീ. വി. വി. സത്യനാഥൻ.

കേന്ദ്രഗവണ്മെൻറിന്റെ പ്രതിരോധ

ജേക്കബ്ബ് മാസ്റ്റർ

വിദ്യാർത്ഥി-യുവജന നേതാക്കളെപ്പററി

വിഭാഗത്തിൽ സ്വാധീനം ഉണ്ടായിട്ടു വേതനം പററിക്കൊണ്ടു ജോലി ചെയ്തിരുന്ന ഈ എ. എ. ബിരുദധാരി തന്റെ എല്ലാമായിരുന്ന ജോലി ഉപേക്ഷിച്ചുകൊണ്ടു് അവശരനുഭവിക്കുന്ന തൊഴിലാളികളെയും യുവജനങ്ങളെയും സംഘടിപ്പിക്കുന്നതിനുവേണ്ടി ഇറങ്ങിത്തിരിച്ചതിന്റെ പിന്നിലുള്ള രഹസ്യം സ്വന്തം വർഗ്ഗബോധവും ദേശീയതയുമായിരുന്നു മാത്രമാണു്.

മലബാർപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ കണ്ണീരുണ്ണിയാണു ശ്രീ. സത്യനാഥനു് അവരുടെ ദുഃഖങ്ങളെയും ജീവിതരീതിയേയുംപററി യഥാർത്ഥ മത്സ്യത്തൊഴിലാളിയേക്കാൾ ബോധവും പരിജ്ഞാനവുമുണ്ടു്. "ഗവണ്മെൻറു്" മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തി

കടലിന്റെ മക്കളുടെ നേതാവു്



ക ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശത്തോടുകൂടി നടപ്പാക്കുന്ന കാര്യങ്ങൾ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കു് ഇന്നു് അനുഭവിക്കാൻ സാധിക്കുന്നില്ല എന്നു് അദ്ദേഹം ഈ ലേഖകനോടു പറയുകയുണ്ടായി. ഈ രംഗത്തു് വലിയ സാമ്പത്തികബാദ്ധ്യതയില്ലാതെതന്നെ ഫലപ്രദമായി സ്ത്രീകൾ നടപ്പിലാക്കാൻ സാധിക്കും എന്നാണു് ശ്രീ. സത്യനാഥന്റെ അഭിപ്രായം.

തലശ്ശേരിയിലെ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച സത്യനാഥൻ വിദ്യാഭ്യാസകാലംതുതൽക്കുതന്നെ പുരോഗമന പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. അഖിലകേരളകോൺഗ്രസ്സ് നടത്തിയിരുന്ന "റിപ്പബ്ളിക്കു്" വാരികയിൽ "സനാതൻ" എന്ന തൂലികാനാമത്തിലാണു് രാഷ്ട്രീയലേഖനങ്ങൾ എഴുതിയിരുന്നതു്. നല്ലൊരു സംഘാടകനും പ്രാസംഗികനുമായ ഈ മുപ്പത്തിരണ്ടുകാ

ശ്രീകാളിചാത്തൻസേവയുടെമഹത്തായ നേട്ടങ്ങൾ!

ഓംശക്തി

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായ അനുഭവം മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽവിജയം ഇവകൾക്ക് ആരാധനയിൽ വിശ്വസിക്കുന്നവർക്കു സമീപിക്കാം. തൃശ്ശൂർവന്നു് അന്തിക്കാട്ടുപോകുന്ന ബസ്സിൽക്കയറി അന്തിക്കാട്ടു ഹൈസ്ക്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടു നടന്നാൽ ബോർഡ്ു് കാണാവുന്നതും അവിടെനിന്നു പടിഞ്ഞാട്ടു് 2 ഫർലോങ്ങു് നടന്നാൽ മഠത്തിൽ എത്താവുന്നതുമാണു്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു് സ്റ്റാമ്പുസഹിതംഎഴുതുക.

ററി.എസ്. വേലായുധൻ S. K. C. S. മഠം, P. O. അന്തിക്കാട്ടു്, തൃശ്ശൂർ

★ നിങ്ങൾ വായിച്ചിട്ടുണ്ടോ? ★ ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ

1. **മദനലീലകൾ:** ഏററവും പുതിയ പുണ്ണ്യചിത്രഗ്രന്ഥം. ലൈംഗികാവയവങ്ങളുടെ പ്രവർത്തനം, വിവിധ സംയോഗരീതികൾ etc. വില 7 00
2. **രാസരസം.** മധുവിധു ആനന്ദലഹരിയുള്ളതാക്കാൻ സ്വീകരിക്കേണ്ട സംയോഗനിലകൾ, രഹസ്യങ്ങൾ, ചിത്രങ്ങൾ സഹിതം. വില 6 00
3. **മദനസാമ്രാജ്യത്തിലെ രതിവികൃതികൾ.** വമ്പന്മാരുടെയും, കൊലകൊമ്പന്മാരുടെയും ലൈംഗികവികൃതികളുടെ സമാഹാരം. ചിത്രങ്ങൾ സഹിതം വില 6 00
4. **സെക്സ്അററ്ലസ്:** സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, പ്രവർത്തനം, മൈഥുനരീതികൾ, ഫാമിലിപ്ലാനിംഗ് etc. ചിത്രഗ്രന്ഥം. വില 5 00
5. **സ്ത്രീപുരുഷശരീരശാസ്ത്രം:** ലൈംഗികാവയവങ്ങളുടെ വളർച്ച, പ്രവർത്തനം, സംഭോഗനിലകൾ, രഹസ്യമുറകൾ, ചിത്രഗ്രന്ഥം വില 5 00
6. **രാസക്രീഡ!** രതിമാഹാത്മ്യം, ഉത്തമസംയോഗനിലകൾ, കാമലീലകൾ, എല്ലാം ചിത്രങ്ങൾ സഹിതം. വില 4 00
7. **കാമശാസ്ത്രം:** വാത്സ്യായനൻ മുതൽ ഹാവ്ലോക് എല്ലീസ്വരെ നിർദ്ദേശിച്ചിട്ടുള്ള രഹസ്യങ്ങളും കാമലീലകളും. ചിത്രഗ്രന്ഥം വില 4 00
8. **സ്ത്രീകളും പ്രസവരഹസ്യവും:** ഗർഭോല്പാദനംമുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ— വിവാഹിതർ അറിയേണ്ടതു്. ചിത്രഗ്രന്ഥം വില 3 00
9. **ഹണിമൂൺ:** (രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ. ചിത്രഗ്രന്ഥം. വില 2 00
10. **വിവാഹജീവിതവും സംയോഗരീതികളും:** ഒന്നുമറിയാൻപാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ രതിജീവിതം സുഖകരമാക്കാം. വില 2 00
11. **കല്യാണരാത്രിയിലെ കാമലീലകൾ:** എന്നുമെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാനും സുഖിക്കാനും ഈ ചിത്രഗ്രന്ഥം വായിക്കുക. വില 2 00
12. **ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും:** വൈദ്യശാസ്ത്രം വില 1 00

എല്ലാ പുസ്തകങ്ങൾക്കും വി. പി. ചിലവു പുറമെ, കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar, Kuzhikala, Quilon Dt.

കുഴിയാനകൾ

സുകുമാർ

ഉച്ചിപൊട്ടുന്ന നട്ടുച്ചവെയിലത്തു് വേച്ചുവേച്ചു് പരവശനായി നടന്നുവന്ന ആ സുഷുമ്നേഷ്യൻ, പൊടിയടിഞ്ഞുകിടന്ന നടുറോഡിലെ ഒരു കല്ലിൽത്തട്ടി അതിന്റെ പുറത്തുകൂടിഞ്ഞെന്നെ കമിഴ്ന്നടിച്ചുവീണു പല്ലു് ശേഷിച്ച രണ്ടണ്ണവും തെറിച്ചു, വായിൽക്കൂടി ചോര ഒലിച്ചു.

ആ ദയനീയരംഗം കാണാനിടയായ ചിലരവിടേയ്ക്കോടിയെത്തി മനുഷ്യനെപ്പിടിച്ചെഴുന്നേല്പിച്ചു് വെള്ളം കൊടുത്തു. ദാഹവും വേദനയുമൊട്ടശമിച്ച മനുഷ്യൻ ആ കല്ലിലേക്കു് കണ്ണുചിമ്മിക്കയാന്നു നോക്കി അയാൾ പൊട്ടിച്ചിരിച്ചു. അതു കണ്ട ജനം അത്ഭുതപ്പെട്ടു.

പാവങ്ങൾ! അവർക്കറിയാമോ, പത്തിരുപതു കൊല്ലംമുമ്പു് അയാൾ മന്ത്രിയായി വിരാജിച്ചിരുന്നകാലത്തു് പുതിയ റോഡുനിർമ്മാണത്തിനുവേണ്ടി അയാൾ ഉദ്ഘാടനംചെയ്തു, അയ്യാളുടെ പേരു് മത്തങ്ങാഴുപ്പിൽ കൊത്തിവെച്ച മാർബിൾ ശിലയിലണു് അയാൾ തട്ടിപ്പിടഞ്ഞു വീണതെന്നു്!

താൻ കഴിച്ച കുഴിയിൽ താൻതന്നെ വീഴും. അതെന്നു്. ഇന്നു്—താനിട്ട തറക്കല്ലിൽ താൻതന്നെ തട്ടിവീഴും.

*

മേമ്പൊടി

അവനെക്കൊണ്ടു് സർവ്വപേരും പൊറുതിമുട്ടി. സ്കൂളിൽ വാദ്ധ്യാന്മാർ, വീട്ടിൽ അച്ഛനമ്മമാർ. റോട്ടിൽ യാത്രക്കാർ, നാട്ടിൽ നാട്ടുകാർ ആർക്കുമൊരു രക്ഷയുമില്ല. എന്തെങ്കിലും ചോദിച്ചാൽ അവൻ മണിക്കൂറുകളോളം മലവെള്ളംപോലെ പ്രസംഗിക്കും. പറഞ്ഞാൽ വകയില്ല. കൊടുത്താൽ കോടതികേറേണ്ടിവരും.

ഒടുവിലെല്ലാപേരുംകൂടി ഒരു നല്ല പോംവഴി കണ്ടു അവനെപ്പിടിച്ചു് തിരഞ്ഞെടുപ്പിനു നിർത്തി ജയിപ്പിച്ചു. അന്നംബ്ലിയിൽ പറഞ്ഞയച്ചു.

—o—

രൻ ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനും സംസ്ഥാനയുത്തു്കോൺഗ്രസ്സ് കമ്മിററി അംഗവുമാണു്. കൂടാതെ, കെ. പി. സി. സി. മത്സ്യത്തൊഴിലാളി സെൽഅംഗം, കണ്ണൂർ ഡി സി. സി. മത്സ്യത്തൊഴിലാളിസെൽ കൺവീനർ എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിക്കുന്നു.

കണ്ണൂർജില്ലയിലെ ഒരു പ്രധാന അമച്ചർനാടകവേദിയായ «തലശ്ശേരി കേരളകലാനിലയ»ത്തിന്റെ സെക്രട്ടറിക്കൂടിയാണു് സത്യൻ. നല്ലൊരു നടനും സംവിധായകനുമായ ഇദ്ദേഹം ഇതിനോടകം അമ്പതിൽപരം നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ടു്.

പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ വേണ്ടരീതിയിൽ കൈകാര്യം ചെയ്യുന്നതിനുമുള്ള സത്യനാഥന്റെ കഴിവു് അനിതരസാധാരണമാണു്. ഊർജ്ജസ്വലതയും ത്യാഗസന്നദ്ധതയും ഉള്ള ഈ ചെറുപ്പക്കാരൻ യുവജനങ്ങളുടെയും തൊഴിലാളികളുടെയും ഒരു ആശാകേന്ദ്രമാണു്. ഇന്നു് കേരളവ്യാപകമായി മത്സ്യത്തൊഴിലാളികളുടേതായ ഒരു സംഘടന വാർത്തെടുക്കുന്നതിനുള്ള [illegible] ശ്രമങ്ങളിൽ വ്യാപൃതനായിരിക്കയാണു് അദ്ദേഹം.

—o—

നിലമ്പൂർ ബാലൻ

ഒരു മികച്ച സ്വഭാവനടൻ

"ചെമ്പരത്തി" കണ്ടിട്ടുള്ളവർ അതിലെ ഒരു പ്രത്യേകകഥാപാത്രത്തെ ശ്രദ്ധിക്കാതിരിക്കയില്ല. ആത്തിപൂണ്ടകണ്ണുകളുമായി ലോഡ്ജ് പരിസരത്തിൽ വട്ടം കറങ്ങുന്ന മിണ്ടാപ്രാണിയായ ഒരു കഥാപാത്രം. ആ മനുഷ്യന്റെ മുഖവും, പ്രത്യേകഭാവവും, നക്കിത്തുടയ്ക്കുന്ന നാവും ചുണ്ടും എല്ലാം ശ്രദ്ധിക്കും. അയാൾക്കു കഥയിൽ ഒന്നു കാര്യം, എന്നുപോലും ആരെങ്കിലുമായി കാണികൾ ചോദിക്കും. അയാളെ കാണുന്നവർ നടുങ്ങും. രണ്ടോ മൂന്നോ തവണമാത്രം സ്ക്രീനിൽ മിന്നി മറഞ്ഞുപോകുന്ന ഒരു കഥാപാത്രം പ്രേക്ഷകമനസ്സിൽ തങ്ങിനില്ക്കുകയും, നിരൂപകന്മാർക്ക് ഒരുവരി എഴുതാൻ പ്രേരണയുണ്ടാവുകയും ചെയ്യുക ചെറിയകാര്യമല്ല. ആ കഥാപാത്രത്തെ നിറഞ്ഞ രൂപപ്പൊലിമയോടെയും തികവോടെയും അവതരിപ്പിച്ച നിലമ്പൂർ ബാലന്റെ അഭിനയപാടവം പരാമർശമർഹിക്കുന്നു. ചെമ്പരത്തിയെ കുറിച്ചെഴുതിയപ്പോൾ കാക്കനാടൻ ആ മനുഷ്യനെക്കുറിച്ചെഴുതി: "നിലമ്പൂർബാലൻ കുറവക്കാരൻ നാണു എന്ന കഥാപാത്രത്തെ അവിസ്മരണീയമാക്കി."

"നിഴലാട്ടം" കാണാനിടയായ പ്രേക്ഷകൻ, ഒരക്ഷരം ഉരിയാടാതെ സ്ക്രീനിൽ കുറിച്ചുകൂത്തുന്നവരുടെ നടുവിലിരുന്ന് മദ്യപിക്കുന്ന ചെട്ടിയാരെ മറക്കുകയില്ല. അവസാനരംഗത്ത് ഭാര്യയെ പെട്ടിയാരുടെ ഇംഗിതങ്ങൾക്ക് ഇരയാക്കി നായകൻ മതികെട്ടുറങ്ങുമ്പോൾ തന്റെ മുമ്പിലെ സൌന്ദര്യധാമത്തെ രോന്തിക്കടിക്കാനും കടിച്ചിമ്പി രസിക്കാനും വെമ്പൽപൂണ്ടുഴറിപ്പായുന്ന കാമാർത്തനായ ചെട്ടിയാരുടെ ഭാവവും മട്ടും ഒരക്ഷരം സംസാരിക്കാതെ ആവിഷ്ക്കരിച്ച നിലമ്പൂർ ബാലൻ തന്റെ അഭിനയശൈലിയിലൂടെ സവിശേഷമായ ശ്രദ്ധയ്ക്ക് പാത്രീഭൂതനായിരിക്കുന്നു.

"മുറപ്പെണ്ണിൽ" എല്ലാ ഭിന്നിപ്പുകളുടെയും വേലിക്കെട്ടുകൾക്കുള്ളിൽ മുമ്പിൽ നിന്ന്, കാരണവന്ക് അനുകൂലമായ ന്യായങ്ങൾമാത്രം ഉച്ചത്തിൽ വിളിച്ചലറി, നടന്നുമറയുന്ന തലപ്പുലയന്റെ ഭാഗം എത്ര അനായാസമായാണ് ഈ നടൻ പകർത്തിയത്. "അസുരവിത്തിലും" "ഓളവും തീരവും" എന്ന പടത്തിലും വളരെ ചെറിയ റോളുകളിൽ മാത്രം പ്രത്യക്ഷപ്പെട്ട ഈ നടൻ അവയിലെ നിറഞ്ഞുനില്ക്കുന്ന

യു. എ. ഖാദർ

നടനാടരോടൊപ്പംതന്നെ ശ്രദ്ധേയനായി ഭവിച്ചത്, തനിക്കു കിട്ടിയ റോൾ അത്രെത്ര ചെറുതാണെങ്കിലും, ഉൾക്കരുത്തോടെയും തന്മയത്തോടെയും അവതരിപ്പിക്കാനുള്ള ആത്മാർത്ഥമായ ശ്രമം കൊണ്ടും, അതിനുള്ള പാടവംകൊണ്ടുമാണ്. "കള്ളിച്ചെല്ലത്തി"യിലെ നിലമ്പൂർ ബാലനെ കണ്ടിട്ടുള്ളവർ ആ പ്രത്യേക രംഗം ഓർക്കാതിരിക്കുകയില്ല. പിഴച്ചവളായി പഴിയ്ക്കപ്പെട്ട താവാട്ടംഗത്തെ—കള്ളിച്ചെല്ലത്തിയെ—ഇണദോഷിക്കുന്ന രംഗം ഒരുരണ്ടു മുലകൾ, അർത്ഥംവെച്ചുള്ള നോട്ടം, "തമ്പ്രാട്ടി കടിലേക്കു ചെല്ലൂ" എന്ന താക്കീത്—അത്രയും കൊണ്ടാ രംഗത്തിന്ന് പൂർണ്ണമായ കൊഴുപ്പും ഇടിപ്പും ഉണ്ടാക്കിയത് സ്ക്രീപ്ററിന്റെ മിടുക്കിനോടൊപ്പം അതവിഷ്കരിച്ച നടന്റെ കഴിവുകൂടിയാണെന്ന് ആരും സമ്മതിക്കും.

എം. ടി. വാസുദേവൻ നായരുടെ ചിത്രങ്ങളിലൂടെയാണ് ശ്രീ: ബാലൻ കൂടുതൽ ശ്രദ്ധേയനായത്. അദ്ദേഹത്തിന്റെ മിക്കവാറുമെല്ലാചിത്രങ്ങളിലും ബാലനെ കാണാം. കഴിവുള്ളവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും തെല്ലും വൈമനസ്യം കാണിക്കാത്ത എം ടി ബാലന്റെ കാര്യത്തിൽ എപ്പോഴും പ്രത്യേകം ശ്രദ്ധിക്കാറുണ്ടെന്നു, തന്റെ സിനിമാജീവിതത്തിന്ന് എന്നും എപ്പോഴും "ഗുരുവാണെന്നും ബാലൻ പറയുകയുണ്ടായി ഒരു കൂട്ടിപ്പറഞ്ഞു: "മതിലുകൾ" എന്ന ഈ. കെ. അയമുവിന്റെ നാടകത്തെ കുറിച്ചും അതിലെ തന്റെ അഭിനയത്തെക്കുറിച്ചും എം. ടി. എഴുതിയ നിരൂപണം തന്റെ അഭിനയജീവിതത്തിലെ എടുത്തുദ്ധരിക്കത്തക്ക പ്രോത്സാഹകരമായ ഒരനുഭവമാണെന്ന്. സിനിമയിൽ നിലമ്പൂർ ബാലൻ പ്രത്യക്ഷപ്പെട്ടത് സേലം മോഡേൺ തിയേറേഴ്സുകാരുടെ "കണ്ടം ബെച്ചകോട്ട്" എന്ന ചിത്രത്തിലാണ്. എന്നാൽ എം. ടി. യുടെ പടങ്ങളിലൂടെയാണ് ശ്രദ്ധേയമായ കഥാപാത്രങ്ങളെ ആവിഷ്ക്കരിച്ചു തുടങ്ങിയത്.

ശ്രീ: ബാലൻ സിനിമയിലെ കരുത്താന്ന ചെറുറോളുകളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഒരു നടൻ മാത്രമല്ല. അതു് ബാലന്റെ അഭിനയജീവിതത്തിലെ ഒരു ചെറിയഭാഗം മാത്രമാണ്. മലയാള നാടകവേദിയിലെ കൂരക്ടർനടന്മാരിൽ അഗ്രഗണ്യനായ ഒരു നടനാണ് ബാലൻ. ആയിരത്തിത്തൊള്ളായിരത്തി അമ്പത്തഞ്ചു് അമ്പത്തഞ്ചു് കാലങ്ങളിൽ ആരംഭിച്ച നിലമ്പൂർ യുവജനകലാസമിതിയുടെ "ജഡ്ജ് നല്ല മനിസനാകാൻ നോക്ക്" എന്ന നാടകമാണ് അഭിനയരംഗത്ത് ശാശ്വതമായിറങ്ങാൻ ബാലനെ പ്രേരിപ്പിച്ചത്. "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി" എന്ന നാടകത്തെപ്പോലെതന്നെ കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ തണലിലും ഒത്താശയിലും കേരളത്തിൽ മുഴക്കെയും ഇന്ത്യയിൽ പല ഭാഗങ്ങളിലും അവതരിപ്പിച്ച നാടകമാണ് "ജഡ്ജ് നല്ല മനിസനാകാൻനോക്ക്" എന്ന നാടകം. ഏറനാട്ടിലെ നിത്യജീവിതത്തിൽനിന്ന് ഉരിയെടുത്ത ആ നാടകം പ്രേക്ഷകർക്ക് നല്ലൊരു അനുഭവമായിരുന്നു. ബാലനെപ്പോലെ നിലമ്പൂരിലെ ഏതു നാടനടന്മാർ (നിലമ്പൂർ ആയിഷ തുടങ്ങിയവർ) മലയാളനാടകവേദിയിൽ ശ്രദ്ധേയരായി മുന്നാട്ടുവന്നതു് ആ കാലത്തായിരുന്നു അന്നുതുടങ്ങിയാരംഭിച്ച നാടകജീവിതം ഇന്നും തുടരുന്നു. ശ്രീ: ബാലൻ പല റോളുകളും തന്റെ അഭിനയശൈലിയിലൂടെ ശശ്വൽക്കരിക്കുകയുണ്ടായി. കെ. ടി. യുടെ കാഫർ എന്ന നാടകത്തിലെ ഇബ്രാഹിംഹാജി, ചുകന്ന ഘടികാരം എന്ന നാടകത്തിലെ വിഷയലമ്പടനായ ധനികൻ, "മതിലുകൾ" എന്ന നാടകത്തിലെ പ്രധാനകഥാപാത്രം തുടങ്ങി തൊണ്ണൂറ്റിനവധി കഥാപാത്രങ്ങളെ

ബാലൻ തന്റെ മാതൃകാപൂർണ്ണമായ അഭിനയം കൊണ്ട് അവിസ്മരണീയങ്ങളാക്കുകയുണ്ടായി ഈയടുത്ത് ബാലന്റെ ഒരു നാടകം തിരുവനന്തപുരം വി. ജെ. റി. ഹാളിൽവച്ച് കാണുകയുണ്ടായി. ശ്രീമൂലനഗരം വിജയന്റെ "തടാകം" എന്ന നാടകം. നല്ലവനായ ഹാജിയാരുടെ റോളിൽ പ്രത്യക്ഷപ്പെട്ട ബാലൻ, തിരുവനന്തപുരത്തെ നാടകാസ്വാദകർക്ക് പുതുമയും ആഹ്ലാദവുമായി ഭവിച്ചു. ഓരോ രംഗത്തും താനാവിഷ്കരിച്ച ആ പ്രത്യേക കഥാപാത്രത്തെ എല്ലാ ചലനങ്ങളിലൂടെയും ചെയ്തികളിലൂടെയും സദസ്യർക്ക് ആഹ്ലാദകാരിയായ ഒരനുഭവമാക്കി മാററുകയായിരുന്നു ആ നടൻ.

ബാലൻ സ്വന്തമായ ഒരു നാടകസംഘമുണ്ടാക്കി, കേരളത്തിലെല്ലായിടത്തും "കളിയ്ക്കാൻ" പരിപാടിയിട്ടിരിക്കയാണ്. കഴിവുററ ഒരു നടിയാണ് ബാലന്റെ ഭാര്യ വിജയലക്ഷ്മി കോഴിക്കോട്ട് നടക്കാവിലും നീലമ്പൂരിലുമായി ജീവിക്കുന്ന ബാലന്ന് അടുത്ത് മൂന്നുനാലു സിനിമകളിൽ കൂടി പ്രത്യക്ഷപ്പെടാനുള്ള അവസരം ലഭിച്ചിരിക്കയാണ്. "സ്വർണ്ണമത്സ്യങ്ങൾ" വേണുവിന്റെ "പ്രേതങ്ങളുടെ താഴ്‌വര" മുസഫലിക്കേച്ചേരിയുടെ "മരം," ജയവിന്റെ 'നെല്ല്" എന്നിവയാണാചിത്രങ്ങൾ. അഭിനയത്തിൽ സ്വന്തമായ ഒരു ശൈലി ആവിഷ്കരിച്ച് സഹൃദയരുടെ അഭിനന്ദനങ്ങൾ നേടുക, സ്വന്തമായ ഒരു നാടകസംഘം രൂപപ്പെടുത്തി നാടകാഭിനയത്തിലൂടെ ജീവിതത്തിന്ന് ക്രമവും ഭദ്രതയും കൈവരുത്തുക ഇതാണ് തന്റെ ലക്ഷ്യമെന്ന് ബാലൻ പറയുകയുണ്ടായി. അതിന്ന് സഹൃദയരുടെ ഒത്താശയും സ്നേഹിതരുടെ പ്രോത്സാഹനവും തനിക്ക് കൂട്ടായുണ്ടെന്നും ബാലൻ പറഞ്ഞു. എം. ടി. വാസുദേവൻ നായർ, കാക്കനാടൻ, പി. എൻ. മേനോൻ തുടങ്ങിയവർ എന്നും എപ്പോഴും തന്നെ പ്രോത്സാഹിപ്പിക്കാനും ശിക്ഷിക്കാനും രക്ഷിക്കാനും ഒപ്പമുണ്ടെന്ന് അഭിമാനപൂർവ്വം ബാലനറിയിച്ചു. തന്റെ കലാജീവിതത്തിലെ കൂട്ടുകാരും, കൂടുകാരുമാണവരെന്ന് ബാലൻ അഭിമാനിക്കുന്നു.

—o—

- അർദ്ധരാത്രിയ്ക്കാണ് സങ്കല്പത്തിന്റെ തുടക്കം. അർദ്ധരാത്രിയിൽ സങ്കല്പത്തിനെന്തേ പ്രസക്തിയെന്നാവാം നിന്റെ ചോദ്യം? പറയാം. പ്രായമേറിയ അമ്മുമ്മയ്ക്ക് രാത്രി 12 മണിവരെ കാത്തിരുന്ന ചോറു വിളമ്പിത്തരാനൊന്നും വയ്യത്രേ. കാത്തിരുന്ന കണ്ണു കലിച്ചാലും ഞാൻ വന്നേ കിട്ടൂ എന്ന വിധിയുടെ ചരട് കഴുത്തിൽകെട്ടി നിന്നെ ഉടനെ തന്നെ വീട്ടിലെത്തിയ്ക്കണമെന്നതാണ് അമ്മുമ്മയുടെ വാചകത്തിലെ വ്യംഗ്യമായ സൂചന.

എന്താ, പോരാൻ ഒരുക്കമല്ലേ? ഉറങ്ങാൻ പററില്ല ഇനിയുള്ള രാത്രികൾ എ



ന്ന വ്യാകുലതയുടെ നിഴൽ നിന്റെ മുഖത്ത് ഇപ്പോഴേ പരക്കാൻ തുടങ്ങിയോ? രാത്രികൾ, ശിവരാത്രികളാക്കി പ്രഖ്യാപിക്കാനുള്ള അവകാശത്തിന്റെ കുത്തകയൊന്നും ഞാൻ ഏററെടുക്കുന്നില്ല. അക്കാര്യത്തിൽ നമ്മൊളൊരുമിച്ചായിരിക്കും തീരുമാനമെടുക്കുക. അർദ്ധരാത്രിവരെ ഊരുചുററുമോ എന്ന നിന്റെ സന്ദേഹവും ഇതാ തീർത്തിരിക്കുന്നു. സെക്കൻറ് ഷോ കാണുന്നതു് എനിക്കൊരു വിനോദമാണ്. അത്രേയുള്ളൂ.

എന്റെ സങ്കല്പങ്ങളിലെ

എന്തു വേഷമാണ് എന്നതിനിൽ നീ വരുമ്പോൾ അണിയേണ്ടതെന്നോ? കട്ടി, വേഷത്തിലുണ്ടോ വല്ല കഴമ്പും. എന്തു വേഷം ധരിച്ചാലും എത്രയാഭരണമണിഞ്ഞാലും നീ, നീ തന്നെയല്ലേ? അതോ വേഷഭൂഷാദികളുടെ ഏററക്കുറച്ചിലുകൾക്കു നിന്നെ നിയല്ലാതെ മറെറാന്നാക്കിക്കാണിക്കാനുള്ള കഴിവുണ്ടോ? മറെറാന്നാകാതെ നാം നാമായിരിക്കുകയല്ലെ ഭംഗി? വേഷവും ആഭരണവും എനിക്കിഷ്ടമാണ്, നിന്നെ നിയാക്കിത്തീർക്കാൻ അതുപകരിക്കുമെങ്കിൽ മാത്രം.

നിന്റെ മുഖം, സഖീ, എനിക്കെത്രയോ പ്രിയങ്കരം. നിന്റെ കണ്ണുകൾ ചിമ്മുമ്പോൾ കരിവണ്ടു പറക്കുന്നതായും നടക്കുമ്പോൾ നിയൊരു രാജഹംസമായി മാറുന്നതായും എനിക്കു തോന്നുന്നില്ല. തോന്നുകയുമില്ല പക്ഷേ, നിന്റെ കൺതടങ്ങളിൽ മയങ്ങിക്കിടക്കുന്ന സ്നേഹത്തിന്റെ ഉണർവ് എനിക്കു മറക്കാനാവില്ല നിന്റെ നെററിയ്ക്കലെ തൊട്ടുകുറി എനിക്കിഷ്ടമാണ്. വേണമെങ്കിൽ, അതിന്റെ മുകളിൽ ഒരു കുറികൂടി തൊട്ട്, മാളോരെ, വേറൊരാളുടെ "നെയിം പ്ലേററ്" ഞാൻ തൂക്കിപ്പോയി എന്നറിയിക്കുന്നതിലും വിരോധമില്ല.

ദൈവത്തിനെ, നിന്റെ നിലനില്പിന്ന് ഒരാവശ്യമാണെങ്കിൽ ആരാധിക്കാം. അതൊക്കെ വേണോ, ഇക്കാലത്ത്. ഇത്തരം ചപലതകൾ നിനക്കുണ്ടാകാതിരിക്കട്ടെ എന്നാണെന്റെ സങ്കല്പം നാമെന്തിന് ഈ കൊച്ചുകാര്യങ്ങൾ പറഞ്ഞ് ഇടയുന്നു? നാം അത്രയേറെ മാനസികമായി പൊരുത്തപ്പെട്ടതല്ലേ? മാനസികമായ പൊരുത്തമല്ലെ; മറെറന്തിനേക്കാളും ദാമ്പത്യജീവിതത്തിൽ കാമ്യം. നിന്നെ ഭരിക്കുന്നെനിക്കിഷ്ടമല്ല നീ എന്റെ നിലനില്പിന്റെ ആധാരമാണ്. എന്റെ പൂർണ്ണത, നിന്നിലൂടെ മാത്രമെ. എനിക്കു കൈവരിക്കാനാവൂ. പ്രണയാന്ത്യം വരെ

സങ്കൽപങ്ങളെ, തരൂ, എനിക്കൊരു വരണമാല്യം!

മീഷമൊന്നു മാത്രമല്ലെ ഉള്ളൂ, നമുക്കു സ്വന്തമായി.

വരൂ, കാലത്തിൽനിന്നു നമുക്കൊരുമിച്ച് ആ നിമിഷം മോഷ്ടിച്ചെടുക്കാം. നിന്റെ കയ്യു കരുത്തുററതാണെങ്കിൽ പ്രകാശത്തിന്റെ ഗോപുരനടകൾ നമുക്കൊരുമിച്ചു ഇറക്കാം ഇല്ലെങ്കിൽ ഇരുട്ടിന്റെ ജീർണ്ണതയുടെ മണം ശ്വസിച്ചു മയങ്ങാം. രണ്ടും എനിക്കൊരുപോലെ. ഒരുപക്ഷേ, നിനക്കും, അല്ലേ?

സങ്കല്പങ്ങളെ, തരൂ; എനിക്കൊരു വരണമാല്യം—

—പി. ജി. സുകുമാരൻനായർ

—(o)—

അച്ചടി ആരംഭിച്ചിരിക്കുന്നു— — — —

അസാധു

രാഷ്ട്രീയ (80%) വിനോദമാസിക
കൊല്ലം-8

തെക്കും വടക്കും ഇടത്തും വലത്തും നടക്കുന്ന എല്ലാ കാർട്ടൂണിസ്റ്റുകളും രാഷ്ട്രീയനേതാക്കന്മാരും എഴുത്തുകാരും നണയന്മാരും പങ്കെടുക്കുന്നു.

ഇതാണ് ചില പംക്തികൾ....

ചോദ്യ: പേരിന് അല്ലം അശ്ലീലച്ചുവതോന്നുമെങ്കിലും ഇതൊരു ചോദ്യോത്തരപംക്തിയാണ്. ചോദ്യങ്ങൾക്ക് മറുപടി പറയുന്നത് ഈ വിഷയത്തിലെ പുത്രൻ അടൂർഭാസി. ഏറ്റവും നല്ല ചോദ്യത്തിന് ഭാസിയുടെ വക ഒരു സമ്മാനം (സമ്മാനക്കാര്യം തമാശയല്ല)

നണ, നണ: ഈ പംക്തിയിൽ ഏതു നണയും ആക്കാം ഏറ്റവും വലിയ കല്ലുവച്ച നണയ്ക്ക് സമ്മാനം നൽകുന്നു! സ്ത്രീകൾക്ക് പ്രത്യേക സമ്മാനം!!

പയ്യന്റെ ഡയറി: ചിരിച്ചു മണ്ണുകപ്പുമെന്ന് ഭയമുള്ളവർ സൂക്ഷിക്കുക. എഴുതുന്നത് വി. കെ. എൻ.

പത്താമുറം: പത്താമത്തെ പേജിൽ ആരംഭിക്കുന്ന ഈ സ്ഥിരം പംക്തി വേളൂർ കൃഷ്ണകൃഷ്ണൻകുട്ടിയുടെ വകയാണ്.

ഞാൻ മന്ത്രിയായാൽ: ഒരുകാലത്ത് മന്ത്രിമാരാകാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടിയുള്ള ഒരു പംക്തിയാണിത്. മന്ത്രിമാരാൽ ജനങ്ങൾക്കുവേണ്ടി താൻ എന്തെല്ലാം ചെയ്യുമെന്ന് വിവരിച്ചെഴുതുക. വാഗ്ദാനങ്ങൾ എഴുതി അയച്ചുതരുന്നതോടൊപ്പം ഫോട്ടോയും എത്തിക്കുക.

വിനോദസംഭാഷണം: പ്രസിദ്ധനായ ഒരു രാഷ്ട്രീയനേതാവുമായി അസാധുവിന്റെ പ്രത്യേക പ്രതിനിധി നടത്തുന്ന വിനോദസംഭാഷണം (ഫോട്ടോകൾസഹിതം)

കട്ട്—കട്ട്: സിനിമാനിരൂപണങ്ങൾ വായനക്കാരെന്നെ എഴുതുന്ന ഇവ സംവിധായകന്റെയോ നിർമ്മാതാവിന്റെയോ മറുപടിയോടുകൂടിയായിരിക്കും പ്രസിദ്ധീകരിക്കുന്നത്.

ക്ലിനിക്ക്: വൈദ്യസംബന്ധമായ രസകരങ്ങളായ ചോദ്യങ്ങൾക്ക് കൈമുലിവാങ്ങാതെ നിങ്ങളുടെ ഡോക്ടർ മറുപടിപറയുന്നു.

പംക്തികൾ ഇനി പലതുണ്ട്. എല്ലാ സ്ഥലത്തും ഏജന്റന്മാരെ ആവശ്യമുണ്ട്. ഒരു പ്രതി വില 50 പൈസ. ഒരുവർഷം (തപാലിൽ) 6-00 ക ആറുമാസം 3-00 ക.

Manager, ASADHU, Quilon-8.

സാഹിത്യവാരഫലം

(15-ൽനിന്നും തുടർച്ച)

തയോടെ, മോഹഭംഗത്തോടെ അയാൾ നടന്നകലുമ്പോൾ കഥ അവസാനിക്കുന്നു. സാഹിത്യത്തിൽ ചിന്തകൾക്കു പ്രാധാന്യമുണ്ട്. ആ വിചാരങ്ങൾ വെറും വിചാരങ്ങളായി നില്ക്കുമ്പോൾ കലയില്ല അവ വികാരങ്ങളുടെ പ്രതിഫലങ്ങളാവുമ്പോൾ കലയുണ്ടാകുന്നു. വിചാരങ്ങളെ പ്രജ്ഞയുടെ കണ്ണുകൊണ്ട് കാണുന്നതേയുള്ളു ബാലകൃഷ്ണൻ. എന്തു്? ഗദ്യത്തിലും വികാരമോ? അതേ ഗദ്യമായാലും പദ്യമായാലും വിചാരത്തിന്റെ ഭൂമിയിൽ നിന്നാണ് കലയുടെ വിഹംഗമം ഉയരുന്നത്. ഉയരാനുള്ള ആഗ്രഹത്തിനു പ്രേരകശക്തിയാവുന്നത് വികാരവും.

ശങ്കുണ്ണിനായരുടെ മകൾ തങ്കമ്മ സ്വയംവരത്തിനു ഗോപിയെ ക്ഷണിച്ചു. തങ്കമ്മതന്നെ ക്ഷണിച്ചിരിക്കുകയല്ലേ? അതിനാൽ തന്റെ കഴുത്തിൽത്തന്നെ വരണമാല അണിയിക്കുമെന്നതിൽ സംശയമില്ല. ഗോപി പെണ്ണിന്റെ വീട്ടിലേക്കു പോകുമ്പോൾ വിജയകൃഷ്ണൻനായരെ കണ്ടു. അയൾ ശങ്കുണ്ണിനായരുടെ ക്ഷണമനുസരിച്ച് സ്വയംവരത്തിനു പോകുകയാണ്. ഗോപി എത്ര നടന്നിട്ടും വധുവിന്റെ ഗൃഹത്തിലെത്തിയില്ല അയാൾ ചെന്നുകയറിയതു് ചാക്കോച്ചന്റെ എസ്റ്റേററിലാണ്, ചാക്കോച്ചൻ ഗോപിയെ വെടിവച്ചുകൊല്ലാൻ ഭാവിച്ചു. പക്ഷേ, ഭാഗ്യത്തിന് ഗോപിയുടെ ഒരു തുള്ളി കണ്ണുനീർ എസ്റ്റേററിൽ വീണു. അതിലെ ഉപ്പ് എസ്റ്റേററിനു് വളമായിത്തീർന്നതുകൊണ്ട് ചാക്കോച്ചൻ അയാളെ കൊന്നില്ല; അവിടെനിന്ന് ഓടിച്ചതേയുള്ളു. ശ്രീ. പാറന്നൂർ പദ്മനാഭൻ ചന്ദ്രിക വാരികയിലെഴുതിയ "ഒരു സ്വയംവരത്തിന്റെ കഥ" എന്ന ചെറുകഥയുടെ സാരമാണിതു്. എനിക്ക് ഇതിന്റെ അർത്ഥമെന്തെന്ന് മനസ്സിലായില്ല. തങ്കമ്മ ഒരുപക്ഷേ, പരമസത്യമായിരിക്കാം; 'എന്നെ സാക്ഷാത്കരിക്ക്' എന്ന് അതു് ജീവാത്മാവിനോടു പറയുന്നുണ്ടാവാം. ആ ആഹ്വാനമനുസരിച്ച് സത്യസാക്ഷാത്കാരത്തിനു ശ്രമിക്കുന്ന ജീവാത്മാവിനു് പരാജയം സംഭവിക്കുന്നു. ആ ശ്രമത്തിനിടയിൽ ജീവാത്മാവിനെ ആരോ ചൂഷണം ചെയ്യുന്നു. ഇങ്ങനെയൊക്കെ ആയിരമായിരം തരത്തിൽ വ്യാഖ്യാനം നല്കാം. പക്ഷേ, അതുകൊണ്ടെന്തു പ്രയോജനം? സൗധത്തിലെത്താൻ യത്നിക്കുന്ന കൈയുടെ സാഹസകർമ്മങ്ങൾ കാണുമ്പോൾ നാം ഞെട്ടുന്നുണ്ട്. (കഫ്കയുടെ നോവൽ) ആ രീതിയിലുള്ള പ്രകമ്പനം ഉളവാക്കാൻപോലും പദ്മനാഭന്നു കഴിയുന്നില്ല. അദ്ദേഹത്തിന്റെ കഥ മസ്തിഷ്കത്തിൽനിന്നു ജനിക്കുന്നു. മറെറാരു മസ്തിഷ്കത്തിലേക്കു പോകാൻപോലും കഴിവില്ലാതെ അതു് ചലനരഹിതമായി നില്ക്കുന്നു

മലയാളത്തിലെ വിലക്ഷണങ്ങളായ കഥകൾ വായിച്ച് വൈരസ്യം തോന്നിയോ? എന്നാൽ നാഷനൽ ബുക്കുട്രസ്റ്റ് പ്രസാധനം ചെയ്ത "കഥാഭാരതി" തുറന്നുകൊള്ളൂ. അതിൽ ഹിന്ദിഭാഷയിലെഴുതിയ ചെറുകഥകളുടെ ഭാഷാന്തരീകരണം കാണാം. പല കഥകളും എനിക്കിഷ്ടപ്പെട്ടു. ഇതാ മോഹൻ രാകേശിന്റെ "പൊതിച്ചോറു്" എന്ന ചെറുകഥ. ഡ്രൈവർ സുച്ചാസിംഗിന്റെ ഭാര്യ ബാലോ റോഡരികിൽ പൊതിച്ചോറുമായി കാത്തുനില്ക്കുകയാണ്; സുച്ചാസിംഗിന്റെ മധ്യാഹ്നഭക്ഷണമാണതു്. പക്ഷേ, ബാലോ അവിടെ എത്തിയപ്പോഴേക്കും ബസ്സ് പൊടിയുഴിഞ്ഞു. അത്താഴത്തിനുള്ള പൊതിയും അതിലുണ്ട്. എന്തുചെയ്യാനാണ്? തന്റെ അനുജത്തിയെ ഒരു തെമ്മാടി ആക്രമിച്ചുകൊണ്ടാണ് അന്ന് ബാലോ വൈകിപ്പോയതു്. ഭാര്യയെ കാണാത്തതുകൊണ്ട് സുച്ചാസിംഗ് ദേഷ്യപ്പെട്ടിരിക്കും. രണ്ടരമണിക്കൂർ താമസിച്ചാണ് ബാലോ ചോറുകൊണ്ടെത്തിയതു്. ഇനി കാത്തുനില്ക്കുകതന്നെ. അവിടുമായ കാത്തുനില്ക്കൽ. ഒടുവിൽ ബസ്സു വന്നു. സുച്ചാസിംഗിന്റെ നേക്ക് ബാലോ ചോറുനീട്ടി. അയാൾ അവളുടെ കൈ തട്ടിക്കളഞ്ഞതേയുള്ളു. അവൾ കെഞ്ചി:—എന്നോടു പിണക്കമാണെങ്കിലും ഈ ചോറു് ഒന്നു വാങ്ങിക്കണേ. ചൊവ്വാഴ്ച വീട്ടിൽ വരുമ്പോൾ ഞാനെല്ലാം പറയാം." "ചൊവ്വാഴ്ച വരുന്നതു് നിന്റെ..." തെറികൊണ്ടാണ് സുച്ചാസിം

ഗ് ആ വാക്കും പൂർണ്ണമാക്കിയതു്. അയാൾ ബസ്സ് ഓടിച്ചുപോയി. ജലന്ധറിലേക്കു പോയ അയാൾ അവിടെ തിരിച്ചെത്തുമ്പോൾ രാത്രി മൈതുണിയാവും. അതുയും സമയംവരെ അവ്ടെത്തന്നെ നിന്നാലോ? വീട്ടിൽ അനുജത്തി പേടിച്ചിരിക്കുന്നുണ്ടാവും. എങ്കിലും സ്നേഹസമ്പന്നയായ ബാലോ അവിടെനിന്നു പോയില്ല. ആരോ പാടാൻ തുടങ്ങി. ആ ഗാനം അവളെ കോരിത്തരിപ്പിച്ചു. പണ്ട് താനൊരു കുമാരിയായിരുന്നപ്പോൾ ഗ്രാമത്തിലെ യുവാവായ ലാലി ഇതേഗാനം പാടുന്നതു കേൾക്കാൻ അവളെത്രപ്രാവശ്യമാണ് ആൽച്ചുവട്ടിൽപോയി നിന്നിട്ടുള്ളതു്!... ആ സ്വപ്നമണ്ഡലം തകർന്നു. കൂരിരുട്ട്. അതിന്റെ കനം കൂടിക്കൂടിവന്നു. ആഴമുള്ള ഒരു പാത. അവൾ കൂടെക്കൂടെ ഞെട്ടും. അങ്ങനെ ആ പാവം അവിടെ പേടിച്ചിരിക്കുമ്പോൾ സുച്ചാസിംഗ് എത്തി. അയാൾ അവളുടെ തോളിൽ തട്ടിയപ്പോൾ അവൾ കണ്ണുതുറന്നു. "നീ വീട്ടിൽ പോയില്ലേ ഇതുവരെ?" "സുച്ചാസിംഗിന്റെ ചോദ്യം. "ചോറുതന്നിട്ട് പോകാമെന്നു് വിചാരിച്ചു് ഇരുന്നതാ. ഇരുന്നിരുന്നു് ഒന്നു മയങ്ങിപ്പോയി. വന്നിട്ട് നേരം ഒരു പാടായോ?" സുച്ചാസിംഗ് അവളെ സമാശ്വസിപ്പിച്ചു. സ്നേഹത്തോടെ ബാലോ ചോദിച്ചു—"ചോറ്റാഗ്ഗ വരുമോ?" സ്നേഹാതിരേകത്തോടെ സുച്ചാസിംഗ് പറഞ്ഞു:—"ചിന്നെ ഞാൻ വരുത്തില്ലേ? നിനക്കവല്ലതും വാങ്ങിക്കൊണ്ടുവരണമെങ്കിൽ പറ.'

"എനിക്കു് ഒന്നും വേണ്ട." ബസ്സ് കടന്നുപോയി. അതു പാറിച്ചുപൊടിപടലം അവളെ മൂടി. ബാലോ സാരിയുടെ തുമ്പുകൊണ്ടു് മുഖം തുടച്ചു. ബസ്സിന്റെ ചുവന്ന വെളിച്ചം അപ്രത്യക്ഷമാകുന്നതുവരെ അവൾ അതു നോക്കിക്കൊണ്ടുനിന്നു. ഈ കഥ വായിക്കുന്നവർ സഹൃദയരാണെങ്കിൽ ഹർഷബാഷ്പം പൊഴിക്കും. അവരുടെ ഹൃദയം വികാരംകൊണ്ടു നിറയും. ഭർത്താവിനു ഭാര്യയോടും ഭാര്യയ്ക്കു ഭർത്താവിനോടും ഉള്ള സ്നേഹത്ത ഇതിനെക്കാൾ മനോഹരമായി ആവിഷ്കരിച്ച മറ്റൊരു കഥ എന്റെ ഓർമ്മയിലെത്തുന്നില്ല. ഈ കഥയെഴുതിയ മോഹൻ രാകേശ്! അങ്ങയ്ക്കു ധന്യവാദം. ഇതു് തർജ്ജമചെയ്ത ശ്രീ: സത്യൻ! താങ്കൾക്കും ധന്യവാദം.

വീട്ടിലിരുന്നു പഠിച്ചു് ആർക്കും S. S L. C., Pre-Degree. B A. പരീക്ഷകൾ പാസ്സാകാം. ഏഴാം സ്റ്റാൻഡേർഡുവരെ പഠിച്ചവർക്കു് ഈ മാർച്ചിൽ S. S. L. C. ക്കു് എഴുതാം. പ്രോസ്പെക്ടസ് 2 രൂപ.

All Saint's College

KOTTAYAM-1

Std. X-ൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്കു് ഫസ്റ്റ്ക്ലാസ്സോടെ പാസ്സാകാനുള്ള പോസ്റ്റൽട്യൂഷനും ആരംഭിച്ചു.

x x x

"ശങ്കേഴ്സ് വീക്കിലി" ആദ്യമേ ഇച്ചിച്ചു നാൾമുതൽ ഇതെഴുതുന്നയാൾ അതിന്റെ വായനക്കാരനാണു്. ശ്രീ. ശങ്കറിന്റെ ഉജ്ജ്വലപ്രതിഭയുടെ ചേതോഹരങ്ങളായ ആവിഷ്കാരങ്ങൾകൊണ്ടു് ആ വാരിക എല്ലാക്കാലത്തും സഹൃദയരെ രസിപ്പിച്ചിട്ടുണ്ടു് ഇന്നും രസിപ്പിക്കുന്നു. ശങ്കറിന്റെ ഹാസ്യചിത്രങ്ങൾ ഗഹനസ്വഭാവമുള്ളവയാണു്; അതേസമയം ആർക്കും ആഹ്ലാദമരുളുന്നവയാണു്. ഭാരതീയ സംസ്കാരത്തിലും പാശ്ചാത്യസംസ്കാരത്തിലും അദ്ദേഹത്തിനുള്ള അവഗാഹം ആ ചിത്രങ്ങൾ വിളംബരംചെയ്യുന്നു ആ അവഗാഹം പ്രകടനാത്മകമാവുന്നില്ല ലഘുത്വം ആവഹിക്കുന്നതേയുള്ളു. ഡൽഹിയിലെ ഹാസ്യചിത്രകാരന്മാർചേന്നു വരച്ച ഒരു ചിത്രം അദ്ദേഹത്തിന്റെ എഴുപതാമത്തെ ജന്മദിനത്തിൽ അദ്ദേഹത്തിനു സമർപ്പിക്കുകയുണ്ടായി. ആഗസ്റ്റ് 13-ാം തീയതിയിലെ വാരികയിൽ അതു കാണാം. ജർമ്മൻ കെട്ടുകഥകളിലെ ഒരു നായകനായ "പൈഡ്പൈപ്പറാ"യി ശങ്കറെ അതിൽ ചിത്രീകരിച്ചിരിക്കുന്നു. ഹാമ്ലിൻ എന്ന സ്ഥലത്തെ ആ കഴലൂത്തുകാരൻ കഴലൂതി കുട്ടികളെ ആകർഷിച്ചല്ലോ. അതുപോലെ ശങ്കർ തന്റെ പ്രതിഭകൊണ്ടു് ലോകജനതയെ മുഴുവൻ ആകർഷിക്കുകയാണു്. ഒന്നാന്തരം ചിത്രം. മഹാനായ ഈ കേരളീയൻ അധിപരായിട്ടുള്ള "ശങ്കേഴ്സ് വീക്കിലി"യിൽ ശ്രീ. ബി. എം. ഗഫൂർ ഹാസ്യചിത്രങ്ങൾ വരച്ചുതുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ ചിത്രങ്ങൾക്കു രാഷ്ട്രീയവ്യവഹാരത്തോടു ബന്ധമുള്ളതുകൊണ്ടു് ഗവണ്മെൻറുദ്യോഗസ്ഥനായ എനിക്കു് അവയെക്കുറിച്ചു് അഭിപ്രായം പറയാൻ അവകാശമില്ല. പക്ഷേ, ഗഫൂർ കഴിവുള്ള കലാകാരനാണെന്ന വസ്തുത എനിക്കു പറയാം. അദ്ദേഹത്തിന്റെ ചിത്രങ്ങൾ "ശങ്കേഴ്സ്വീക്കിലി"യെ ഭാസുരമാക്കട്ടെ.

x x x

"മാരാരുടെ വ്യക്തിത്വം മലയാളവിമർശനത്തിൽ ഒരു വിസ്മയമായിരുന്നു; മലയാളഭാഷയുടെ ശക്തിയും ചന്തവും വ്യക്തമാക്കുന്ന മാരാരുടെ ശൈലി വിസ്മയമായിരുന്നു; മാരാരുടെ യുക്തിവിചാരശൈലി ഇവിടെ വിസ്മയമായിരുന്നു; മാരാരുടെ ആകർഷണശേഷി ഇവിടെ വിസ്മയമായിരുന്നു—അതുകൊണ്ടു് മാരാർ എന്ന മനുഷ്യൻ മലയാളവിമർശനത്തിലെ ഒരു നിത്യവിസ്മയമാണെന്നു ഞാൻ വിശ്വസിക്കുന്നു." മലയാളനാട്ടിൽ ശ്രീ. കല്ലട രാമചന്ദ്രൻ ശ്രീ: കുട്ടിക്കൃഷ്ണമാരാരെക്കുറിച്ചെഴുതിയ ഒരു ലേഖനം ഈ രീതിയിലാണു് അവസാനിക്കുന്നതു്. ഇതിലെ അഭിപ്രായം ഗർഹണീയമായിരിക്കുന്നു. പ്ലേറോ, അരിസ്റ്റോട്ടൽ, ഭരതൻ, ആനന്ദവർദ്ധനൻ, കോൾറിജ്ജ് (കോളറിഡ്ജ് എന്നും കോൾറിഡ ജ് എന്നും എഴുതുന്നതു് ശരിയല്ല), സങ്ത്ബോവെ) (Sainte Beuve) എന്നീ മഹാനിരൂപകർപോലും "വിസ്മയങ്ങളല്ല." അപ്പോൾ കുട്ടിക്കൃഷ്ണമാരാരെക്കുറിച്ചു് എന്തു പറയാനിരിക്കുന്നു? അദ്ദേഹം മലയാളസാഹിത്യത്തിലെ ഒരു നല്ല നിരൂപകനാണു്. അങ്ങനെ പറയുന്നതാണു് സത്യം. ഗദ്യത്തിലെ അതൃപ്തികളും സ്ഥൂലീകരണങ്ങളും സത്യത്തിലേക്കല്ല നമ്മെ നയിക്കുന്നതു്; അസത്യത്തിലേക്കാണു്. ശ്രീ. രാമചന്ദ്രൻ "Reader over your shoulder (റോബർട്ട് ഗ്രേവ്സ് എഴുതിയതു്) എന്ന പുസ്തകം വായിക്കുന്നതു് നന്നായിരിക്കും.

x x x

മോറിസ് മതേർലങ്കിന്റെ "മോണവാന്ന" എന്ന അത്യന്തസുന്ദരമായ നാടകത്തിൽ നായികയായ ജ്യോവന്ന നായകനായ പ്രിൻസിവല്ലിയുടെ അടുക്കലെത്തുന്ന രംഗം. പ്രിൻസിവല്ലി ജ്യോവന്നയുടെ കാമുകനായിരുന്നു. അതറിയാൻ പാടില്ലാതെയാണു് അവൾ അദ്ദേഹത്തിന്റെ കൂടാരത്തിലെത്തുന്നതു്. അപ്പോൾ പ്രിൻസിവല്ലി അവളോടു ചോദിച്ചു. ഈ ദീപം ഇവിടെനിന്നു മാറ്റിവയ്ക്കട്ടോ? ഇതു നിന്റെ കൺചോളകളെ വേദനിപ്പിക്കുകയില്ലേ? മനോഹരമായ ചോദ്യം .....ഞാനൊരു വിദ്യാർത്ഥിയായിരുന്ന കാലത്തു്, പൊട്ടിപ്പോയ ഒരു മാല വിളക്കിക്കൊണ്ടുവരാൻ അച്ഛൻ എന്നോടു പറഞ്ഞു. വൈകുന്നേരമെല്ലാം കളിച്ചുനടന്നിട്ടു രാത്രിയായപ്പോൾ ഞാനൊരു സ്വർണ്ണപ്പണിക്കാരന്റെ വീട്ടിലെത്തി. അയാൾ വീട്ടിലില്ലായിരുന്നു. എന്റെ മുൻപിലെത്തിയ ഒരു പെൺകുട്ടിയോടു ഞാൻ മാലയുടെ കാര്യം പറഞ്ഞു: അവൾ അതു വാങ്ങി വെളിച്ചെണ്ണനനച്ചു കത്തിച്ചു ഒരു തിരി ഉയർത്തി അതൊന്നു പരിശോധിച്ചു. അപ്പോഴാണു ഞാൻ അവളുടെ മുഖത്തിന്റെ ഭംഗി കണ്ടതു്. സർവത്ര അന്ധകാരം. ആ അന്ധകാരത്തിൽ ഒരു സ്വർണ്ണദീപം. ആ ദീപത്തിനടുത്തു മനോഹരമായ മുഖ; തിളങ്ങുന്ന കണ്ണുകൾ. അതിനേക്കാൾ സുന്ദരമായ കാഴ്ച വേറെയേതു് എന്നു ഞാൻ സ്വയം ചോദിച്ചു. ഇങ്ങനെയുള്ള ചോദ്യങ്ങൾ, ദൃശ്യങ്ങൾ നമ്മെ സ്പർശിക്കും. സാഹിത്യത്തിലാവുമ്പോൾ അവയ്ക്കു ഭംഗികൂടും. മോഹൻരാകേശിന്റെ കഥ അങ്ങനെയാണു നമുക്കു് ആഹ്ലാദം നല്കുന്നതു്.

—o—



കുടുക്കയുടെ പണം

ചെറുകഥ

ഗോപിനാഥ് പനങ്ങാട്ട്

സ്റ്റീഫാ, നാളെ രാവിലെ നാലുമണിക്ക് എന്നെ വിളിച്ചെഴുന്നല്ലിക്കണം. എനിക്ക് റെയിൽവേസ്റ്റേഷനിൽ പോകേണ്ടതാണ്.

ദൂരെ സ്റ്റീഫൻ മൂളി എന്നു തോന്നി.

നാളെ രാവിലെ അവൾ വരും... അവൾ വരും... ... അവൾ...

ഞാൻ ഒന്നോർമ്മിക്കട്ടെ, നിന്നെ ഞാൻ എവിടെ വെച്ചാണു പരിചയപ്പെട്ടതു്? ഓർമ്മ വരുന്നു; ഡെൽഹി റെയിൽവേ സ്റ്റേഷനിലെ ഒരു ടെലിഫോൺ ബൂത്തിൽ വെച്ചു്.

സ്ത്രീകൾ പലരും വിഡ്ഢികളാണു്. നിന്നെപ്പോലുള്ള യുവസുന്ദരികൾ ചെയ്യുന്നതോ, മധുരവിഡ്ഢിത്തങ്ങളും!

ഒരു പത്തുപൈസാ നാണയങ്ങൾ യന്ത്രത്തിന്റെ വായിൽ നിക്ഷേപിച്ചു നീ ഡയൽ ചെയ്തു. "ഈസിററ് ആസ്സാം ഹൌസ്"? അയാം മിസ്സ് പ്രധാൻ ഫ്രം ഷില്ലോങ്ങ്." നീ പല ഈണത്തിൽ വിളിച്ചുപറയുന്നതുകേട്ടാണു ഡയറക്ററിയിൽ മറെറാരു നമ്പർ തിരയുകയായിരുന്ന എന്റെ ശ്രദ്ധ ഉണർന്നതു്. നിനക്കു പററിയ വിഡ്ഢിത്തം ഞാൻ മനസ്സിലാക്കി. സംസാരിക്കേണ്ട ആളുമായി ബന്ധം കിട്ടിക്കഴിഞ്ഞശേഷമേ പൈസ ഇടാവൂ എന്ന സങ്കേതികസത്യം നിനക്കു് അറിഞ്ഞുകൂടായിരുന്നു.

ഞാൻ നിന്റെ സഹായത്തിനെത്തി. ഞാൻ കയ്യിൽ കരുതിയിരുന്ന നാണയങ്ങൾ യന്ത്രത്തിന്റെ വായിലേക്കു് ഇട്ടുതന്നു. നിനക്കു കണക്ഷൻ കിട്ടി. ഫോണിൽ, എന്ക്കജ്ഞാതമായ ഭാഷയിൽ നീ എന്തോ ഒക്കെ സംസാരിച്ചു. പിന്നീടു നീ എനിക്കു മധുരമായി നന്ദിപറഞ്ഞു.

പിന്നെ നിന്നെക്കണ്ടില്ല. നീ സ്ഥലം വിട്ടിരുന്നു.

നിന്നോടു് എനിക്കു ദേഷ്യം തോന്നി. ഇരുപതു പൈസ നഷ്ടപ്പെട്ടതിൽ ദുഃഖവും. വെറും നന്ദിമാത്രം നൽകി നീ പൊയ്ക്കളഞ്ഞല്ലോ?

ഒരു പാഠം. സുന്ദരികളെ സഹായിക്കരുതു്. പ്രത്യേകിച്ചു സാമ്പത്തികമായി. ദ്രവ്യനാശവും മനഃപ്രയാസവും ഫലം.

തെക്കുനിന്നു ഗ്രാൻറ്ട്രങ്ക്എക്സ്പ്രസ്സ് എന്ന വലിയ തേരട്ടയിൽ കയറിയാണു് ഞാൻ വടക്കു മഹാനഗരത്തിലെത്തിയിരിക്കുന്നതു്. പരിചയമില്ലാത്ത മുഖങ്ങൾ.

ഡെൽഹിയിലെ ചൂടു്...! ഹാ:വു...! കേരളത്തിലെ മദ്ധ്യവേനലവധിയോടു് സഹതാപം തോന്നി.

ഒരാഴ്ചക്കാലത്തേക്കാണു സ്റ്റാഫ്കോൺഫറൻസ് എന്ന മാമാങ്കം. എല്ലാ സംസ്ഥാനങ്ങളേയും പ്രതിനിധീകരിച്ചു് ഓരോരുത്തർ.

രാവിലെ ഒൻപതു മണിക്കു ജന്തർമന്തർറോഡിലെ ആഡ്യവേപ്പ്ൻതണലിലൂടെ പാർലമെൻറ്സ്ട്രീററിലെ മരുഭൂമിയിലേക്കു നടന്നു.

ഉത്തുംഗസൗധത്തിന്റെ കവാടത്തിൽ ഐഡൻറിററി കാർഡു കാണിച്ചപ്പോൾ പാറാവുകാരൻ ലിഫ്ററിലേക്കു വഴി കാണിച്ചു.

നോഹയുടെ പെട്ടകം! ഓപ്പറേററർ സർദാർജി ഉൾപ്പെടെ ഒരുപററം സ്ത്രീപുരുഷന്മാർ അതിനുള്ളിൽ പരസ്പരസ്പർശനസുഖം അനുഭവിച്ചുനിന്നു. ഓരോ ഫ്ളോറിലേയ്ക്കും ആളുകൾ ചോന്നു. അവസാനം അഞ്ചാംനിലയിൽ എത്തിയപ്പോൾ പെട്ടകം കാലിയായി. സർദാർജി പാതാളത്തിലേയ്ക്കു താഴ്ന്നു.

അല്പവസ്ത്രധാരികളായ പെൺകിടാങ്ങൾ ശബ്ദമുണ്ടാക്കി നടന്നിരുന്ന ഇടനാഴ്ലൂടെ നടന്നു. കൂട്ടത്തിൽ കാണാൻകൊള്ളാവുന്ന ഒരുവളോടു ചോദിച്ചു. "റൂം നമ്പർ ഫൈവ് നോട്ട് ഫൈവ് പ്ലീസ്?"

"യുവാർ സ്റ്റാൻഡിങ്ങ് ജസ്റ്റ്. ഇൻ ഫ്രണ്ട് ഓഫീററ്."

"ഓ...അയാം സോറി."

കൊച്ചുകള്ളി, അതിരാവിലെ നീ എന്നെ ഒന്നു വാരിയിരിക്കുന്നു.

അഞ്ഞൂററഞ്ചാം നമ്പർ മുറ്യുടെ വാതിൽ വലിച്ചുതുറന്നു. പച്ചപ്പരവതാനി വിരിച്ച, ശീതികരണികൾ ഘടിപ്പിച്ച വിശാലമായ മുറി.

"ഹല്ലോ...യു...!!" ഒരു കയിൽനാദം! ഞെട്ടിത്തിരിഞ്ഞു് ആ മൂലയിലേയ്ക്കു നോക്കി. അവൾ!! ഇന്നലെ എന്റെ ഇരുപതുപൈസ തട്ടിയെടുത്തു വെറും നന്ദിമാത്രം പറഞ്ഞു കടന്നുകളഞ്ഞ വിലാസിനി.

ഇന്നലെ അവൾ ഫ്രോക്കായിരുന്നു ധരിച്ചിരുന്നതു്. ഇന്നു വേഷം സാരി. നീലസാരി, നീലചോളി, നീല പൊ

അച്ചുസ്സഞ്ചി! സർവ്വാംഗം നീലിമ. നീല കരുവി.

"നീ ഏതു സംസ്ഥാനത്തിൽനിന്നാണ്?" കരുവി കസേരസഹിതം നീങ്ങി അടുത്തു വന്നുകൊണ്ടു ചോദിച്ചു.

"പണ്ട് പരശുരാം മഴു എറിഞ്ഞു കടലിൽനിന്നു പുല്ലുപോലെ ഉയർത്തിയെടുത്ത ഒരു രാജ്യത്തെക്കുറിച്ചു നീ കേട്ടിട്ടില്ലേ? കേരളം. അവിടെനിന്ന്."

"റിയലി ഏ സ്വീററ് സർപ്രൈസ്! നീയും ഇങ്ങോട്ടാണെന്ന് എന്തുകൊണ്ട് ഇന്നലെ എന്നോടു പറഞ്ഞില്ല?"

"ഞാൻ ചോദിക്കാനും പറയാനുമൊക്കെ തുടങ്ങിവന്നപ്പോഴേയ്ക്കും ഭവതി ദ്രവ്യവുമായി കടന്നുകളഞ്ഞില്ലേ?"

അവൾ ജൂഡിററ് മായാപ്രധാൻ എന്നു മുഴുവൻ പേരോടുകൂടിയ, മിസ്സ് പ്രധാൻ മനോഹരമായി ചിരിച്ചു.

ഞങ്ങൾ ഗാഢമായി പരിചയപ്പെട്ടു. പത്തുമണിയായപ്പോൾ മററു സംസ്ഥാനങ്ങളിൽനിന്നുള്ള വൃദ്ധന്മാരും വൃദ്ധകളും എത്തി.

"നാം രണ്ടുപേർ മാത്രമേ ചെറുപ്പക്കാരായി ഉള്ളു അല്ലേ?"

പോരേ! എന്തിനധികം?

കോൺഫറൻസ് ആരംഭിച്ചു: ജനസംഖ്യാസ്ഫോടനത്തിന്റെ ഘോരതയെക്കുറിച്ചു പല വമ്പന്മാരും പ്രസംഗിച്ചു. വൃദ്ധർ പലരും ഉറങ്ങി.

"ഗ്രോഹികൾ. ഒന്നാംക്ലാസ്" തീവണ്ടിക്കൂലിയും ഭാരിച്ച അലവൻസുകളും തന്നു നിന്നെയൊക്കെ ഇങ്ങോട്ടു കെട്ടിയെടുത്തിരിക്കുന്നതു് ഇവിടത്തെ മെഷീൻ—കാപ്പാനിയും കടിച്ച് ഉറങ്ങാനാണോ" എന്ന അർത്ഥം വരുമാറു് ആരോ ഒരു വമ്പൻ ഒരിക്കൽ സംസാരിച്ചതൊഴിച്ചാൽ കോൺഫറൻസ് അശേഷം മുഷിഞ്ഞില്ല.

ജനപ്പെരുപ്പം എങ്ങിനെ നിയന്ത്രിക്കാം എന്നതായിരുന്നല്ലോ വിഷയം. കേരളത്തെക്കുറിച്ചും പ്രത്യേകിച്ച് എറണാകുളം ജില്ലയെക്കുറിച്ചും ഓർത്തു ഡയറക്ടറേററ് ബേജാറാകേണ്ടതില്ല എന്നു ഞാൻ പറഞ്ഞപ്പോൾ ജൂഡി, ഏതോ ഒരു കിളവൻ എഴുന്നേററുനിന്നു് എന്താണ് പറഞ്ഞതെന്നു നീ ഓർക്കുന്നോ?

—കുറേക്കൂടി സീനിയറായ ഓഫീസർമാരെയാണ് ഫാമിലി പ്ലാനിങ്ങ് രംഗത്തു നിയമിക്കേണ്ടതു് എന്ന്. അയാളെ ഞാൻ ദേഹോപദ്രവമില്ലാതെ കൊല്ലിക്കുമായിരുന്നു. പക്ഷേ, എന്റെ പാദം നിന്റെ പാദത്തിനടിയിലായിരുന്നതിനാൽ എനിക്ക് പെട്ടെന്ന് എഴുന്നേല്ക്കാൻ കഴിഞ്ഞില്ല.

സ്വർണ്ണാഭരണങ്ങൾ

രുവണവ്യവസ്ഥയിൽ

വിവരങ്ങൾക്ക്,
25 പൈസാ സ്റ്റാമ്പുസഹിതം
എഴുതുക:

Chembaka Jewellers
ALLEPPEY-1. (Kerala)

എന്നും വൈകുന്നേരം അഞ്ചുമണി കഴിയുമ്പോൾ നെല്ലിക്കാക്കുട്ട മറിഞ്ഞാൽ എന്നതുപോലെ ജനം പാർലിമെന്റ് സ്ട്രീററിലൂടെ പ്രവഹിക്കുമ്പോൾ ആ പ്രവാഹത്തിൽ നീയും ഞാനും ചേർന്നൊഴുകും. മഞ്ഞക്കരുവിയായ നീ, നീലക്കരുവിയായ നീ, വൈററ് ലേഗോൺ കോഴിയായ നീ.

...എവിടെയൊക്കെ നാം അലഞ്ഞുതിരിഞ്ഞു? റെഡ്ഫോർട്ടിനുള്ളിൽ, ചാന്ദ്നി ചൗക്കിലെ ഷോപ്പിങ്ങ് സെന്ററുകളിൽ, കുതബ്മിനാറിലെ ഇരുൾ നിറഞ്ഞ ചുററുകോണിയിൽ...

എവിടെ പോയാലും വൈകുന്നേരം കൃത്യം എഴുമണിക്ക് നാം കൊണാട്ട്പ്ലേസ്സിലെ ജലധാരയ്ക്കുചുററിലെത്തും. അരയ്ക്കു മുകളിൽ വസ്ത്രം ധരിക്കാത്ത, രൂപഭംഗിയില്ലാത്ത സ്തനങ്ങൾ പ്രദർശിപ്പിച്ച് മാനത്തേക്കു നോക്കിക്കിടക്കുന്ന, ഹിപ്പിനികളെ നാം കാണാറുള്ളതു് അവിടെവെച്ചായിരുന്നു.

ചുരുക്കാം

ദില്ലിയോട്ട്—ജൂൺമാസത്തിലെ പൊള്ളുന്ന ദില്ലിയോട്ട്—നാം യാത്ര പറഞ്ഞു. ഞാൻ തിരുവനന്തപുരത്തേക്കും നീ പപ്പായെ കാണാൻ നാഗ്പൂരിലേക്കും.

വണ്ടി നീങ്ങിയതു് ഒരു രാത്രിയിലായിരുന്നു. നാം രണ്ടുപേരും മാത്രം ഒരു മുറിയിൽ. ഒരു ബെർത്തിൽ എന്റേയും നീന്റേയും ലഗ്ഗേജുകൾ. മററു ബെർത്തിൽ നീയും ഞാനും. ലഗ്ഗേജുകൾ. നീന്റെ വേഷം അന്ന് മുട്ടുവരെ മാത്രമെത്തുന്ന കട്ടിമഞ്ഞ ഫ്രോക്കായിരുന്നു. മഞ്ഞക്കരുവി. ലജ്ജയുടെ നനുത്ത മറകൾ നീ എത്ര വേഗത്തിലാണ് കീറിയെറിഞ്ഞതു്! ട്രെയിനിലെ മെത്ത ഒരു തൊട്ടിലാണെന്നു നീ പറഞ്ഞു. ഏതോ കാരുണ്യവതി ആട്ടിത്തരുന്ന തൊട്ടിൽ. നീന്റെ മേനി ഐസ്ക്രീം പോലിരുന്നു. ധവളശീതളം.

പിറേറദിവസം നാഗ്പൂരിൽ വണ്ടി എത്തുന്നു. നീ ഇറങ്ങുന്നു എനിക്കു ദുഃഖം.

നീന്റെ പപ്പാ എന്നു പറഞ്ഞ കുള്ളൻ മേജർ എന്റെ കൈപിടിച്ചു കുലുക്കുന്നു.

"എങ്ങിനെയുണ്ടായിരുന്നു യാത്ര കുട്ടികളേ?"

"വളരെ സുഖകരമായിരുന്നു സാഹേബ്."

സ്റ്റേഷനിലെ ശീതളപാനീയ ശാലയിൽനിന്ന് തണുത്ത പഴച്ചാർ കുടിക്കുമ്പോൾ മേജർ പറഞ്ഞു:

"ഞാൻ സീക്ക്ററിസെവനിൽ ട്രിവൻഡ്രത്തുണ്ടായിരുന്നു. അററ് പാണ്ടോട്."

"ഓ...ഹോ..."

"പപ്പാ, നമുക്ക് ഒരിക്കൽ ത്രിവെന്ദ്രത്തു പോകണം."

"പോകാം ബേബീ... പപ്പായുടെ അടുത്ത ആനുവൽ ലീവിൽ..."

കൂടെയുണ്ടായിരുന്ന കൊമ്പൻമീശക്കാരനും ഉഗ്രനുമായിരുന്ന ചെറുപ്പക്കാരനെ അദ്ദേഹം ഇതിനിടെ പരിചയപ്പെടുത്തി. ക്യാപ്ററൻ രമേശ്ചന്ദ്ര അലുവാലിയ.

ട്രെയിൻ നീങ്ങുന്നു. മേജർ കൈകുലുക്കുന്നു. പിന്നീട് ഉഗ്രൻ ക്യാപ്ററൻ. അവസാനം മോൾ പ്ലാററ്ഫോമിലൂടെ എന്റെ കൈ പിടിച്ചുകൊണ്ട് ഓടുന്നു.

"ഗുഡ് ലക്. നിന്റെ കല്ല്യാണത്തിന് എന്നെ ക്ഷണിക്കണം. ഞാൻ മററന്നാൾ തിരിച്ചുപോകും, കൽക്കട്ട, ഗൌഹാതി, ഷില്ലോങ്ങ്. നിന്നെ ഞാൻ മറക്കില്ല."

കരുവിയുടെ നീലക്കണ്ണുകളിൽ നനവ്.

"നിനക്ക് ഞാൻ കത്തെഴുതാം സ്വീററീ." കൈവിട്ടു. ക്രൂരയായ സ്തേൺ എക്സ്പ്രസ്സ് ട്രെയിൻ ഒരിക്കലും കാരുണ്യവതിയല്ല.

ദുഃഖം. ശൂന്യമായ മുറി. അടുത്തുള്ള പച്ചമെത്തയിൽ അവൾ ശയിക്കുന്നതായ തോന്നൽ...

ഓഫീസിൽ ഒരാഴ്ച കഴിഞ്ഞപ്പോൾ അവളുടെ എഴുത്ത് ഓടിക്കിതച്ചെത്തി.

"നിനക്ക് വിസ്മയം തരുന്ന വാർത്ത. ഞാൻ വിവാഹിതയായി. നാഗ്പൂരിൽ വച്ച് പപ്പാ നിന്നെ പരിചയപ്പെടുത്തിയ ക്യാപ്ററൻ അലുവാലിയയാണ് ഭർത്താവ്. എല്ലാം പെട്ടെന്നായിരുന്നു അടുത്തവാർത്ത നിന്നെ കൂടുതൽ അത്ഭുതപരതന്ത്രനാക്കും. അദ്ദേഹത്തിന് നിന്റെ നാട്ടിലേക്ക് പോസ്റ്റിങ്ങ്. ഞാനും വരുന്നുണ്ട്. ത്രിവെന്ദ്രം സ്റ്റേഷനിൽ നീ കാത്തുനില്ക്കുമല്ലോ? നിന്നെക്കാണാൻ കൊതിയാകുന്നു."

(ശ്രീധരൻപിള്ള എന്ന പൂണേ, ആ ഫാമിന്റെ സ്റ്റീഡ് അല്പം കൂട്ടിയശേഷം സാറിന് ഒരു ഗ്ലാസ്സ് തണുത്തവെള്ളം എടുത്തുതരൂ.)

എടീ ആസ്സാമീ, നശിച്ചു...എല്ലാം നശിച്ചു. കൊമ്പൻമീശക്കാരനും. ഏഴടി പൊക്കവും...ഒരു-ടൺ ഭാരവുമുള്ള ആ ക്യാപ്ററൻ. എന്തോന്നാണവന്റെ പേര്? അലുവയെന്നോ? അവൻ. പട്ടിപോലെ, ഐസ്ക്രീം പോലെ, ടാൽക്കം പൌഡർപോലെ ഉദ്ദ്വേഗജനകനായ നിന്റെ ശരീരം...ഹോ...! പൂർണ്ണതാരൂപവൈരൂപ്യം! എനിക്കതു് ചിന്തിക്കാൻ വയ്യ. ഞാൻ അവനെ ഇടിക്കും. ഈ ചതി പററിച്ച നിന്റെ പപ്പായെന്നു പറയുന്ന ആ ഉണ്ടക്കണ്ണൻ മേജറേയും ഞാൻ ഇടിക്കും.

സ്റ്റീഫാ, നാളെ രാവിലെ നാലുമണിക്ക് എന്നെ വിളിച്ചെഴുന്നേല്പിക്കണം. എനിക്ക് റെയിൽവേ സ്റ്റേഷനിൽ പോകേണ്ടതാണ്.

ദൂരെ സ്റ്റീഫൻ മൂളി എന്നുതോന്നി.

നാളെ രാവിലെ അവൾ വരും...അവൾ വരും...അവൾ...

—o—

ഞാനിതിങ്ങിനെ അവസാനിപ്പിക്കുന്നു.

(7-ൽനിന്നും തുടർച്ച)

ജനയുഗംX കാണുമ്പോൾ ആണ് മനസ്സിലാകുന്നത്!

ഞാൻ ഇനി ആ ശബ്ദത്തിലെന്നല്ല, എന്റേതല്ലാത്ത മറ്റൊരു ശബ്ദത്തിലും മലയാളത്തിൽ എഴുതുകയില്ല. മുണ്ടശ്ശേരിമാസ്റ്റർ വേണ്ടതുപോലെ എഴുതിയിട്ടുണ്ട് ഒരുമാതിരിയൊക്കെ കാര്യങ്ങൾ. ഞാൻ തൽക്കാലം മതിയാക്കി വിശ്രമിക്കുകയാണ്. വായനപോലും വേണ്ടെന്നു വയ്ക്കുകയാണ് കുറച്ചുദിവസത്തേക്ക്. എന്നാലും പറയുകയില്ല—

മേശപ്പുറത്ത് അവൻ ഇരിക്കുന്നു.

Reveille for Radicals

ഹരിസാറിന്റെ ഭാഷയിൽ, അയ്യപ്പപ്പണിക്കർസാറിന്റെ ഭാഷയിൽ, കുമാരപിള്ളസാറിന്റെയും ഈ. പി. സാറിന്റെയും രാമനാഥയ്യർ സാറിന്റെയും ഭാഷയിൽ ആവർത്തിക്കട്ടെ, ഹൃദയകുമാരി ററീച്ചറുടെ ററീച്ചറായ പ്രൊഫസർ അന്നാക്കുട്ടിയ്യൻററീച്ചറുടെ ശരിയുച്ചാരണം സത്യം എനിക്കറിയില്ല, ശരിയുച്ചാരണത്തിലായാലും തെററുച്ചാരണത്തിലായാലും, ഞാൻ ആ വാക്കുകൾ ഉദ്ദേശിക്കുന്നത് വിപ്ലവത്തിന്റെ ശംഖനാദമെന്നാണ്. ശംഖനാദം ത ഴിയുടെ സിനിമാകഥയിലെ ഗന്ധർവ്വക്ഷേത്രത്തിലെ മനുഷ്യരുടെ ശംഖനാദം ആവാം, അല്ല എന്നു വന്നേക്കാം, എനിക്കപ്പറയാനാവില്ല. അതു ചെറുകാടിന്റെയും രവീന്ദ്രനാഥന്റെ വർക്കിയുടെയും മുണ്ടശ്ശേരിമാസ്റ്ററുടെയും കൈകളിൽ വിപ്ലവത്തിന്റെ ശംഖനാദമായിരുന്നിട്ടുണ്ട്. എനിക്കറിയാം. നല്ലവണ്ണം അറിയാം.

കഷ്ടകത്തൊഴിലാളിസഖാവായ ചേന്നൻപുലയന്റെയും, രാമച്ചോവന്റെയും അവരുടെ മുൻതലമുറകളും അനന്തരതലമുറകളും ആയ ആയിരം രാമനാശാന്മാരും, കൃഷ്ണനാശാന്മാരും X, സഖാവ് ഭാമച്ചാവനും, സഖാവ് ചിന്നൻ പുലയനും, തകഴിയുടെ രണ്ടിടങ്ങഴിയിലെ ചാത്തൻസഖാവെന്ന ആ സഖാവും, നമ്മുടെ മനസ്സിലാണ്, എല്ലാവരും ഇതിനുത്തരവാദികളാണെന്നു ഞാൻ പറയുന്നെങ്കിൽ അതു് നന്ദി ഒന്നുകൊണ്ടുമാത്രമാണ്.

നന്ദി തന്നതു് എന്റെ അമ്മയാണ്. അതുകൊണ്ട് ഞാൻ എല്ലാവർക്കും നന്ദി പറയുന്നു. ആരെയെങ്കിലും വിട്ടുപോയെങ്കിൽ അവരെനിക്കു മാപ്പുതരണം. അവരിൽ ആരെങ്കിലും ആയിരിക്കും ഒരുപക്ഷേ, എന്റെ ശരിയായ ഗുരുനാഥൻ അഥവാ എന്റെ ഒരു പുതിയ ബാലേട്ടൻ. എന്റെ ഉപ്പെന്ന നോവലിലെ ബാലേട്ടൻ.

എനിക്കുണ്ടോ മലയാളം വശമാകുന്നു. ആശാന്മാരും ജോസഫ് മുണ്ടശ്ശേരിയും എഴുതിയ മലയാളം, കാക്കനാടൻ എഴുതുന്ന മലയാളം, നാളത്തെ നിഷ്കളങ്കവീൽ വി. കെ യെന്റെ ഭാഷയിലല്ല, നാളത്തെ നവയുഗശില്പിയുടെ, മഹാനായ മലയാളസാഹിത്യകാരന്റെ, ധീരനായ രക്തസാക്ഷിയാവാൻ അധൈര്യമില്ലാത്ത മലയാളക്കരയിലെ മഹാന്മാരായ ജ്ഞാനികളെ— ഐ. സി. ചാക്കോയെയും, കെ എം. പണിക്കരെയും അവരുടെ നടുവിൽ മുണ്ടശ്ശേരിയെയും, കുറച്ചൊക്കെ നോക്കി മനസ്സിലാക്കാൻ ശ്രമിച്ചിട്ടുള്ള നമുക്ക് കുറേപ്പേർക്കെങ്കിലും അതു പറയാൻ തന്റേടമുണ്ടാകുന്നു.

ആ തന്റേടം എനിക്കുണ്ട്.

എന്റെ മാസ്റ്റർ അതെനിക്കു തന്നിട്ടില്ലായിരുന്നു. പക്ഷേ, അതു തന്നിട്ട് ശ്രീ കാരമായി. ഞാൻ പറയുകയാണ്, എനിക്കിനി കുറെ നാളത്തേക്ക് ഈ മലയാളമെഴുത്ത് നിർത്തേണ്ടിവന്നിരിക്കുകയാണ്. റിവ്യൂ ആകട്ടെ, ലേഖനമാകട്ടെ, കഥയെന്നോ, മറ്റോ ഞാനതിനെ വിളിച്ചിരിക്കട്ടെ, രോണ പറഞ്ഞതുപോലെ വല്ല ഗുണവും ഉള്ളതോ ഇല്ലാത്തതോ ആവട്ടെ, ശ്രീ. എം. കൃഷ്ണൻനായർ അഭിപ്രായപ്പെട്ടതുപോലെ അതെല്ലാം വെറും കൊച്ചു വർത്തമാനമാകട്ടെ, എന്റെ പാവപ്പെട്ട കുട്ടനാട്ടിലെ ആ പാർട്ടിയാണു പറഞ്ഞതു്—

"മററുള്ളവർക്ക് വെട്ടിപ്പിടിക്കാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. അദ്ദേഹത്തിനു വെട്ടിപ്പിടിക്കാനെന്നപോലെ വഴക്കുകൾ അറിയാമായിരുന്നു." ആ "അദ്ദേഹം" ലെനിനായിരുന്നു. ആര്? റോബർട്ട് കോൺക്വസ്റ്റിനു്. X മെക്കാളേ സായ്പ് ഹാംഡനെക്കുറിച്ചു പറഞ്ഞതാണതു്. ഞാൻ എന്റെ തന്ത്രിൽത്തല്ലി തലകീറിയിരുന്ന ദേവാസുരസേനകളെ യോജിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട്, എനിക്കിനി ധൈര്യമായിട്ടു പറയാം! ഈ ദേവാസുരയുദ്ധം കണ്ടുമടുത്തു പി. സി. കുട്ടികൃഷ്ണന്റെ ശബ്ദമാണ്. അതെ എന്റെ അപ്പപ്പനായ വ്യാസന്റെ ശബ്ദം. ഞാൻ എനിക്കും എന്റെ കുഞ്ഞുമോൾക്കും ഇഷ്ടപ്പെട്ട കഥകൾ എഴുതിയ ഉറൂബിന്റെ ശബ്ദം. അതിനി ആവർത്തിച്ചിട്ടു കാര്യമില്ല. നാളെ എന്തെന്തു ജോലികളാണ്. എനിക്കും എനിയാസിനും കസൻസാക്കിസിന്റെ ഒഡിസ്യൂസിനും സിയൂസിനും, ഹെർക്കുലീസിനും കൂടെ തീർത്താൽ തീരാത്ത ജോലി.

ഒന്നു നോക്കിക്കാണുക!

ഞാൻ ചിലതു പഠിക്കാനാഗ്രഹിക്കുന്നു. കേരളചരിത്രത്തിലെ രാമനെക്കുറിച്ചും, കൃഷ്ണനെക്കുറിച്ചും, കൃഷ്ണന്മാരെക്കുറിച്ചും ഒത്തിരിയൊത്തിരി ഇനിയും പഠിക്കാനുണ്ട്. ഞാൻ ഹരിസാറിന്റെ മുമ്പിൽ ബാലൻ. എനിക്കറിയാം. അദ്ദേഹത്തിന്റെ ബാലൻ എന്റെ ബാലനല്ല. ബാലൻബാലൻ. ബാലേട്ടൻ ബാലേട്ടൻ വാസു ബാലേട്ടനല്ല. വാസു വാസുവാണ്. വാസു അസുരവീരതിൽ കത്തിയെടുത്തു ഇവിടെ എം. ടി. യുടെ മീശ പിരിയില്ല—

വി. കെ. എന്റെ തമാഷായും ഇല്ല. ഇവിടെ സഖാവും ആശാനും ഒന്നാകുന്നു. എന്റെ മററെ പുസ്തകത്തിൽ അവരുടെയൊക്കെ മഹാശത്രുതയിൽ കഴിയുന്ന പാർട്ടികളായ പാർട്ടികളെല്ലാം ഒന്നായതുപോലെ, പക്ഷേ, ഞാൻ പുസ്തകം കത്തിക്കുന്നില്ല. ഒരു പുസ്തകവും ഞാൻ കത്തിക്കയില്ല. എന്നാലും ഞാൻ കത്തിച്ചു. ഇനിയും കത്തിച്ചേക്കാനും ഇടയുണ്ട്. തെറിക്കഥകൾ, തകഴിക്കഥകൾ, ചങ്ങമ്പുഴക്കവിതമോഷണം. എന്റെ സാഹിത്യചോരണങ്ങൾ. എനിക്ക് Reveille for Radicals തന്നതു് എന്റെ ഗുരുവാണ്. ഇന്നു ഞാനതു തിരിച്ചുകൊടുത്തു.

ഇനി നാളെ വേറെ കുറെ ജോലി. അങ്ങനെ വേറെ ഒരു വക.

ആശാൻ എനിക്കു മാപ്പുതരണം എന്നെനിക്ക് ആവശ്യപ്പെടേണ്ട കാര്യമില്ല. തീർച്ചയാണക്കാര്യം. എന്നാലും, ആരെയെങ്കിലും മറന്നെങ്കിൽ മാപ്പ് ഞാൻ ആരെയെങ്കിലും മറന്നെങ്കിൽ മാപ്പ്, ഞാൻ മറന്നുപോയിരുന്നവരായ ആളുകളെ ഓരോരുത്തരെയായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്: എന്റെ ഗുരുനാഥന്മാരെ. ഗ്രപ്പൻനായർ സാറിനെ, മുതൽ ആരെയെല്ലാം." അതു മിനക്കേടാണ്. അതു സമയമിതുപോര. എനിക്ക് ഒരു ശകലം ജോലിയുണ്ട്—കൃഷ്ണൻമാർ! കൃഷ്ണപിള്ളമാർ. രാമകൃഷ്ണപിള്ളമാർ. കൃഷ്ണനെക്കുറിച്ചു മഹാകവി പി. കുഞ്ഞിരാമൻനായരും അദ്ദേഹത്തിന്റെ കുറുപ്പുമാഷും എൻ. വി. യും, വാസുദേവൻനായർ, അങ്ങനെ എത്രിനു്, വ്യാസനിലെത്തി അന്തംവിട്ടു നിൽക്കുകയായിരുന്നു ഞാൻ ഇന്നലെവരെ. ഇന്നു്, ഞാനിതിങ്ങനെ അവസാനിപ്പിക്കുന്നു. നാളെ.

X ജനയുഗം ആഴ്ചപ്പതിപ്പിൽ മഹാപണ്ഡിതനായ ഡോ. എസ്. കെ. നായർ പ്രയോഗിച്ച ഒരു വാക്കിന്റെ സാധുതയെക്കുറിച്ച് മിസ്റ്റർ ടി. എൻ. ജയചന്ദ്രൻ എഴുതിയിരിക്കുന്നു. ആരാണി ടി. എൻ.? എനിക്കറിയില്ല. എനിക്കു പലതും അറിയില്ല

X പാവം കൃഷ്ണൻ. അമ്പതിനായിരം തവണ വധിക്കപ്പെട്ട എന്നാണ് അവർ പറയുന്നതു്. നന്മയുണ്ടെങ്കിൽ കൃഷ്ണവധം ഒന്നേ കണ്ടിട്ടുള്ളൂ പിന്നെ എല്ലാം മതവും കമ്മ്യൂണിസവുമായിരുന്നു. സി. ജെ. തോമസ് എന്ന എഴുത്തുകാരൻ; അതെ എം. പി. പോൾസാറും അതുപോലെ ഷെപ്പേഡ് സാറും ത ക്കൊടിയനും ഗുരുക്കന്മാരായിരിക്കെത്തന്നെ, അവരുടെയെല്ലാം, പി. സി. യുടെ പേരിലും മാസ്റ്റർ ആയ മാസ്റ്റർ അടുത്തുണ്ടായിട്ടും ഞാൻ വകവച്ചില്ല.

X സാക്ഷി—ലെനിനെക്കുറിച്ച് 1972ൽ ഇറങ്ങിയ ഗ്രന്ഥം, പ്രസാധകൻ ഫ്രാങ്ക് കെർമോഡ്. പേജ് 140.

'മാരിവില്ലുകൊണ്ടു പന്തലിട്ടാൽ?'

വി. ടി. നന്ദകുമാറിന്റെ "ദൈവത്തിന്റെ മരണ"മെന്ന നോവലിനെ അടിസ്ഥാനമാക്കി ശ്രീ: രാജഷ്"ഫിലിംസ്" ബാനറിൽ ആർ. എസ്". പ്രൂഡ്ന നിർമ്മിക്കുന്ന വിൻസന്റിന്റെ 'തീർത്ഥയാത്ര'യിലെ ഒരു ഗാനത്തിന്റെ റെകാർഡിംഗ് ഭരണിസ്റ്റുഡിയോവിൽവച്ച് സംഗീതസംവിധായകനായ എ. ടി. ഉമ്മറിന്റെ മേൽനോട്ടത്തിൽ നടന്നിരിക്കുന്നു ഒരു സംഗീതസംവിധായകൻ കൂടിയായ ആർ. കെ. ശേഖറിന്റെ നേതൃത്വത്തിൽ മുപ്പതോളം പേരുള്ള ആർക്കെസ്ട്രായുടെ സഹായത്തോടെ, പ്രസിദ്ധ കവിയും ഗാനരചയിതാവും സംവിധായകനിർമ്മാതാവുമായ പി. ഭാസ്കരന്റെ.

'മാരിവില്ലുപന്തലിട്ട ദൂരചക്രവാളം
മാടിമാടി വിളിക്കുന്നതറിഞ്ഞില്ലേ."

എന്ന മനോഹരകവിതയ്ക്കാണു ഗാനഗന്ധർവ്വനായ യേശുദാസ്" രാഗധാര കൊടുത്തിരിക്കുന്നതു". അടുത്തകാലത്തുണ്ടായ ചലച്ചിത്രഗാനങ്ങളിൽവച്ച് ഏററവും ഹൃദയസ്പർശിയായ ഗാനമായിരിക്കും 'മാരിവില്ല പന്തലിട്ട' എന്നു തുടങ്ങുന്ന ഈ കവിത. ഈ റെക്കാർഡു ചെയ്തിരിക്കുന്നതു ഭരണിസ്റ്റുഡിയോയിലെ സൗണ്ട് ഇഞ്ചിനിയറായ കണ്ണനാണ്". കളോബറിൽ കേരളത്തിലെ എല്ലാ പ്രധാന തിയേററർകളിലും പ്രദർശനത്തിനെത്തുന്ന തീർത്ഥയാത്രയിലെ എല്ലാ ഗാനങ്ങളും ജനങ്ങളുടെ നാടോടിപ്പാട്ടായി തീരുമെന്നു കരുതുന്നു.

യേശുദാസ്", പി. സുശീല, പി. ലീല, മാധുരി എന്നിവരെല്ലാം തീർത്ഥയാത്രയിൽ പങ്കെടുക്കുന്നവരുടെ പട്ടികയിൽ പെടും.

ഒരു കന്യാസ്ത്രീയുടെ കഥയ്ക്ക് ഒരു പാട്ട്

മലയാളചലച്ചിത്രവേദിയിൽ ഒരു കന്യാസ്ത്രീയുടെ ജീവിതകഥയെ ആധാരമാക്കി നിർമ്മിക്കുന്ന പ്രഥമചിത്രമാണ്" ദർശനാ ഫിലിംസിന്റെ 'ഒരു കന്യാസ്ത്രീയുടെ കഥ'. പ്രസിദ്ധ കഥാകൃത്തും നടനുമായ ജേസി കഥയും, സംഭാഷണവുമെഴുതുന്ന ഈ ചിത്രത്തിനുവേണ്ടി എ. വി എന്നിൽ വച്ച്" ഒരു പ്രാർത്ഥനാഗാനം റെക്കാർഡു ചെയ്തിരിക്കുന്നു.

വിണ്ണിലുള്ളൊരു താതന്റെ മകനായ്
ഉണ്ണിയേശു ഒരു നാൾ
കന്നിയമ്മയ്ക്കു കണിമലരായ്
മന്നിൽവന്നു പിറന്നു...

പ്രസിദ്ധ കവിയും സംവിധായകനും നിർമ്മാതാവുമായ ശ്രീ. പി. ഭാസ്കരന്റെ സുന്ദരമായ വരികൾക്ക് മലയാളത്തിലെ മുന്നാംകിട സംഗീതസംവിധായകനായ വി. ദക്ഷിണാമൂർത്തി ഈണം പകർന്നു. വശ്യാത്മകമായ ശബ്ദത്തിൽ ജാനകിയും കൂട്ടരും പാടി. ഇരട്ടവേഷത്തിൽ പ്രത്യക്ഷപ്പെട്ട്", ഭാവോജ്ജ്വലമായ അഭിനയം കാഴ്ചവെക്കുന്ന ജ്യോതിലക്ഷ്മി ഈ ചിത്രത്തിലൂടെ വീണ്ടും മലയാളസിനിമയിലേക്കു കടന്നുവരുന്നു ഉമ്മർ, ജേസി, അടൂർഭാസി, തിക്കുറിശ്ശി, ജോയ് വട്ടത്തല, നെല്ലിക്കോട്ടു ഭാസ്കരൻ, രേണുക, ഫിലോമിന തുടങ്ങിയവരാണ്" മററു താരങ്ങൾ. എസ്". ജെ. തോമസ്" ഛായാഗ്രഹണം നിർവഹിക്കുന്ന 'ഒരു കന്യാസ്ത്രീയുടെ കഥ' പ്രസിദ്ധനായ പി. വിജയൻ സംവിധാനം ചെയ്യുന്നു

സ്നേഹദീപമേ, മിഴി തുറക്കൂ!

മധു, ശരദ, ഉമ്മർ, ഭാസി, ശങ്കരാടി, ബഹദൂർ, കവിയൂർ പൊന്നമ്മ, ടി. ആർ. ഓമന തുടങ്ങിയവർ അഭിനയിച്ച "സേവ്യർ കൃഷ്ണ" എന്ന ചിത്രം 'സ്നേഹദീപമേ മിഴിതുറക്കൂ' എന്നു പുനർനാമകരണം ചെയ്യപ്പെട്ടിരിക്കുന്നു രാജശ്രീ വിതരണം ചെയ്യുന്ന ഈ ചിത്രം ഒക്ടോബർ മദ്ധ്യത്തിൽ പ്രദർശനത്തിനെത്തുന്നതാണ്".

രാജകുമാരി മലയാളസിനിമ പിടിച്ചടക്കി!

ഇന്നലെ,

കെ. എസ്സ്". ആർ മൂർത്തിയാണു പറഞ്ഞതു", ചിത്രാഞ്ജലി ആഫീസിൽവച്ച്". 'ആദ്യത്തെ കഥ' സെപ്റ്റംബർ 29-ാം തിയതി പ്രദർശനമാരംഭിക്കുന്നതു അത്ഭുതപ്പെടാതിരിക്കാൻ കഴിഞ്ഞില്ല.

ഉടൻ നിർമ്മാണമാരംഭിക്കുന്ന നൂ ഇൻഡ്യാഫിലിംസിന്റെ "ചായ"യെക്കുറിച്ചുള്ള ചർച്ചാവേളയിലെടുത്ത ചിത്രം. ശ്രീമാന്മാർ എസ്". കെ. നായർ, വയലാർ, മലയാററൂർ രാമകൃഷ്ണൻ, രവി (എഡിററർ), പി. എൻ മേനോൻ.

ഏതാണ്ടു", ഇരുപതുദിവസം മുമ്പാണു", ഇതുപോലൊരു സായാഹ്നത്തിൽ അദ്ദേഹം പറഞ്ഞതു' 'ആദ്യത്തെ കഥ'യുടെ ഷൂട്ടിംഗ്" പ്രസാദ്" സ്റ്റുഡിയോയിൽ ആരംഭിക്കുന്നു എന്നു".

പ്രസാദിൽ രണ്ടുദിവസമായിക്കുന്ന ഷൂട്ടിംഗ്".

രാവിലെ ഒൻപതു മണിമുതൽ രാത്രി ഒൻപതുമണി വരെ.

രാവിലെ ഏഴു മണിമുതൽ ഉച്ചയ്ക്കു ഒരു മണിവരെ.

പിന്നെ ഔട്ട്"ഡോർ; ഇൻഡോർ.

തിരുവനന്തപുരത്തു"; മെരിലാൻറിൽ.

ചിത്രം പൂർണ്ണമായിരിക്കുന്നു.

അത്ഭുതപ്പെടേണ്ടതില്ല. ചിത്രാഞ്ജലിയുടെ സംവിധായകൻ ഫ്ളോറുകളിലും ലൊക്കേഷനിലു, ചെയ്യുന്നതിലേറെ ജോലി ഓഫീസ്"മുറിയിലിരുന്നു ചെയ്യുന്നു എത്ര കൃത്യമായ കണക്കുകൂട്ടലുകൾ!

പി കേശവദേവിന്റെ ഈ ഭാവാത്മകനോവലിലെ കഥാനായികയായ നാണിക്കുട്ടിയാണ്" രാജകുമാരി. രാജകുമാരിയുടെ റോളിൽ സംവിധായകൻ സേതുമാധവൻ ഒരു പുതിയ നടിയെ അഭിനയിപ്പിക്കുന്നു—വിജയശ്രീ.

വിജയശ്രീ പുതിയ നടിയല്ല. പക്ഷേ, ചിത്രാഞ്ജലിയുടെ സേതുമാധവന്റെ ചിത്രത്തിൽ ഇവർ പുതിയതാണ്".

ഇതു" ഈ നടിയുടെ അഭിനയജീവിതത്തിലെ ഒരു വഴിത്തിരിവാണ്". മലയാളം—തമിഴ്"—ഹിന്ദി—തെലുങ്കു ചിത്രങ്ങളിലെ ഈ മാദകത്തിടമ്പിൽനിന്നു, ശാലീനയായ ഒരു ഗ്രാമീണകന്യകയുടെ ഹൃദയഹാരിയായ അഭിനയം കാണുന്നതു" പുതുമയല്ലങ്കിൽ പിന്നെന്താണ്"?

പ്രേംനസീർ സോമനാണ്". വിശപ്പ സാഹിത്യമെഴുതാൻവേണ്ടി പ്രകൃതിസുന്ദരമായ ഗ്രാമത്തിൽ ഏകാന്തവാസമനുഷ്ഠിക്കുന്ന സാഹിത്യകാരൻ; സുന്ദരൻ. സോമൻ പ്രത്യക്ഷപ്പെടാത്ത രംഗങ്ങൾ ഒന്നുപോലും ചിത്രത്തിലില്ല.

ഇന്ത്യൻസിനിമയിൽ ആദ്യമായ് മണ്ണ

«ആദ്യത്തെ കഥ»യിൽ വിജയശ്രീ

നരേന്ദ്രനും, ഒരു നടൻ എല്ലാദേഹത്തും പ്രത്യക്ഷപ്പെടുന്നതു്.

അഞ്ചുഗാനങ്ങൾ. അർത്ഥപുഷ്ടിയുള്ള. കേൾക്കാൻ സുഖമുള്ള അഞ്ചുഗാനങ്ങൾ ഹിറ്റുഗാനങ്ങൾ മാത്രം സൃഷ്ടിക്കാനറിയാവുന്ന താടിക്കാരനായ അർജ്ജുനനും വയലാർ രാമവർമ്മയും തമ്മിലുള്ള പ്രഥമ സംഗമഫലം.

അഭിനേതാക്കളുടെ പട്ടിക നീണ്ടതാണു്. എല്ലാം നമുക്കു പ്രിയപ്പെട്ട താരങ്ങൾ പ്രേംനസീർ, വിജയശ്രീ ജയഭാരതി, ശ്രീലത, സുജാത, ജമീലാ മാലിക്, കവിയൂർപൊന്നമ്മ, അടൂർ ഭാസി, സരസമ്മ, ശങ്കരാടി, ബഹദൂർ, ആലുംമൂടൻ, ഗോവിന്ദൻകുട്ടി, ശ്രീമൂലനഗരം വിജയൻ, അശോകൻ പുല്ലാനി, ജനാർദ്ദനൻ, മാസ്റ്റർ വിജയകുമാർ...

കഴിഞ്ഞിട്ടില്ല.

താരങ്ങളെ അണിയിച്ചൊരുക്കി ക്യാമറയുടെ മുന്നിലേക്കു പറഞ്ഞുവിടുന്നതിനിടയിൽ ആകർഷകമായി ഒരു കഥാപാത്രത്തെ അവതരിപ്പിക്കാനും മറന്നില്ല മേക്കപ്പ്മാൻ എം. ദേവസ്യ. ഗ്രന്ഥസംവിധായകനായ മാധവൻമാസ്റ്ററും ഒരു റോളിലഭിനയിക്കുന്നു. ചിത്രാഞ്ജലിയുടെ പുതുമുഖമാണു് ജയാഗോപാൽ. അഭ്യസ്തവിദ്യയായ ഈ പതിനാറുകാരി പൂനാ ഫിലിം ഇൻസ്റ്റിട്യൂട്ടിന്റെ സംഭാവനയാണു്.

അഭിനയശേഷിയും ആകർഷകമായ സൗന്ദര്യവുമുള്ള ഈ കുട്ടി ചിത്രാഞ്ജലിയുടെ അടുത്ത വർണ്ണചിത്രമായ പണിതീരാത്ത വീട്ടിലും അഭിനയിക്കുന്നു. എം. മസ്താൻ അഭ്രത്തിലാക്കിയ രംഗങ്ങൾ എഡിറ്റുചെയ്യുന്ന തിരക്കിലാണു് ശ്രീനിവാസലു. അളഗപ്പൻ സെറ്റുകൾ വിഭാവനം ചെയ്തു നിർമ്മിച്ചു. കഥയിലും അവതരണത്തിലും വളരെയേറെ പുതുമകളും പ്രത്യേകതകളുമുള്ള «ആദ്യത്തെ കഥ» ചിത്രാഞ്ജലിയുടെ മറെറാരു അഭിമാന ചിത്രമായിരിക്കും; സംശയമില്ല.

—o—

എനിക്കും റെനിസെൻബിനും ഇടയിൽ

(11-ൽനിന്നും തുടർച്ച)

നീ «മമ്മി»യുടെ അമ്മ.

നീ "മമ്മി"യുടെ മോൾ.

പുരാവസ്തുഗവേഷകന്റെ ഉളിയുടെ വായ്പ്പഴുതുകളുടെ രക്ഷപ്പെട്ട ഒസ്സീണമായൊരു ശാപമാണു് നീ. പതിനെട്ടാം വംശക്കാരനും സൂര്യാരാധകനുമായ അഖെനാത്തന്റെ അനുജനു, പതിനെട്ടാം പടവിൽ പുരുഷായുസ്സിന്റെ കോണി മുടിഞ്ഞവനും, രോഗത്തിലോ അപഗ്രഥനത്തിലോ നരഹത്യയിലോ ഏതിൽ ഒടുങ്ങിയവൻ എന്നു് വെളിപ്പെടുത്തിയിട്ടില്ലാത്തവനും, എല്ലാമായ ഫറവോ തുത്താൻഖാമെന്റെ കിടപ്പറയുടെ ശാപം.

അവന്റെ ശവകുടീരത്തിനുള്ളിൽ, എന്നും കിഴക്കു—പടിഞ്ഞാറു—തുടർച്ചയാകയാൽ ഭ്രൂഗർഭസൂര്യനായി കിടന്നിരുന്ന ചുവന്ന കണ്ണാടിച്ചില്ലിലെ മിഥുനരൂപത്തിൽനിന്നു് പുറത്തായ രാജപത്നി, ആംഖെസ്നാമെൻ, പതിനെട്ടുകാരൻ ഭർത്താവിന്റെ ഒടുക്കത്തെ കിടപ്പറ തൊട്ടവരെയും തീണ്ടിയവരെയും നീ നായാടി; കൊതുകുകടിയേററും പാമ്പുകടിയേററും കാറിൽച്ചെന്നിടിച്ചും ധാന്യങ്ങളുടെ വിഷമുതിന്നും അവർ ചത്തടിഞ്ഞു—അവർ ചാവുമ്പോൾ നായ്ക്കൾ ഓലിയിട്ടു മരിച്ചു, നഗരം മുറിക്കുന്ന കമ്പികളിൽ നാഗരികവും ശാസ്ത്രീയവുമായ കാരണങ്ങൾ കൂടാതെ വൈദ്യുതപരിവാഹം നിലച്ചു; നായാടി, നായാടി ഒടുവിൽ, ചെറുപ്പത്തിൽ വരച്ചൊരു ചിത്രം ചൂണ്ടിക്കാണിച്ചു് സ്വയം അന്ത്യം കല്പിച്ചു് നീ എന്റെ കഴുത്തോലിൽ വന്നിരിക്കുന്നു.

അവന്റെ തലച്ചോറു് നാസാരന്ധ്രങ്ങളിലൂടെ ചോർത്തിയെടുക്കുമ്പോൾ അതിന്റെ ഉൾപ്പിരിവുകളിലും ഇടയുന്ന വഴിത്തിരിവുകളിലും വെളിച്ചവും നിഴലുമായി കളിച്ചിരുന്ന നീ ഒരു ബോധതരംഗം പോലെ ചിതറിപ്പോയില്ല; ശിരോരേഖയുടെ തരംഗദൈർഘ്യത്തിന്റെ പൊരുളായി, തലയോടിന്റെ നിലവറയ്ക്കുള്ളിൽ പച്ചയും ചുവപ്പും നീലയും കല്ലുകളുടെ ഗർവീഷ്ടമായ ഓർമ്മകളായി നീ ഉച്ചയുറക്കംകൊണ്ടു; തലച്ചോറിനു പകരം വിളമ്പിയ സുഗന്ധലേപനങ്ങളുടെ രുക്ഷതയ്ക്കിടയിലും വെള്ളത്തിൽ എണ്ണപോലെ വിവിക്തമായൊരു നിശ്വാസമായി, ഉപരിതലത്തിലൊരു മയിൽപ്പീലിപടലമായി, ശാപങ്ങളുടെ മേഘപടിക്ഷണിയുമായി നീ കിടന്നു.

അവന്റെ ശരീരം തുളച്ചു് മാലാമാലയായി ചുരുളഴിച്ചെടുത്ത കരളിന്റെയും കടലിന്റെയും അലങ്കാരങ്ങളിൽ ആറാം ശ്രുതമായ പ്രതികാരത്തിന്റെ മുലകങ്ങളായി നീ പ്രസരിച്ചിരുന്നു

അവന്റെ മുഖത്തുനിന്നും കക്ഷങ്ങളിൽനിന്നും ഗുഹ്യപ്രദേശങ്ങളിൽനിന്നും വടിച്ചുകളഞ്ഞ രോമങ്ങളിലൂടെ അഴിതകളായി നീ ഓർമ്മയുടെ ഞാഞ്ഞൂൽപ്പുററുകളിൽ കത്തി.

അവനെ പ്രാർത്ഥനകളുടെയും മന്ത്രോച്ചാരണങ്ങളുടെയും ശബ്ദലേഖപോലെ വരിഞ്ഞുകെട്ടിയ ലിനൻനാടകളുടെ പുളവുകളിൽ നിന്റെ കാമം മാംസഭോജികളായ നാടവേരുകളായി; രഥങ്ങളുടെയും വാളുകളുടെയും മഞ്ചങ്ങളുടെയും പാത്രങ്ങളുടെയും ആഭരണങ്ങളുടെയും സംഗീതോപകരണങ്ങളുടെയും ശേഖരത്തിൽ അവയുടെ ദാരവും ലോഹവുമായി ഉറക്കത്തുകളുടെ മഞ്ഞപ്പുകയിൽ നീ കനലിച്ചു. ഉരുമ്പിൽനിന്നു് പച്ചത്തിരികൾ നീട്ടി; ശവകുടീരം പൊളിച്ചു് ഇന്ദ്രജാലങ്ങൾ വാരാനെത്തിയ കൊള്ളക്കാരെ നീ വിരട്ടിയോടിച്ചു.

വിവാഹിതന്മാർക്കു്

ധാതുശക്തി നേടിത്തരുന്ന

വാജീകൽപം

ഓരോ ഡോസ്സു ഫലപ്രദം.

ആയുർവ്വേദാചാര്യ

കെ. കുഞ്ഞുരാമൻവൈദ്യൻ

(ഗോൾഡ് മെഡലിസ്റ്റ്)

പൌരസ്ത്യഫാർമസി

പെരിനാട്, കൊല്ലം. ഫോൺ: 2895

അവൻെറ സ്വപ്നംകൊണ്ടുള്ള കൊളോസ്സ്"സോണിൻെറ രാജകീയമായ ഞാലിയിൽനിന്നു" നൈൽനദി വാഴുന്ന കഴുകദേവൻെറ പിടയായി ചിറകടിച്ചുവന്നു", പച്ചയും നീലയും ചുവപ്പും കറുപ്പും ജാലകച്ചില്ലുകൾ പൊട്ടിച്ചു" മരണത്തിൻെറ സ്വീകരണമുറിയിൽ നീ ചെക്കേറി: ഒരു കുട്ടിയായിരിക്കുമ്പോൾ നീ വരച്ച ചിത്രം, നീ എന്തു" എന്ന നിൻെറ അനുമാനവും നീ അതിനു കണ്ടെത്തിയ ചിത്രപരമായ ഉപപത്തിയുമായിരുന്നു.

«ഞാൻ കരഞ്ഞതു" പേടിച്ചിട്ടു"?!»

ഞാൻ പിരമിഡിൻെറ ക്ഷേത്രഗണിതരൂപമുള്ള ഒരു ദുർഗന്ധത്തിൽ തടവുകാരനാക്കപ്പെട്ടതുപോലെ, ഓർമ്മിക്കുക...

...ഭൂമിയെ മുഴുവൻ ഒരൊററ തൂവൽകൊണ്ടു" മറച്ച കഴുകൻെറ ചിറകുകൾക്കടിയിൽ ബദാമിൻെറ ഛായയ്ക്കു" പ്രസക്തി നശിച്ചുതുടങ്ങിയിരുന്നു. തണലുണ്ടായിരുന്നേടം രാത്രിയുടെ വ്യാപകമായ കറുപ്പിൽ.യാമംപോലെ കലർന്നുകഴിഞ്ഞിരുന്നു. എങ്കിലും നിറത്തിനു" വലിച്ചെടുക്കാനാവാത്ത ശവഗന്ധത്തിൻെറ പരിമിതിയിൽ ബദാംതണല"ൻെറ അതിർരേഖകൾ മനസ്സിൽ തുടരുന്നുണ്ടായിരുന്നു.

...ആ അതിർരേഖകൾക്കുള്ളിൽ (ദ്വീപിനുള്ളിലെ മറെറാരു ദ്വീപിൽ) തണലിൻെറ ഓർമ്മയെ ബന്ദിയാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...

...അചരമായ ശവഗന്ധത്തിൻെറ പിരമിഡിനുള്ളിൽ, നിമിഷങ്ങളെ നിറങ്ങളാക്കിയ എല്ലാ കോർണേലിയൻ കല്ലുകൾക്കുമൊപ്പം ഉപേക്ഷിക്കാൻ കഴിഞ്ഞെങ്കിൽ...

«ഇല്ല, ദ്വീപിൽനിന്നു" എനിക്കു മോചനമില്ല.»

സമുദ്രത്തിലൂടെ സഞ്ചരിക്കുമ്പോൾ അതെൻെറ ശരീരത്തിൻെറ ഭാഗമായ പുറംതോടായിരുന്നു: ജലദൂരങ്ങളുടെ അഗമ്യതയെ കീഴടക്കി കഴുകൻെറ ചിറകുകൾ പോലെ നിഴലിൻെറ തൂവൽ പൊഴിച്ചു ഭൂഖണ്ഡത്തിൽനിന്നു ഭൂഖണ്ഡത്തിലേയ്ക്കു തുടരുന്ന മേൽപ്പുര.

«റെനിസെൻബ", നീയാ മേൽപ്പുരയുടെ ചലിക്കുന്ന തൂണാണു".»

"മേൽപ്പുര?!»

ആകാശം അതിൻെറ ഒരു ചില്ലോടു മാത്രമാണു".

അതിൽ, ഒരു ടെലിവിഷൻ സ്ക്രീനിലെന്നതുപോലെ നാം ഒരു വിമാനം സ്വീച്ചു" തിരിച്ചുണ്ടാക്കുന്നു.

അതിൽ, സെക്കൻഡ്"സൂചിയുടെ അററത്തു" അലങ്കാരത്തിനുവേണ്ടി ഘടിപ്പിച്ച ചെറിയ പ്ലാസ്റ്റിക്ക് വിമാനമാതൃക ഘടികാരത്തിനകത്തെന്നതുപോലെ, ഈ വിമാനം നമ്മുടെ ഭ്രമണത്തിൻെറ

സ്ത്രീകൾക്കുള്ളത്!

ഉൽകണ്ഠയും മനോവ്യഥയും ദൂരീകരിക്കുക പ്രകൃതി വിസ്തൃതമാകുമ്പോൾ പ്രസിദ്ധിമുന്ന ദേവി ഗുളികൾ ഉപയോഗിച്ചുതുടങ്ങുക

താമസിച്ചതും അല്പമായതും

വേദനയോടുകൂടിയതും
നിന്നുപോയതുമായ
ക്രമക്കേടുകൾക്കും
മററുഅസുഖങ്ങൾക്കും
കൈകൊണ്ട
സിദ്ധൌഷധം

1.ഫീസാസ്ഥചരുത്തിലും ഫലപ്രദമായും ശക്തിയായും ഈഔഷധം പ്രവർത്തിക്കുന്നു
2.ആർത്തവത്തിനു ഹാനികരമല്ലാത്തതു്

ADV. PERMITTED UNDER COMS. & OIL HEALTH

ഫീസായിടുന്നതു കിട്ടും

FULL COURSE 28 TABLETS Rs.11/
HALF COURSE 14 TABLETS Rs.6.50

Mfrs. SEENU & Co., MADRAS-81.

M/s. KANNIAH DRUG HOUSE
Kanniah Buildings, Chinnakada, Quilon-1

അതിർത്തി ചുവന്ന വൃത്തത്തിൽ വരയ്ക്കുന്നു.

ചിറകുകളുടെ നിഴലിൽ റെനിസെൻബിൻെറ കൺമഷി വീണ്ടും ആഴങ്ങളായി കറുത്തുതുടങ്ങി: ആകാശത്തിൻെറ പാതികളെ കൂട്ടിത്തുന്നിക്കൊണ്ടു" ഒരു വിമാനം സഞ്ചരിക്കുകയാണു".

സമുദ്രത്തിൻെറ പാതികളെ കൂട്ടിത്തുന്നാൻ പോകുന്ന വിമാനനിഴൽ അനുമാനത്തിൻെറ ഉപരിതലത്തിൽ ഞാൻ പിടിക്കാൻ ശ്രമിച്ചു.

ദ്വീപിനും ഞങ്ങൾക്കു (എനിക്കും റെനിസെൻബിനു) ഇടയിൽ സമുദ്രം വക്കുവരെ നിവർന്നുകഴിഞ്ഞു.

പരവതാനിയിലെ രൂപങ്ങളും ആകൃതികളും പോലെ വ്യതിയാനങ്ങളിൽ നുരകളും തരംഗങ്ങളും മലരികളും സമുദ്രത്തിൽ ഉണ്ടായിരുന്നു.

ഞങ്ങൾ താണ്ടിക്കടന്ന ഈ സമുദ്രത്തിൻെറ ലളിതമായ രഹസ്യം ഞാൻ മനസ്സിലാക്കുന്നു: എൻെറ ഈജിപ്"തുകാരിക്കു ഗർവും ചാരിതാർത്ഥ്യവും വരം നല്കുന്നൊരു ശാപം: ഭൂഖണ്ഡത്തിൽനിന്നു" ദ്വീപിനെ വേർപ്പെടുത്തുന്നില്ല സമുദ്രം, ഭൂഖണ്ഡത്തോടു ദ്വീപിനെ കൂട്ടിക്കെട്ടുന്നു.

കരയിൽനിന്നു കരയിലേയ്ക്കു പരവതാനി നിവർത്തുന്ന സമുദ്രത്തെക്കുറിച്ചു" എന്തു മൗനത്തിൽ ഞാൻ സംസാരിക്കേണ്ടിയിരിക്കുന്നു!

«പരവതാനി വിരിക്കുന്നവനു പ്രാധാന്യമുണ്ടു".»

"പ്രാധാന്യം നീ കൊടുത്തുകൊള്ളുക." റെനിസെൻബ" പറഞ്ഞു. "പരവതാനിക്കു പല അർത്ഥങ്ങളുണ്ടു"; അടിയുടുപ്പു" എന്നുപോലും അർത്ഥമുണ്ടു".»

റെനിസെൻബ", നീയി പരവതാനിയുടെ അതിർത്തി.

—o—

വായനക്കാരുടെ കത്തുകൾ

(2-ൽനിന്നും തുടർച്ച)

ററമുണ്ടു". കാളിദാസൻേറതല്ലാത്ത മേഘസന്ദേശങ്ങളുമുണ്ടു" വിവർത്തനത്തിനു" ഏതു പാഠമാണു ഞാൻ സ്വീകരിച്ചതു" എന്നു കത്തുമത്തിൽ പറഞ്ഞ"ട്ടില്ല മുഖ്യ

അടുത്തലക്കത്തിൽ ചിലതു"

ലേഖനം
നാട്ടും കൂട്ടും
(ഓർമ്മയുടെ ഓളങ്ങളിൽ) —ജി
കണ്ണു" —കോന്ന"യൂർ ആർ. നരേന്ദ്രനാഥ"
വാണിക്കുറി—ഒരു അനുസ്മരണം
—മുപ്പത്തിരാമചന്ദ്ര", എഴുവന്തല
കവിത
കട്ടുപറവ —പി. കുഞ്ഞ"രാമൻനായർ
നെയ്യാർ അണക്കെട്ടിൽ —രമാകാന്തൻ
കഥ
അക്കാപ്പൽക്കോ
—കെ. വി. ചന്ദ്രശേഖരൻ
രാഗം, താളം —സുഗത
ഗുഹയിലൊളിക്കാൻ മറന്നവർ
—എസ്. മഹാദേവൻതമ്പി
«തണ്ടു"» —പി. സുബ്രഹ്മണ്യപിള്ള

കൂടാതെ മനോവലും മററു പംക്തികളും

റിഞ്ഞുകൂടാത്ത അദ്ദേഹത്തിൻെറ നിത്യപണംതന്നെ നിർമ്മൂലമാണു".

എൻെറ വിവർത്തനം അവികലമാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. പ്രഗത്ഭരായ മഹാകവികൾ ചെയ്തിട്ടുള്ള പരിഭാഷകളിൽപ്പോലും അനേകം ന്യൂനതകൾ കാണാം. എൻെറ വിവർത്തനത്തിൽ ഉള്ള വൈകല്യങ്ങൾ സദുദ്ദേശത്തോടെ ചൂണ്ടിക്കാണിച്ചാൽ അവ പരിഹരിക്കാം. അതല്ല പരിഹസിക്കാനാണെങ്കിൽ അതിൻെറ ഭാഷയും വശമില്ലാതെയില്ല.

— ശങ്കരവാരിയർ

മറുപടി

—എം. കൃഷ്ണൻനായർ

കാളിദാസൻെറ «മേഘസന്ദേശ»ത്തിനു" മലയാളഭാഷയിൽ പല തർജ്ജമകൾ ഉണ്ടായിട്ടുണ്ടു". ഇപ്പോൾ ശ്രീ. ശങ്കരവാരിയരുടെ ഭാഷാന്തരീകരണവും. തർജ്ജമയ്ക്കു" ആളുകൾ ഉദ്യുക്തരാവുന്നതു" വിവിധങ്ങളായ കാരണങ്ങളാലാവാം. അ

ന്നവരെ ആവിർഭവിച്ചിട്ടുള്ള ഭാഷാന്തരീകരണങ്ങളെക്കാൾ മനോഹരമായ ഭാഷാന്തരീകരണം ബഹുജനത്തിനു് നല്കാനുള്ള ആഗ്രഹം ആ ഹേതുക്കളിൽ ഒന്നത്രേ. ശ്രീ: ശങ്കരവാരിയർ തന്റെ തർജ്ജമ 'കങ്കമം'വാരികയിലൂടെ പരസ്യം ചെയ്തതു് ആ അഭിലാഷത്തിന്റെ പേരിലാണെന്നുള്ളതു് വളരെ വ്യക്തം. അതല്ലെങ്കിൽ അദ്ദേഹം തർജ്ജമ വാരികയ്ക്കു് നല്കുമായിരുന്നില്ല. നേരം പോക്കുന്നതിനുവേണ്ടിയോ മനസ്സിനു് ഉല്ലാസം കൊടുക്കുന്നതിനുവേണ്ടിയോ ആണു് അദ്ദേഹം തർജ്ജമ ചെയ്തതെന്നിരിക്കട്ടെ. ആ ഭാഷാന്തരീകരണം നിലവിലുള്ള "പരിഭാഷ" കളെക്കാൾ നല്ലതല്ലെന്നു വന്നാൽ തർജ്ജമക്കാരൻ അതു മേശയ്ക്കകത്തു വച്ചു പൂട്ടുകയേയുള്ളു. "വിവർത്തനം" പരസ്യപ്പെടുത്തിയ സ്ഥിതിക്കു ശങ്കരവാരിയർക്കു് അതിന്റെ രാമണീയകത്തിൽ ദൃഢവിശ്വാസമുണ്ടു്, അഭിമാനമുണ്ടു് എന്നതു സ്പഷ്ടമാകുന്നു. അദ്ദേഹത്തിന്റെ ഈ എഴുത്തിൽത്തന്നെ അങ്ങനെയുള്ള വിശ്വാസവും അഭിമാനവും സ്ഫുരിക്കുന്നതുമുണ്ടു്. പക്ഷേ, വായനക്കാരനായ എനിക്കു് അദ്ദേഹത്തിന്റെ തർജ്ജമ ഇഷ്ടപ്പെട്ടില്ല. രാജരാജവർമ്മയുടെയോ ജി ശങ്കരക്കുറുപ്പിന്റെയോ തർജ്ജമയെ അതിശയിക്കാൻ ശങ്കരവാര്യരുടെ തർജ്ജമയ്ക്കു കഴിഞ്ഞിട്ടില്ലെന്നു് എനിക്കു തോന്നി. ലയാനുവിദ്ധതകൊണ്ടും അഭിവീക്ഷണപാടവംകൊണ്ടും മനോഹരമായ കാളിദാസകവിതയെ അദ്ദേഹം എത്ര വിലക്ഷണമാക്കിയിരിക്കുന്നുവെന്നു കാണിക്കാൻ ഞാൻ രണ്ടു വരികൾ ഉദ്ധരിച്ചു. മൂലശ്ലോകാർദ്ധത്തിനും തർജ്ജമയ്ക്കും തമ്മിലുള്ള അർത്ഥവ്യത്യാസം കാണിക്കാനായിരുന്നില്ല എന്റെ ഉദ്ദേശ്യം.

ശങ്കരവാരിയരുടെ തർജ്ജമ വായിക്കുന്നതു് ഉമിക്കരി ചവയ്ക്കുന്നതിനു തുല്യമായ കൃത്യമാണു്. രണ്ടും വിരസം. അതു് എന്റെ അഭിപ്രായം. അതല്ല, "എന്റെ തർജ്ജമ ഉത്കൃഷ്ടമാണു്" എന്നു് അദ്ദേഹം പറയാനാണു് ഭാവമെങ്കിൽ ആയിക്കോളു. കലയുടെ ലക്ഷ്യം ആസ്വാദനമാണു്. ആസ്വാദനം യുക്തിവാദം കൊണ്ടുണ്ടാക്കാവുന്നതല്ല.

ഇനി ചില തെററുകൾ:—

"എന്റെ മേഘസന്ദേശത്തെ നിരൂപണം ചെയ്യുമ്പോൾ"

—വിമർശിക്കുമ്പോൾ എന്നാവണം. നിരൂപണം മോടിപിടിപ്പിച്ചു് പറയുക എന്നതാണു്.

"ആകെ സമഗ്രമായി"—രണ്ടു പദങ്ങൾക്കും അർത്ഥവ്യത്യാസം കല്പിക്കാമെങ്കിലും "ആകെ സമഗ്രമായി" എന്നു പ്രയോഗിക്കാതിരിക്കുകയാണു് ഭംഗി.

"മുമ്പം"—മുൻപും എന്നുവേണം.

"പ്രഗത്ഭരായ"—പ്രഗല്ഭരായ എന്നു വേണം.

"സദ്ദുദ്ദേശത്താടെ"—ഉദ്ദേശം എന്നാൽ സ്ഥലം എന്നു് അർത്ഥം "ഉദ്ദേശ്യം" എന്നു വേണം

—o—

നിരാശ പരിഹാരമാർഗ്ഗമല്ല!!

ഉദ്ദേശ്യലബ്ധിക്കായി S. S. L. C. (കേരള & മൈസൂർ), MATRIC, P. D. C., B A., M A. പരീക്ഷകൾ പാസ്സാവുക.

പരിചയസമ്പന്നരായ സ്ഥിരം അദ്ധ്യാപകർമാത്രം പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനം.

വിവരങ്ങൾക്കു് അന്വേഷിക്കുക.

പി. ററി. കോളേജ്,

മണക്കാട്, തിരുവനന്തപുരം-9.



No such bother...

When you come to Quilon
Come straight to
NEELA

(JUST BRING YOUR UNDERWEARS!)

CENTRALLY LOCATED ■ WELL VENTILATED ROOMS ■ AC / NON AC ■
UP TO-DATE APPOINTMENT ■ INDIAN, CONTINENTAL, CHINESE AND VEGETARIAN CUISINE ■ BAR TOO!

hotel
NEELA
QUILON

Phone 3516 (3 lines) Gram NEELOTEL